മാസിക
# സുന്നത്ത്

**2025 ആഗസ്റ്റ്**
**1446 സഫർ - റ.അവ്വൽ**
പുസ്തകം 48/ ലക്കം 06
വില 18 രൂപ



Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com






**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari


**മുഖക്കുറി**

## നബിജീവിതം അനുകരണീയ മാതൃക

തിരുനബി(സ)യിൽ നിങ്ങൾക്ക് ഉത്തമമാതൃകയുണ്ടെന്നാണ് വിശുദ്ധഖുർആൻ വിവരിക്കുന്നത്. കുടുംബജീവിതം, സാമൂഹ്യസേവനം, വിജ്ഞാന സമ്പാദനം, അധ്യാപനം തുടങ്ങി സകലമേഖലകളിലും സർവ്വകാലത്തും പ്രവാചകർ അനുകരണീയരാണ്.

തിരുജീവിതം ആഴത്തിൽ പഠിക്കാനും മഹദ്മാതൃകകൾ ജീവിതത്തിൽ പകർത്താനും തിരുപ്പിറവികൊണ്ടനുഗൃഹീതമായ റബീഉൽഅവ്വൽ ഉപയോഗപ്പെടുത്തണം. വിശേഷിച്ചും, കുട്ടികൾക്കും പുതുതലമുറയിലെ ചെറുപ്പക്കാർക്കും മുത്തുനബി(സ)യുടെ ജീവിതം അടുത്തറിയാനും അനുകരിക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണം. മനുഷ്യരിൽ ധാർമികചിന്തയും ആത്മവിശുദ്ധിയും സൽസ്വഭാവവും വളർത്താൻ മുത്തുനബി(സ)യുടെ ജീവിതചരിതങ്ങൾ സഹായകമാകും.

സർവലോക കാരുണ്യമായി നിയുക്തരായ തിരുദൂതരുടെ ജന്മദിനം ആഘോഷിക്കുന്നതും അവിടുത്തെ അപദാനങ്ങൾ വാഴ്ത്തുന്നതുമെല്ലാം മുൻഗാമികളുടെ മാതൃകയാണ്. വിശുദ്ധ ഖുർആനിന്റെയും ഹദീസിന്റെയും പ്രാമാണിക പിന്തുണയും ജന്മദിനാഘോഷത്തിനുണ്ടെന്നത് സുവിദിതമാണ്. സൽകർമ്മങ്ങൾ കൊണ്ട് തിരുനബി(സ)യെ സന്തോഷിപ്പിക്കാനാണ് റബീഉൽഅവ്വലിൽ വിശ്വാസികൾ ശ്രമിക്കേണ്ടത്.

ഇസ്‌ലാമിക നിയമങ്ങൾക്കു നിരക്കാത്ത ആഘോഷങ്ങളും ആസ്വാദനങ്ങളും ഗൗരവപൂർവ്വം എതിർക്കപ്പെടേണ്ടതു തന്നെയാണ്. പണ്ഡിതരും പ്രാദേശിക നേതൃത്വവും ഇത്തരം ആഭാസങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

*എഡിറ്റർ*

കവർസ്റ്റോറി

## ഡബിൾ ഇൻകം+ നോ ചൈൽഡ് = ഡിങ്ക് ലൈഫ്

ശഹബാസ് അഹ്മദ്

വരുംവരായ്കകൾ ആലോചിക്കാതെ ഏതു ട്രെൻഡുകളെയും പിന്തുടരുന്ന മലയാളികൾ അപകടകരമായ ഡിങ്ക് ലൈഫ് ജീവിതരീതിയെയും സ്വീകരിക്കാനൊരുങ്ങുകയാണ്. സന്താനരഹിത ദാമ്പത്യത്തിന്റെ പൊരുത്തക്കേടുകൾ വായിക്കാം.

06




കവർസ്റ്റോറി

## മുത്തുനബി(സ)യും കുരുന്നുകളും

സിയാദ് സഖാഫി പാറന്നൂർ

കുട്ടികളോട് എങ്ങനെ വർത്തിക്കണമെന്നതിന്റെ മനോഹര മാതൃകയാണ് തിരുദൂതരുടെ ജീവിതം. വാത്സല്യപൂർവ്വം കുട്ടികളോട് സംസാരിക്കുകയും അവരെ തലോടുകയും ചെയ്തു ലോകപ്രവാചകർ(സ).

10




കവർസ്റ്റോറി

## തിരുനബി(സ)യുടെ അധ്യാപന വിശേഷങ്ങൾ


ബുജൈർ ചെട്ടിപ്പടി

സമകാലിക വിദ്യാഭ്യാസ രംഗത്ത് പ്രവാചകരുടെ അധ്യാപന മാതൃകകൾക്ക് പ്രസക്തിയേറെയാണ്. ധാർമികതയുടെ അതിരുകൾക്കകത്തുള്ള വിജ്ഞാന സമുദ്രമായിരുന്നു തിരുനബി(സ)യുടെ പാഠശാല.

20




16




**സൂഫികളും മുതസ്വവ്വിഫുകളും**
അലി സഖാഫി പുൽപ്പറ്റ

**തിരുനബി(സ)യുടെ കുടുംബജീവിതം**
സൈനുദ്ദീൻ ശാമിൽ ഇർഫാനി

26



37



**നബിജീവിതത്തിലെ സാമൂഹ്യപാഠങ്ങൾ**
ഫവാസ് പട്ടുവം

05 തസ്കിയ
29 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ
ചരിത്രാഖ്യായിക 31
നോവൽ 34
ഹനഫീ ഫിഖ്ഹ് 40

15 **കരളിനെ മറക്കല്ലേ**
അബൂലിയാന

29 **കൊലയാളിക്ക് മാപ്പുനൽകൽ**
അബ്ദുൽ ജലീൽ സഖാഫി

31 **മോഹവും യാഥാർത്ഥ്യങ്ങളും**
മുഹമ്മദ് പാറന്നൂർ

42 **ഇമാം ഹദ്ദാദ്(റ); മനസ്സുകളെ മെരുക്കിയ മഹാമനീഷി**
ഖലീലുറഹ്മാൻ മൂന്നിയൂർ

45 **ബീവി സ്വഫിയ്യ(റ) സ്ഥൈര്യത്തിന്റെ മഹദ്മാതൃക**
അൽവാരിസ ഇർഫാന തസ്നി

# ഖൽബെന്ന രാജാവ്

തസ്കിയ

തിരുനബി(സ) പറഞ്ഞു: 'മനുഷ്യ ഹൃദയം ഒരു രാജാവിനെപ്പോലെയാണ്. ഹൃദയമാകുന്ന ആ രാജാവിന് കുറെ സൈന്യങ്ങളുണ്ട്. രാജാവ് നല്ലവനെങ്കിൽ സൈന്യങ്ങളും നന്നാവും. രാജാവ് ദുഷ്ടനെങ്കിൽ സൈന്യങ്ങളും ദുഷിക്കും. രണ്ടു ചെവികൾ കുപ്പിത്തട്ടുകളാണ്. കണ്ണുകൾ കാവൽസൈന്യങ്ങളാണ്. നാവ് ആശയങ്ങൾ വെളിപ്പെടുത്തുന്ന പരിഭാഷകനാണ്. കൈകൾ ചിറകുകളും കാലുകൾ വാർത്തകളന്വേഷിക്കുന്ന ദൂതന്മാരുമാണ്.' (ബൈഹഖി)

നമ്മുടെ ശരീരത്തിൽ ഖൽബ് എന്നൊരു പ്രതിഭാസമുണ്ട്; ഇന്നുവരെ പൂർണ്ണമായി നിർവചിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അത്ഭുതമാണത്. ശരീരത്തിലെ ഹൃദയമാണ് ഖൽബിന്റെ ആസ്ഥാനമെന്ന അടിസ്ഥാനത്തിൽ ഖൽബിനു നാം ഹൃദയം എന്നു പറയാറുണ്ട്. എന്നാൽ, ഖൽബ് തലച്ചോറിലാണെന്നും ശരീരം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒരു ശേഷിയാണെന്നുമൊക്കെ അഭിപ്രായമുണ്ട്. ഏതായാലും ഖൽബ് എന്ന ഒന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

തിരുനബി(സ) ഖൽബിനെ ഇവിടെ ഒരു രാജാവിനോടാണ് ഉപമിച്ചിരിക്കുന്നത്; ശരീരത്തെ ഭരിക്കുന്ന രാജാവാണ് ഖൽബ്. അല്പമൊന്ന് ആലോചിച്ചാൽ ഇക്കാര്യം മനസ്സിലാക്കാൻ കഴിയും. നന്മയായാലും തിന്മയായാലും അതുസംബന്ധമായ വിചാരമുണരുന്നത് മനസ്സിലാണ്. അതനുസരിച്ചു പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതും മനസ്സുതന്നെ. രാജ്യം ഭരിക്കുന്ന രാജാവിനെപ്പോലെ അത് സൈന്യങ്ങളാകുന്ന അവയവങ്ങളെ നിയന്ത്രിക്കുന്നു. നോക്കാൻ കണ്ണുകളെയും കേൾക്കാൻ ചെവികളെയും പിടിക്കാൻ കൈകളെയും നടക്കാൻ കാലുകളെയും പ്രേരിപ്പിക്കുന്നു. അതനുസരിച്ച് അവയവങ്ങൾ പ്രവർത്തിക്കുന്നു.

കല്ലുകളെക്കാൾ കാഠിന്യമേറിയ ഹൃദയങ്ങളെക്കുറിച്ച് വിശുദ്ധഖുർആൻ വിവരിക്കുന്നുണ്ടല്ലോ. നന്മകളോ ശുഭചിന്തകളോ അകത്തുകടക്കാത്ത വിധം മരവിച്ചുപോകുന്ന ഹൃദയങ്ങളാണത്. നിർമ്മലമായ മനസ്സ് വലിയ അനുഗ്രഹമാണെന്ന് നാം തിരിച്ചറിയണം.

ഖൽബ് ഒരാളെ നല്ല കാര്യങ്ങൾക്കാണോ പ്രേരിപ്പിക്കുന്നത്, എങ്കിൽ ആ മനുഷ്യനിൽനിന്നു നല്ല കാര്യങ്ങളുണ്ടാവുന്നു. ചീത്ത കാര്യങ്ങൾക്കാണ് പ്രേരണയെങ്കിൽ ദുഷിച്ച പ്രവർത്തനങ്ങളുണ്ടാകുന്നു. ഖൽബിന്നക്കാര്യത്തിൽ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ് സ്രഷ്ടാവ്; നന്മ തിന്മകളെക്കുറിച്ചും അവയിലൂടെ ലഭിക്കുന്ന ലാഭനഷ്ടങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് ഈ സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഓരോ മനുഷ്യനിൽനിന്നും പ്രത്യക്ഷമാകുന്ന നന്മതിന്മകൾക്കെല്ലാം ഉത്തരവാദി അയാളുടെ ഖൽബും അതനുസരിച്ച് പ്രവർത്തിക്കുന്ന ശരീരവും തന്നെയാണ്.

തിരുനബി(സ) ഒരിക്കൽ പറഞ്ഞല്ലോ, 'മനുഷ്യശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിച്ചു. അറിയുക, അതത്രെ ഹൃദയം!' ഖൽബിനെ ഇലാഹീ വിശ്വാസത്തിലും നന്മയിലും ഉറപ്പിച്ചു നിർത്താൻ സ്രഷ്ടാവിനോട് തേടുന്ന പല പ്രാർത്ഥനകളും തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്.

ആകയാൽ, ഖൽബൊരു രാജാവ് തന്നെയാണ്; ശരീരമാകുന്ന രാജ്യത്തിലെ രാജാവ്. ആ രാജാവ് നന്നായാൽ മനുഷ്യൻ നന്നാവും. അല്ലെങ്കിൽ ദുഷിക്കും. രാജ്യത്ത് കലാപങ്ങളുണ്ടാകും. അത് ഭയാനകമായ നാശത്തിലേക്ക് നയിക്കും. അതുകൊണ്ട് ഖൽബ് നന്നാവാൻ നാം എപ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. പ്രാർത്ഥിച്ചാൽ മാത്രം പോരാ, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുകയും വേണം.


കവർസ്റ്റോറി

ശഹബാസ് അഹ്മദ്

# ഡബിൾ ഇൻകം+ നോ ചൈൽഡ് = ഡിങ്ക് ലൈഫ്

ബാംഗ്ലൂരിലെ പ്രധാനപ്പെട്ട രണ്ട് ഐടി കമ്പനികളിലാണ് നജയും സിറാജും (പേര് യഥാർഥമല്ല) ജോലി ചെയ്യുന്നത്. ഇരുവരും ഭേദപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവർ. വിവാഹാനന്തരം ബാംഗ്ലൂരിലേക്ക് തന്നെ തിരിച്ചുപോയി. ദാമ്പത്യത്തിലെ ഓരോ നിമിഷവും ആഘോഷമാക്കുക എന്ന ലക്ഷ്യത്തിൽ തങ്ങളുടെ ജീവിതത്തിൽ കുട്ടികൾ വേണ്ട എന്നായിരുന്നു തീരുമാനം. രണ്ടു പേർക്കും വലിയ ശമ്പളമുണ്ട്. ഇഷ്ടമുള്ള ഭക്ഷണം, ഒരുമിച്ചു യാത്രകൾ, വാരാന്ത്യങ്ങളിൽ വിവിധ വിനോദങ്ങൾ, പരസ്പരം സഹകരണം, ലൈംഗികജീവിതവും സംതൃപ്തം. പുറമെനിന്നു നോക്കുമ്പോൾ അസൂയാവഹമായ ദാമ്പത്യജീവിതം. പക്ഷേ, നാല് വർഷമായപ്പോഴേക്ക് ഒരുതരം വിരസത ഇരുവർക്കും അനുഭവപ്പെട്ടുതുടങ്ങി. യാത്രകളോടും ഹോട്ടലിൽ നിന്നുള്ള ഭക്ഷണങ്ങളോടും ഒരുതരം മടുപ്പ്. വാരാന്ത്യങ്ങളിലെ ആഘോഷങ്ങൾക്ക് പഴയപോലെയുള്ള പൊലിവില്ല. എല്ലാ ദിവസവും ജീവിതത്തിന് ഒരേ താളം. രാവിലെ എഴുന്നേൽക്കുന്നു, ഓഫിസിൽ പോകുന്നു, വൈകി തിരിച്ചുവരുന്നു... ഒരുതരം യാന്ത്രിക ജീവിതം. അങ്ങനെ മുന്നോട്ടുപോകവെയാണ് തങ്ങൾക്കൊരു കുഞ്ഞുണ്ടായാൽ തരക്കേടില്ലെന്ന ആലോചന തുടങ്ങിയത്. മാതാവാകാൻ നജയും പിതാവാകാൻ സിറാജും മാനസികമായി ഒരുങ്ങി. എന്നാൽ ഗർഭധാരണത്തിനുള്ള ശ്രമങ്ങൾ തുടർച്ചയായി പരാജയപ്പെട്ടു. ഫലം കാണാതെ വന്നതോടെയാണ് ഇരുവരും നാട്ടിലുള്ള ഫെർട്ടിലിറ്റി ക്ലിനിക്കിലെത്തിയത്. വിദഗ്ധ ചികിത്സയ്ക്കു ശേഷമാണ് അവരുടെ സ്വപ്നം പൂവണിഞ്ഞത്.

മലപ്പുറം സ്വദേശികളായ ദമ്പതികൾ. ഭാര്യ ഡോക്ടറും ഭർത്താവ് ഹോട്ടൽ നടത്തിപ്പുകാരനും. പെൺകുട്ടിയുടെ എംബിബിഎസ് പഠനത്തിനിടയ്ക്ക് രണ്ടാം വർഷമായിരുന്നു വി



കുട്ടികൾ, കുടുംബം, സമൂഹം തുടങ്ങിയ ഉത്തരവാദിത്തങ്ങളൊന്നുമേൽക്കാതെ ജീവിതം ആഘോഷമാക്കുക എന്ന പഴയ സിദ്ധാന്തമാണ് വേഷപ്പകർച്ചയോടെ പുതിയ സമൂഹത്തിൽ ഡിങ്ക് ലൈഫ് എന്ന പേരിൽ പ്രചരിക്കുന്നത്. പുതിയതാണെന്ന് തോന്നുന്ന എന്തിനെയും വരുംവരായ്കകൾ ആലോചിക്കാതെ കണ്ണുംപൂട്ടി സ്വീകരിക്കുന്ന മലയാളികളിന്ന് ഡിങ്ക് ലൈഫിനെയും സ്വീകരിക്കാൻ വ്യഗ്രത കാണിക്കുന്നു.



വാഹം. കോഴ്സും ഇന്റേൺഷിപ്പും കഴിഞ്ഞതിന് ശേഷം മതി കുട്ടികളെന്ന തീരുമാനവുമായി ഇരുവരും മുന്നോട്ടുപോയി. പഠനത്തിനു ശേഷം ഗർഭധാരണമുണ്ടായില്ല. ഫെർട്ടിലിറ്റി ക്ലിനിക്കിൽ വിദഗ്ധ ചികിത്സ തുടരുകയാണ്. വിജയിക്കുമെന്നാണ് ഡോക്ടർമാരുടെയും ദമ്പതികളുടെയും പ്രതീക്ഷ.

ഈ രണ്ടു സംഭവങ്ങളും ചില ഉദാഹരണങ്ങൾ മാത്രമാണ്. ജീവിതം ആഘോഷിക്കുക എന്ന ലക്ഷ്യത്തിൽ വിവാഹമേ വേണ്ടെന്ന് തീരുമാനിക്കുന്നവരും, വിവാഹമാകാം, കുട്ടികൾ വേണ്ടെന്ന് തീരുമാനിക്കുന്നവരും പഠനം, ജോലി എന്നിവയുടെ പേരിൽ ഗർഭധാരണം വൈകിപ്പിക്കുന്നവരും പുതിയ തലമുറയിൽ കൂടിവരികയാണ്. ഭാര്യയും ഭർത്താവും ജോലി ചെയ്ത് ഇരട്ടവരുമാനം നേടി കുട്ടികൾ വേണ്ടെന്ന് വയ്ക്കുന്ന പ്രവണത (ഡിങ്ക് - ഡബിൾ ഇൻകം - നോ ചൈൽഡ്) പതിയെ വേരൂന്നിവരികയും ചെയ്യുന്നു. എന്നാൽ ഒരാവേശത്തിന്റെ പുറത്ത് എടുക്കുന്ന ഇത്തരം തീരുമാനം അബദ്ധമായിയിരുന്നുവെന്ന് തിരിച്ചറിഞ്ഞ് സ്വാഭാവിക രീതിയിലേക്ക് തിരിച്ചുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നാണ് വർധിച്ചുവരുന്ന ഫെർട്ടിലിറ്റി ക്ലിനിക്കുകൾ സൂചിപ്പിക്കുന്നത്.

## പഴയ വീഞ്ഞ്, പുതിയ കുപ്പി

കുട്ടികൾ, കുടുംബം, സമൂഹം തുടങ്ങിയ ഉത്തരവാദിത്തങ്ങളൊന്നുമേൽക്കാതെ ജീവിതം ആഘോഷമാക്കുക എന്ന പഴയ സിദ്ധാന്തമാണ് വേഷപ്പകർച്ചയോടെ പുതിയ സമൂഹത്തിൽ ഡിങ്ക് ലൈഫ് എന്ന പേരിൽ പ്രചരിക്കുന്നത്. പുതിയതാണെന്ന് തോന്നുന്ന എന്തിനെയും വരുംവരായ്കകൾ ആലോചിക്കാതെ കണ്ണുംപൂട്ടി സ്വീകരിക്കുന്ന മലയാളികളിന്ന് ഡിങ്ക് ലൈഫിനെയും സ്വീകരിക്കാൻ വ്യഗ്രത കാണിക്കുന്നു. ഗർഭധാരണം, കുട്ടി, കുടുംബം എന്നിവ തന്റെ ലിബറൽപുരോഗമന ചിന്താഗതിക്ക് കോട്ടം തട്ടിക്കുമെന്നു പലരും

ചിന്തിക്കുന്നു.

എന്നാൽ, വിവാഹം, കുഞ്ഞുങ്ങൾ എന്നിവ വേണ്ടായെന്ന് തീരുമാനിക്കുന്നവർ പിന്നീട് സങ്കടപ്പെടേണ്ടി വരുന്ന കാഴ്ചകൾ ഇന്ന് ധാരാളമാണ്. ഒരോരുത്തരും എടുക്കുന്ന തീരുമാനങ്ങൾ വ്യക്തിപരമാണെങ്കിലും അവ ഭാവിയിൽ തന്നെയും കുടുംബത്തെയും സമൂഹത്തെയും എങ്ങനെയാണ് ബാധിക്കുക എന്നുകൂടി ആലോചിക്കുന്നതാണ് ബുദ്ധി.

## കുട്ടികൾ ബാധ്യതയല്ല, അനുഗ്രഹമാണ്


കുട്ടികൾ വലിയൊരു ബാധ്യതയാണെന്നും, ആഘോഷപൂർണമായ കുടുംബജീവിതത്തിനു തടസ്സമാണെന്നുമുള്ള ധാരണ ശരിയല്ല. ദമ്പതികളുടെ ജീവിതത്തിലേക്ക് കുഞ്ഞിന്റെ വരവ് എന്തുകൊണ്ടും ഗുണകരമാണെന്ന് ഒട്ടേറെ മനഃശാസ്ത്ര പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. യഥാർഥത്തിൽ, സന്താനപരിപാലനം മാതാപ്പിതാക്കളെ ഉത്തരവാദിത്തബോധമുള്ളവരും പക്വതയാർന്നവരുമാക്കാനുള്ള ഒരു പ്രക്രിയയാണ്. കുട്ടിയുടെ ആരോഗ്യം, സുഖം, ഭാവി എന്നിവയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നതിലൂടെ ഉത്തരവാദിത്ത ബോധം വളരുന്നു. തങ്ങളുടെ താത്പര്യങ്ങളെക്കാൾ കുട്ടികളുടെ താത്പര്യങ്ങൾക്കു മുൻഗണന നൽകി തീരുമാനങ്ങളെടുക്കുന്നതിലൂടെ ജീവിതത്തിൽ നിസ്വാർഥതയും സഹകരണമനോഭാവവും ശീലിക്കുന്നു. കുഞ്ഞിനോടൊത്തുള്ള കളികളും പരിപാലനവും ദമ്പതികളിൽ ക്ഷമയും സഹിഷ്ണുതയും വർധിപ്പിക്കുന്നു. ഈ സത്യം മനസ്സിലാക്കാൻ അക്കാദമിക മികവിന്റെയൊന്നും ആവശ്യമില്ല.

ഇതിനുപുറമെ, കുട്ടികളുള്ള മാതാപിതാക്കൾ ദീർഘകാല പ്ലാനിംഗ്, സാമ്പത്തിക അച്ചടക്കം, ടൈം മാനേജ്മെന്റ് എന്നിവ ശീലിക്കുന്നുവെന്ന് ഹാർവാർഡ് യൂണിവേഴ്സിറ്റിയുടെ പഠനം വ്യക്തമാക്കുന്നുണ്ട്. കുട്ടിയുടെ വളർച്ചയിലൂടെ ലഭിക്കുന്ന പ്രായോഗിക അറിവുകളിലൂടെ വികാരങ്ങളും പ്രതിസന്ധികളും ഫലപ്രദമായി നേരിടാൻ മാതാപിതാക്കൾക്ക് ശേഷി നൽകുന്നുവെന്ന് അമേരിക്കൻ സൈക്കോളജിക്കൽ അസ്സോസിയേഷന്റെ (എപിഎ) റിപ്പോർട്ട് പറയുന്നു. പരസ്പര സഹകരണത്തോടെ കുട്ടികളെ വളർത്തുന്ന ദമ്പതികൾക്കിടയിൽ ആശയവിനിമയം, ഐക്യം എന്നിവ കൂടുമെന്ന കാലിഫോർണിയ യൂണിവേഴ്സിറ്റിയുടെ പഠനവും ആരോഗ്യരംഗം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ മേഖലകളിൽ സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളുള്ള മാതാപിതാക്കൾ കൂടുതൽ ജാഗ്രതയുള്ളവരാകുമെന്ന് യുനിസെഫ് റിപ്പോർട്ടും വ്യക്തമാക്കുന്നു.

## പ്രത്യാഘാതം ഗുരുതരം

രക്ഷിതാക്കളുടെയോ കുട്ടികളുടെയോ കുടുംബത്തിന്റെയോ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാതെ സ്വന്തം കരിയറും സ്വപ്നങ്ങളുമായി കഴിയാനാണ് ഡിങ്ക് ലൈഫ് പ്രചാരണം. പുതിയ റിപ്പോർട്ടുകൾ അനുസരിച്ച് സ്വീഡൻ, ജർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലാണ് ഈ ചിന്താഗതിക്കാർ കൂടുതലുള്ളത്.

**പുതിയ റിപ്പോർട്ടുകൾ അനുസരിച്ച് സ്വീഡൻ, ജർമനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലാണ് ഈ ചിന്താഗതിക്കാർ കൂടുതലുള്ളത്. ഇന്ത്യയിൽ ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങളിൽ ഐടിയടക്കം പ്രഫഷണൽ മേഖലകളിൽ ജോലിയെടുക്കുന്നവർക്കിടയിലാണ് ഡിങ്ക് പ്രവണത കൂടുതൽ.**



വാർധക്യ സമയത്തെ ഏകാന്തത, ഒരു ഘട്ടത്തിൽ ചെറിയ കാര്യങ്ങൾക്ക് പോലും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥ, കേവലം ആഘോഷത്തിനപ്പുറം ജീവിതത്തിൽ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്ത വിരസത തുടങ്ങി വ്യക്തിജീവിതം സങ്കീർണമാകും. വലിയ ഫ്രെയ്മിൽ നിരീക്ഷിക്കുമ്പോൾ സാമൂഹികമായ നിലനിൽപ്പിനെ പോലും ബാധിക്കുന്നതാണ് ഈ തീരുമാനം. ഒരു കാലത്ത് പുരോഗമനത്തിന്റെയും വികസനത്തിന്റെയും ചിഹ്നമായി ലോകം ആഘോഷിച്ച ചൈനയുടെ ഒറ്റക്കുട്ടിനയം തിരിച്ചടിച്ചതുപോലെ. കുട്ടികളുടെയും യുവാക്കളുടെയും എണ്ണത്തേക്കാൾ രാജ്യത്ത് പ്രായമായവരുടെ എണ്ണം കൂടുകയും മനുഷ്യമൂലധനത്തിന്റെ തോത് കുറയുകയും ചെയ്യുന്നത് രാജ്യത്തിന്റെയും ലോകത്തിന്റെയും വികാസത്തെ ദോഷകരമായി ബാധിക്കുന്നതാണ്. കൂടുതൽ പ്രസവിക്കുന്നവർക്ക് ശിക്ഷാനടപടി പ്രഖ്യാപിച്ചിരുന്ന ചൈന കൂടുതൽ പ്രസവിക്കുന്നവർക്ക് ആനുകൂല്യങ്ങൾ വാരി വിതറുകയാണ്.

**കുട്ടികളുടെയും യുവാക്കളുടെയും എണ്ണത്തേക്കാൾ രാജ്യത്ത് പ്രായമായവരുടെ എണ്ണം കൂടുകയും മനുഷ്യമൂലധനത്തിന്റെ തോത് കുറയുകയും ചെയ്യുന്നത് രാജ്യത്തിന്റെ വികാസത്തെ ദോഷകരമായി ബാധിക്കുന്നതാണ്. കൂടുതൽ പ്രസവിക്കുന്നവർക്ക് ശിക്ഷാനടപടി പ്രഖ്യാപിച്ചിരുന്ന ചൈന കൂടുതൽ പ്രസവിക്കുന്നവർക്ക് ആനുകൂല്യങ്ങൾ വാരി വിതറുകയാണ്.**



## വൈകിപ്പിക്കൽ അബദ്ധം

കാരണങ്ങൾ എന്തായാലും ഗർഭധാരണം വൈകിപ്പിക്കുന്നത് വലിയ അബദ്ധമാണെന്നാണ് വിദഗ്ധർ പറയുന്നത്. ''ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ഗർഭധാരണത്തിന് ഏറ്റവും അനുയോജ്യമായ പ്രായം ഇരുപതിനും മുപ്പതിനും ഇടയിലാണ്. ആദ്യപ്രസവം 25 വയസ്സിനു മുമ്പാകാൻ ശ്രമിക്കണം. ഫാസ്റ്റ്ഫുഡ് സംസ്കാരം, വ്യായാമത്തിന്റെ അഭാവം, ജോലി സമ്മർദ്ദം, വൈകിയുറക്കം തുടങ്ങി ജീവിതരീതിയിൽ വന്ന മാറ്റങ്ങൾ യുവതലമുറയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അണ്ഡത്തിന്റെയും ബീജത്തിന്റെയും ക്വാളിറ്റിയിലും എണ്ണത്തിലും വരുന്ന കുറവ്, ചെറുപ്രായത്തിലേ പിസിഒഡി (പോളിസിസ്റ്റിക് ഓവേറിയൻ ഡിസീസ്) പോലെയുള്ള രോഗാവസ്ഥ എന്നിവ ഇന്ന് സർവസാധാരണമാണ്. ചെറുപ്രായത്തിലേ ഫെർട്ടിലിറ്റി സംബന്ധമായ ചികിത്സ തേടി അനേകം പേർ എത്തുന്നുണ്ട്.

യുവത്വത്തിന്റെ തിളപ്പിൽ വിവാഹം തന്നെ വേണ്ടെന്ന് തീരുമാനിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ജീവിതത്തിന്റെ ഒരു ഘട്ടം പിന്നിടുമ്പോൾ പങ്കാളിയുണ്ടായാൽ നന്നാകുമെന്ന ആലോചനയുടെ ഭാഗമായി വിവാഹത്തിലേക്കെത്തുന്നു. പക്ഷേ, വിവാഹം വൈകിപ്പിച്ചത് മക്കളെന്ന സ്വപ്നത്തിലേക്ക് നടന്നടുക്കാൻ പലർക്കും പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. വിവാഹസംബന്ധമായി കാലങ്ങളായി നാം തുടർന്നുപോരുന്ന രീതിതന്നെയാണ് അനുയോജ്യം. സാധിക്കുമെങ്കിൽ യുവാക്കൾ 30 വയസ്സിന് മുൻപും യുവതികൾ 25 വയസ്സിന് മുൻപും വിവാഹിതരാകണം. കുട്ടികളില്ലാതെ ഭാര്യയുടെയും ഭർത്താവിന്റെയും ഇരട്ടവരുമാനം കൊണ്ട് അടിച്ചുപൊളിക്കാമെന്ന ധാരണയെല്ലാം കുറച്ചുവർഷം കഴിയുമ്പോഴേക്ക് തകരും. യാഥാർത്ഥ്യം തിരിച്ചറിയുമ്പോഴേക്ക് പലതും നഷ്ടപ്പെട്ടിട്ടുണ്ടാകും. ഇക്കാര്യം നേരത്തെ തിരിച്ചറിയാൻ ശ്രമിക്കുക. കൺമണി ഫെർട്ടിലിറ്റി ക്ലിനിക്കിലെ കൺസൾട്ടന്റ് ഫിസിഷ്യൻ ഡോ. മുഹമ്മദ് ജാഫർ സ്വാദിഖ് പറഞ്ഞു.

നബിപഠനം

സിയാദ് സഖാഫി പാറന്നൂർ

# മുത്തുനബിയും കുരുന്നുകളും



സ്നേഹവും കാരുണ്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് മുഹമ്മദ്നബി(സ)യുടെ സ്നേഹ സമീപനങ്ങളും കാരുണ്യം നിറഞ്ഞ ജീവിതവിശേഷങ്ങളും കൂടുതൽ വായനയർഹിക്കുന്നു. പ്രത്യേകിച്ച് കുരുന്നുകളോട് അവിടുന്ന് കാണിച്ച വാത്സല്യപൂർണ്ണമായ ജീവിതമാതൃകകളും നിർദ്ദേശങ്ങളും.

കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഒരു പിതാവ് എങ്ങനെയാണ് പെരുമാറേണ്ടതെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്. മുതിർന്നവർ കുട്ടികളോട് കാണിക്കേണ്ട കാരുണ്യവും പെരുമാറ്റരീതിയുമെല്ലാം ജീവിതത്തിലൂടെ തിരുനബി(സ) അവതരിപ്പിച്ചു കാണിച്ചു തന്നു. ഒരു നേതാവ് തന്റെ അനുയായികളെ സമുദ്ധരിക്കേണ്ട രൂപം വ്യക്തമാക്കി.

മാതാപിതാക്കളുടെയും അധ്യാപകരുടെയും മുതിർന്നവരുടെയും സ്നേഹവും വാത്സല്യവും നിരന്തരമായ പ്രോത്സാഹനവും അവയിൽ നിന്നെല്ലാം രൂപപ്പെടുന്ന സുരക്ഷിതത്വബോധവും കുട്ടിയുടെ സ്വഭാവരൂപീകരണത്തിന് അത്യാവശ്യമാണ്. ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്ന വിധത്തിൽ ബാല്യകാലത്തുണ്ടാകുന്ന കൈപ്പേറിയ ജീവിതാനുഭവങ്ങൾ പിൽക്കാലത്ത് പലരിലും പലവിധത്തിലുള്ള മാനസിക പ്രശ്നങ്ങളും സ്വഭാവവൈകല്യങ്ങളും സൃഷ്ടിക്കാറുണ്ട്. കുട്ടികളുടെ മനഃശാസ്ത്രം മനസ്സിലാക്കിയായിരുന്നു അവിടുത്തെ മുഴുവൻ സമീപനങ്ങളും.

നബി(സ) എല്ലാ ജനങ്ങളോടും സ്നേഹത്തിലും വാത്സല്യത്തിലുമാണ് പെരുമാറിയിരുന്നത്. ഇസ്‌ലാമിക

പ്രബോധനം ചുരുങ്ങിയ കാലം കൊണ്ട് പൂർത്തീകരിക്കാനും എല്ലാം സമർപ്പിക്കാൻ തയ്യാറായ വലിയൊരു അനുചരവൃന്ദത്തെ വാർത്തെടുക്കാനും സാധിച്ചത് അവിടുത്തെ സ്നേഹാർദ്രമായ പെരുമാറ്റത്തിലൂടെയാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു വ്യക്തമാക്കുന്നു: 'പ്രവാചകരേ, അല്ലാഹുവിൽ നിന്നുള്ള കാരുണ്യം കൊണ്ട് മാത്രമാണ് താങ്കൾ അവരോട് സൗമ്യതയിൽ വർത്തിച്ചത്. താങ്കൾ കഠിനഹൃദയനായ പരുഷസ്വഭാവിയായിരുന്നുവെങ്കിൽ താങ്കളുടെ സമീപത്തുനിന്ന് അവർ അകന്നുപോകുമായിരുന്നു. അവരോട് താങ്കൾ വിട്ടുവീഴ്ച്ച ചെയ്യുകയും അവരുടെ പാപമുക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുക. കാര്യങ്ങൾ അവരുമായി കൂടിയാലോചന നടത്തുക. അങ്ങനെ ഒരു കാര്യത്തിന് ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞാൽ എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കുക. നിശ്ചയം, ഭരമേൽപ്പിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.' (ആലുഇംറാൻ: 159)

തിരുനബി(സ)യുടെ സ്വഭാവമേന്മയും കരുണാർദ്രമായ സമീപനവും വരച്ചുകാണിക്കുന്ന വചനമാണിത്. പ്രവാചകസന്ദേശങ്ങൾ ജനങ്ങളിൽ അതിവേഗം സ്വാധീനം ചെലുത്താനുള്ള കാരണം ആ വിശിഷ്ട സ്വഭാവമായിരുന്നുവെന്ന് അല്ലാഹു വ്യക്തമാക്കുകയാണിവിടെ. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരെയും അവിടുന്ന് പരിഗണിക്കുകയും ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്തു. ഇതിൽ എടുത്തു പറയേണ്ടതാണ് കുട്ടികളോടുള്ള തിരുദൂതരുടെ സമീപനം.

## മക്കളോടുള്ള സമീപനം

വലിയ ജീവിതത്തിരക്കുകൾക്കിടയിലും ഭാര്യമാർക്ക് ഉത്തമഭർത്താവാകാനും മക്കൾക്ക് ഏറ്റവും നല്ല പിതാവാകാനും തിരുനബി(സ)ക്ക് സാധിച്ചു. അനസുബ്നു മാലിക്(റ) പറയുന്നു: 'തിരുനബി(സ)യോളം കുടുംബത്തോട് കാരുണ്യം കാണിക്കുന്ന മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല.' (മുസ്‌ലിം) അവിടുന്ന് കുട്ടികളോടൊപ്പം കളിക്കുകയും തമാശയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പൗത്രന്മാരായ ഹസൻ(റ)വിനെയും ഹുസൈൻ(റ)വിനെയും ചുമലിലേറ്റി പള്ളിയിൽ കൊണ്ടുപോകാറുണ്ടായിരുന്നു.

അബ്ദുല്ലാഹിബ്നു ശദ്ദാദ്(റ) നിവേദനം: 'ഒരിക്കൽ ളുഹ്ർ, അല്ലെങ്കിൽ അസ്ർ നിസ്കാരത്തിനു വേണ്ടി നബി(സ) വന്നു. ഹസൻ(റ)വിനെയും ഹുസൈൻ(റ)വിനെയും ചുമന്നുകൊണ്ടാണ് വന്നത്. കുട്ടികളെ അരികിൽ വെച്ച് തിരുനബി(സ) നിസ്കാരം ആരംഭിച്ചു. സുജൂദിന് ദൈർഘ്യമേറിയപ്പോൾ ഞാൻ തലയുയർത്തി നോക്കി. അപ്പോൾ കുട്ടികൾ അവിടുത്തെ പുറത്ത് കയറിയിരിക്കുന്നുണ്ടായിരുന്നു. നിസ്കാരം കഴിഞ്ഞപ്പോൾ ജനങ്ങൾ ചോദിച്ചു: 'യാ റസൂലല്ലാഹ്, അങ്ങയുടെ സുജൂദ് നീണ്ടപ്പോൾ പുതിയ വല്ലതുമുണ്ടായോ, വഹ്‌യ് ഇറങ്ങിയോ എന്ന് ഞങ്ങൾ കരുതി.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'അത് രണ്ടുമല്ല. മക്കൾ എന്റെ പുറത്ത് കയറിയപ്പോൾ ഞാൻ ധൃതി കാണിക്കാതെ അവരിറങ്ങുന്നതുവരെ കാത്തുനിന്നതാണ്.' (ഹാകിം)

അംറുബ്നു ശുഹൈബ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'ചെറിയവരോട് കരുണ കാണിക്കാത്തവരും വലിയവരുടെ മഹത്വം തിരിച്ചറിയാത്തവരും നമ്മിൽ പെട്ടവനല്ല.' (അബൂദാവൂദ്, തുർമുദി)

## കുട്ടികളെ ചുംബിക്കൽ

ചുംബനം സ്നേഹത്തിന്റെ മനോഹരമായ പ്രകാശനങ്ങളിലൊന്നാണ്. മനുഷ്യബന്ധങ്ങളിൽ ഇത് നിർണായക പങ്കുവഹിക്കുന്നു. 'സ്നേഹത്തിന്റെയും കരുതലിന്റെയും സൂചകങ്ങളായി ചുണ്ടുകൾ കൊണ്ടുള്ള ഓമനിക്കൽ' എന്നാണ് ചുംബനത്തിനെ ഭാഷാപണ്ഡിതർ വ്യാഖ്യാനിച്ചത്. പ്രവാചകർ കുട്ടികൾക്ക് സ്നേഹചുംബനം നൽകിയതിന്റെ ധാരാളം ഉദാഹരണങ്ങൾ വായിക്കാം. അനസ്(റ)നിവേദനം: 'നബി(സ) ഇബ്റാഹീം എന്ന കുട്ടിയെ മടിയിലിരുത്തി ചുംബിച്ചു.' (ബുഖാരി, മുസ്‌ലിം) അബൂഹുറയ്റ(റ) നിവേദനം: ഒരു ദിവസം പകൽ നബി(സ) വീട്ടിൽനിന്ന് പുറപ്പെട്ടു. ഞാനും കൂടെയുണ്ടായിരുന്നു. നബി(സ) ഫാത്വിമ(റ)യുടെ മുറ്റത്തുചെന്ന് 'കുഞ്ഞുമോൻ ഇവിടെയില്ലേ' എന്ന് വിളിച്ചു ചോദിച്ചു. അല്പസമയത്തിനകം കുഞ്ഞ് ഓടിവന്ന് അവിടുത്തെ ചാരത്ത് നിന്നു. പ്രവാചകർ ആ കുട്ടിയെ കെട്ടിപ്പിടിച്ച് ചുംബിച്ചുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു: 'അല്ലാഹുവേ, നീ ഈ കുട്ടിയെ സ്നേഹിക്കേണമേ. ഈ കുട്ടിയെ സ്നേഹിക്കുന്നവരെയും നീ സ്നേഹിക്കേണമേ...' (ബുഖാരി, മുസ്‌ലിം)

കുട്ടികൾക്ക് വേണ്ടി അവിടുന്ന് നിരന്തരം ദുആ ചെയ്യാറുണ്ടായിരുന്നു. അബൂഹുറയ്റ(റ)

അനസുബ്നു മാലിക്(റ) പറയുന്നു: 'തിരുനബി(സ)യോളം കുടുംബത്തോട് കാരുണ്യം കാണിക്കുന്ന മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല.' (മുസ്‌ലിം) അവിടുന്ന് കുട്ടികളോടൊപ്പം കളിക്കുകയും തമാശയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പൗത്രന്മാരായ ഹസൻ(റ)വിനെയും ഹുസൈൻ(റ)വിനെയും ചുമലിലേറ്റി പള്ളിയിൽ കൊണ്ടുപോകാറുണ്ടായിരുന്നു.

ഉമറുബ്നുഅബൂസലമ(റ) പറഞ്ഞു: 'ന ബി(സ)യുടെ സംരക്ഷണത്തിൽ വളർന്ന ഒരു ബാലനാണ് ഞാൻ. ഭക്ഷണം കഴി ക്കുമ്പോൾ എന്റെ കൈ പാത്രത്തിൽ അങ്ങുമിങ്ങും പരതാറുണ്ടായിരുന്നു. ഇതു ശ്രദ്ധയിൽ പെട്ടപ്പോൾ നബി(സ) പറഞ്ഞു: 'മോനേ, ഭക്ഷണവേളയിൽ നീ ബിസ്മി ചൊല്ലുക. പാത്രത്തിൽ അടുത്തുള്ളത് വലതു കൈകൊണ്ട് ഭക്ഷിക്കുക.' അദ്ദേഹം തുടരുന്നു: 'അതിനുശേഷം എന്റെ ആഹാ രരീതി ഇങ്ങനെയായിരുന്നു.' (ബുഖാരി, മുസ്‌ലിം)

നിവേദനം: നബി(സ) ഹസനു ബ്നു അലി(റ)വിനെ ചുംബിച്ചു. അപ്പോൾ അഖ്റഉബ്നുഹാബി സ്(റ) അരികിലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'നിശ്ചയം, എനിക്ക് പത്തു മക്കളുണ്ട്. അവ രിലൊരാളെയും ഞാൻ ഇതുവരെ ചുംബിച്ചിട്ടില്ല.' അപ്പോൾ പ്രവാച കർ(സ) അദ്ദേഹത്തോട് പറഞ്ഞു: 'മറ്റുള്ളവരോട് കരുണ കാണി ക്കാത്തവർക്ക് അല്ലാഹുവിൽ നിന്നു കാരുണ്യം ലഭിക്കുകയില്ല.' (ബുഖാരി, മുസ്‌ലിം)

## കുട്ടികളെ ഉപദേശിക്കൽ

കുട്ടികളുടെ വളർച്ചയ്ക്കാ വശ്യമായ അന്നപാനീയങ്ങളും വസ്ത്രങ്ങളും നൽകി നേർവ ഴിയിൽ വളർത്തൽ മാതാപി താക്കളുടെ ബാധ്യതയാണ്. സ്നേഹത്തിൽ ചാലിച്ച ഉപദേ ശങ്ങളിലൂടെയും മാതൃകായോ ഗ്യമായ ജീവിതത്തിലൂടെയും മനഃശാസ്ത്രപരമായ സമീപ നങ്ങളിലൂടെയും മാത്രമേ ഇത് പൂർണ്ണാർത്ഥത്തിൽ സാക്ഷാത് കരിക്കാൻ കഴിയൂ. സ്നേഹവും വാത്സല്യവും നൽകി അവരുടെ അഭിരുചികളും കഴിവുകളും പ്രോത്സാഹിപ്പിക്കണം. ശിക്ഷകൾ നൽകി ഭയപ്പെടുത്തുന്നതിനു പകരം നന്മയോടുള്ള താല്പര്യം മനസ്സിൽ വളർത്തിക്കൊണ്ടുവ രലാണ് ശരിയായ ശിക്ഷണം. അനിവാര്യമായ ഘട്ടത്തിൽ മാ ത്രമേ വടിയെടുക്കാവൂ; അതും പത്തു വയസ്സിനുശേഷം മാത്രം. അതാണ് പ്രവാചകാധ്യാപനം. ശിക്ഷ ഭയന്ന് നല്ലത് പ്രവർത്തി ക്കുന്ന മക്കൾ ശിക്ഷിക്കുന്നയാ ളുടെ അഭാവത്തിൽ തിന്മകൾ പ്രവർത്തിക്കും. ശിക്ഷിക്കുന്നവ രോട് പ്രതികരിക്കാൻ കഴിയുന്ന പ്രായമെത്തുമ്പോൾ നന്മ പ്രവർ ത്തിക്കുകയില്ല, എന്നുമാത്രമല്ല, പ്രതികാര ചിന്ത ഉടലെടുക്കുക യും ചെയ്യും.

സന്താനശിക്ഷണത്തിലെ മികച്ച മാതൃകയാണ് പ്രവാചക രിൽ കാണാൻ കഴിയുന്നത്.

ഉമറുബ്നുഅബൂസലമ(റ) പറഞ്ഞു: 'നബി(സ)യുടെ സംര ക്ഷണത്തിൽ വളർന്ന ഒരു ബാല നാണ് ഞാൻ. ഭക്ഷണം കഴിക്കു മ്പോൾ എന്റെ കൈ പാത്രത്തിൽ അങ്ങുമിങ്ങും പരതാറുണ്ടായിരു ന്നു. ഇതു ശ്രദ്ധയിൽ പെട്ടപ്പോൾ നബി(സ) പറഞ്ഞു: 'മോനേ, ഭക്ഷണവേളയിൽ നീ ബിസ്മി ചൊല്ലുക. പാത്രത്തിൽ അടു ത്തുള്ളത് വലതു കൈകൊണ്ട് ഭക്ഷിക്കുക.' അദ്ദേഹം തുടരുന്നു: 'അതിനുശേഷം എന്റെ ആഹാ രരീതി ഇങ്ങനെയായിരുന്നു.' (ബുഖാരി, മുസ്‌ലിം)

ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: 'ഒരിക്കൽ ഞാൻ നബി(സ)യുടെ കൂടെ വാഹനത്തിൽ പിറകിലിരു ന്ന് യാത്ര ചെയ്യുകയായിരുന്നു. അവിടുന്ന് എന്നോട് പറഞ്ഞു: 'മോനേ, നിനക്കു ഞാൻ ചില വചനങ്ങൾ പഠിപ്പിച്ചുതരാം: അല്ലാഹുവിനെ സൂക്ഷിക്കുക. എങ്കിൽ, അല്ലാഹുവിന്റെ സം രക്ഷണം നിനക്ക് ലഭിക്കും. അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്കവനെ കൺമുന്നിൽ കാ ണാനാവും. വല്ലതും ചോദിക്കു കയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. സഹായം തേടുക യാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. ഒരു സമുദാ യം മുഴുവനും നിനക്ക് ഉപകാരം ചെയ്യാനുദ്ദേശിച്ചാലും അല്ലാഹു കണക്കാക്കിയതല്ലാതെ നിനക്ക് ഉപകരിക്കുകയില്ല. നിന്നെ ഉപ ദ്രവിക്കാൻ അവർ ഒരുമിച്ചുകൂടി യാലും അല്ലാഹു കണക്കാക്കി യതല്ലാതെ നിനക്കെത്തുകയില്ല.' (തുർമുദി) എത്ര അർത്ഥവത്തായ ഉപദേശങ്ങൾ!

അബൂഹുറയ്റ(റ) നിവേദനം. ഒരിക്കൽ ഹസൻ, ഹുസൈൻ(റ) എന്നീ കുട്ടികൾ സകാത്തിന്റെ ഈത്തപ്പഴമെടുത്ത് കളിക്കാൻ തുടങ്ങി. ഇടയ്ക്ക് അവരിലൊ രാൾ ഒരു ഈത്തപ്പഴമെടുത്ത് വായിലിട്ടു. ഉടൻ നബി(സ) മോ ന്റെ വായിൽ നിന്നത് എടുത്തുക ളഞ്ഞു. എന്നിട്ട് സ്നേഹപൂർവ്വം ചോദിച്ചു: 'നിശ്ചയം, മുഹമ്മ ദ്നബിയുടെ കുടുംബം സകാ ത്തിന്റെ ധനം തിന്നുകയില്ലെന്ന് നിനക്കറിയില്ലേ..?' (ബുഖാരി, മുസ്‌ലിം)

## മക്കൾ അമാനത്താണ്

അല്ലാഹു മനുഷ്യന് നൽകുന്ന മഹത്തായ അനുഗ്ര ഹമാണ് സന്താനങ്ങൾ. അവരെ പരിപാലിക്കുകയും പരിചരി ക്കുകയും ചെയ്യേണ്ടത് മാതാ പിതാക്കൾക്ക് നിർബന്ധമാണ്. അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുന്ന വലിയൊരു പുണ്യകർ മ്മം കൂടിയാണത്.



പെൺകുഞ്ഞ് ജനിച്ചാൽ ജീവനോടെ കുഴിച്ചുമൂടുന്ന കാലഘട്ടത്തിൽ പ്രവാചകർ ഇക്കാര്യത്തിൽ നൽകിയ അധ്യാപനങ്ങളും ജീവിതമാതൃകകളും ശ്രദ്ധേയമാണ്. പ്രവാചകരുടെ ഏഴ് മക്കളിൽ മൂന്ന് ആൺമക്കൾ ചെറുപ്പത്തിലേ വഫാത്തായി. അവിടുന്ന് പെൺമക്കളെ പോറ്റിവളർത്തി വിവാഹം കഴിപ്പിച്ചുകൊടുത്തത് ആ കാലഘട്ടത്തിൽ വലിയൊരു മാതൃകയാണ്. പെൺകുഞ്ഞ് നരകത്തിൽ നിന്ന് മാതാപിതാക്കൾക്ക് കാവലാണെന്ന് അവിടുന്ന് പഠിപ്പിച്ചു.

ആൺ, പെൺ വിവേചനം കാണിക്കാതെ അവർക്കിടയിൽ നീതിപുലർത്തണം. പെൺകുഞ്ഞ് ജനിച്ചാൽ ജീവനോടെ കുഴിച്ചുമൂടുന്ന കാലഘട്ടത്തിൽ പ്രവാചകർ ഇക്കാര്യത്തിൽ നൽകിയ അധ്യാപനങ്ങളും ജീവിതമാതൃകകളും ശ്രദ്ധേയമാണ്. പ്രവാചകരുടെ ഏഴ് മക്കളിൽ മൂന്ന് ആൺമക്കൾ ചെറുപ്പത്തിലേ വഫാത്തായി. അവിടുന്ന് പെൺമക്കളെ പോറ്റിവളർത്തി വിവാഹം കഴിപ്പിച്ചുകൊടുത്തത് ആ കാലഘട്ടത്തിൽ വലിയൊരു മാതൃകയാണ്. പെൺകുഞ്ഞ് നരകത്തിൽ നിന്ന് മാതാപിതാക്കൾക്ക് കാവലാണെന്ന് അവിടുന്ന് പഠിപ്പിച്ചു.

ആഇശ(റ) പറഞ്ഞു: 'ഒരു സാധു സ്ത്രീ തന്റെ പെൺകുഞ്ഞുങ്ങളെയുമായി ഭിക്ഷ യാചിച്ച് എന്നെ സമീപിച്ചു. എന്റെ പക്കൽ ഒരു കാരക്ക മാത്രമാണുണ്ടായിരുന്നത്. അത് ഞാൻ അവർക്ക് കൊടുത്തു. അത് രണ്ടു ചീന്തുകളാക്കി അവർ മക്കൾക്ക് വീതിച്ചുകൊടുത്തു. ആ സ്ത്രീ അതിൽ നിന്ന് ഒട്ടും ഭക്ഷിച്ചില്ല. ഈ സംഭവം ഞാൻ നബി(സ)യോട് പറഞ്ഞപ്പോൾ അവിടുന്ന് പ്രതിവചിച്ചു: 'പെൺമക്കളെക്കൊണ്ട് പരീക്ഷിക്കപ്പെടുന്നവർക്ക് നരകത്തിൽ നിന്ന് അവർ സുരക്ഷാകവചമാകും.' (ബുഖാരി)

അനസ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'രണ്ടു പെൺമക്കളെ പോറ്റിവളർത്തി പ്രായപൂർത്തിയെത്തിയ ശേഷം വിവാഹം ചെയ്തയക്കുന്നവർ അന്ത്യനാളിൽ എന്നോടൊപ്പം ഇപ്രകാരമാണ്.' പ്രവാചകർ കൈവിരലുകൾ ചേർത്തുവച്ചു കാണിച്ചുകൊണ്ടാണിങ്ങനെ പറഞ്ഞത്. (മുസ്‌ലിം 2631)

പെൺമക്കളെ പോറ്റിവളർത്തുന്നതുപോലെത്തന്നെയാണ് സഹോദരിമാരെ പോറ്റി വളർത്തുന്നതും. അനസ്(റ) ഉദ്ധരിച്ച ഒരു ഹദീസിൽ 'രണ്ടോ മൂന്നോ പെൺമക്കളെയോ സഹോദരിമാരെയോ പോറ്റിവളർത്തിയാൽ' എന്നുണ്ട്. അബൂസഈദ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'ആർക്കെങ്കിലും മൂന്ന് പെൺമക്കളോ മൂന്ന് സഹോദരിമാരോ ഉണ്ടാവുകയും അവരോട് നല്ല രീതിയിൽ സഹവസിക്കുകയും അവരുടെ വിഷയത്തിൽ അല്ലാഹുവിനെ പേടിക്കുകയും ചെയ്താൽ അവർക്ക് സ്വർഗ്ഗമുണ്ട്.' (തുർമുദി) ഹദീസിൽ 'പെൺമക്കൾ കാരണം പരീക്ഷിക്കപ്പെട്ടാൽ' എന്ന പരാമർശത്തെ വിശദീകരിച്ച് ഇമാം നവവി(റ) എഴുതുന്നു: പെൺമക്കളെ പോറ്റുന്നതിന് പരീക്ഷ

കുഞ്ഞുങ്ങളോട് അവരിലൊരാളായി എളിമയോടെയായിരുന്നു നബി(സ) പെരുമാറിയിരുന്നത്. ഈ പെരുമാറ്റം കുട്ടികളെ നന്നായി സ്വാധീനിച്ചിരുന്നു. മുതിർന്നവരെപ്പോലെ അവരെ നോക്കിക്കാണുമ്പോൾ അവരുടെ ഭാഗത്തുള്ള ശരികൾ പലതും മനസ്സിലാക്കാൻ കഴിയില്ല. കുട്ടിത്തത്തിലേക്കിറങ്ങി പെരുമാറുമ്പോഴാണ് അവരിലൊരാളായി മാറാനും അവരെ അടുത്തറിയാനും കഴിയുന്നത്. അവർക്ക് തിരിച്ചിങ്ങോട്ടും തുറന്ന മനസ്സോടെ ഇടപഴകാൻ ഈ പെരുമാറ്റം കൂടിയേ തീരൂ.

ണമെന്നു പറഞ്ഞത്. സാധാരണ ഗതിയിൽ ആളുകൾ പെൺമക്കളുണ്ടായാൽ അതൃപ്തി പ്രകടിപ്പിക്കുന്നതുകൊണ്ടാണ്. അല്ലാഹു പറയുന്നു: 'പെൺമക്കൾ പിറന്നുവെന്ന് സുവിശേഷമറിയിക്കപ്പെട്ടാൽ ക്രോധത്താൽ അവരുടെ മുഖം കറുത്തിരുണ്ടുപോകുന്നു.' (സൂറത്തുന്നഹ്ൽ 58)

## കുട്ടികളോടുള്ള പെരുമാറ്റം

കുഞ്ഞുങ്ങളോട് അവരിലൊരാളായി എളിമയോടെയായിരുന്നു അവിടുന്ന് പെരുമാറിയിരുന്നത്. ഈ പെരുമാറ്റം കുട്ടികളെ നന്നായി സ്വാധീനിച്ചിരുന്നു. മുതിർന്നവരെപ്പോലെ അവരെ നോക്കിക്കാണുമ്പോൾ അവരുടെ ഭാഗത്തുള്ള ശരികൾ പലതും മനസ്സിലാക്കാൻ കഴിയില്ല. കുട്ടിത്തത്തിലേക്കിറങ്ങി പെരുമാറുമ്പോഴാണ് അവരിലൊരാളായി മാറാനും അവരെ അടുത്തറിയാനും കഴിയുന്നത്. അവർക്ക് തിരിച്ചിങ്ങോട്ടും തുറന്ന മനസ്സോടെ ഇടപഴകാൻ ഈ പെരുമാറ്റം കൂടിയേ തീരൂ. തിരുനബി(സ)യുടെ ജീവിതത്തിൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

മുഹമ്മദുബ്നു റബീഹ്(റ) നിവേദനം: 'എനിക്ക് അഞ്ച് വയസ്സുള്ളപ്പോൾ നബി(സ) ഒരു ബക്കറ്റിൽ നിന്ന് എന്റെ മുഖത്തേക്ക് വെള്ളം തെറിപ്പിച്ചു. ഞാനിപ്പോഴുമത് സന്തോഷത്തോടെ ഓർക്കുന്നുണ്ട്.' (ബുഖാരി: 3550) അബൂഹുറയ്റ(റ) നിവേദനം: നബി(സ) നാവ് നീട്ടുകയും ഹുസൈൻ(റ) ആ നാവിന്റെ ചുവപ്പ് കാണുകയും അതിന്മേൽ തട്ടുകയും ചെയ്യാറുണ്ടായിരുന്നു. ഇതുകണ്ട് ഉയയ്ന(റ) പറഞ്ഞു: 'അല്ലാഹുവാണെ, എനിക്കും ഒരു മകനുണ്ട്. ഞാനിന്നുവരെ അവനെ ചുംബിച്ചിട്ടില്ല.' അപ്പോൾ നബി(സ) പറഞ്ഞു: 'കരുണ കാണിക്കാത്തവർക്ക് കരുണ ലഭിക്കുകയില്ല.' (ഇബ്നു ഹിബ്ബാൻ 5596)

അനസ്(റ) പറയുന്നു: നബി(സ) ഉമ്മുസലമ(റ)യുടെ മകൾ സൈനബിനെ കളിപ്പിക്കാറുണ്ടായിരുന്നു. 'യാ സുവൈനബ്... യാ സുവൈനബ്...' (കുഞ്ഞുസൈനബേ, കുഞ്ഞുസൈനബേ) എന്ന് വിളിക്കാറുണ്ടായിരുന്നു.

അനസ്(റ)വിന്റെ സഹോദരനായ അബൂഉമൈറിന് നുഗൈർ എന്നു പേരുള്ള ഒരു കുഞ്ഞിക്കിളിയുണ്ടായിരുന്നു. അബൂഉമൈറിനെ കാണുമ്പോഴെല്ലാം നബി(സ) നുഗൈറിന്റെ വിശേഷമന്വേഷിക്കും. ഒരു ദിവസം അബൂഉമൈർ സങ്കടപ്പെട്ടിരിക്കുന്നത് കണ്ട് പ്രവാചകർ ചോദിച്ചു: 'അബൂഉമൈർ. നുഗൈറിനെന്തു പറ്റി?' അബൂഉമൈർ സങ്കടത്തോടെ പറഞ്ഞു: 'നുഗൈർ മരിച്ചുപോയി നബിയേ.' അപ്പോൾ അബൂഉമൈറിന്റെ ദുഃഖത്തിൽ പങ്കുചേർന്ന് തിരുനബി(സ) ആശ്വസിപ്പിച്ചു.

## മടിയിലിരുത്തി താലോലം

കുഞ്ഞുങ്ങളെ മടിയിലിരുത്തി നബി(സ) താലോലിക്കാറുണ്ടായിരുന്നു. ഉസാമത്തുബ്നു സൈദ്(റ) പറയുന്നു: 'നബി(സ) എന്നെയെടുത്ത് അവിടുത്തെ തുടയിലിരുത്തി. മറ്റേ തുടയിൽ ഹസനെയും ഇരുത്തി. ഞങ്ങൾ രണ്ടുപേരെയും ചേർത്തുപിടിച്ച് അവിടുന്ന് ഇങ്ങനെ ദുആ ചെയ്തു: 'അല്ലാഹുവേ, ഇവരോട് നീ കരുണ കാണിക്കണമേ. തീർച്ചയായും ഞാൻ ഇവരോട് കരുണ കാണിക്കുന്നു.' (ബുഖാരി)

ഇങ്ങനെ മടിയിലിരുത്തിയപ്പോൾ ഒരിക്കൽ ഒരു കുട്ടി മടിത്തട്ടിൽ മൂത്രമൊഴിച്ചതായും ഹദീസുകളിലുണ്ട്. ആഇശ(റ) നിവേദനം. ഒരിക്കൽ നബി(സ)യുടെ അടുക്കൽ മധുരം നൽകാൻ ഒരു കുട്ടിയെ കൊണ്ടുവന്നു. പ്രവാചകർ ആ കുട്ടിയെ മടിയിലിരുത്തിയപ്പോൾ കുഞ്ഞ് മൂത്രമൊഴിച്ചു. അപ്പോൾ നബി(സ) വെള്ളം കൊണ്ടുവരാനാവശ്യപ്പെട്ടു. (മുസ്നദ് അഹ്മദ്) ആഇശ(റ) പറയുന്നു: നബി(സ)യുടെ അടുത്ത് പലരും കുട്ടികളെ കൊണ്ടുവരാറുണ്ടായിരുന്നു. അപ്പോൾ നബി(സ) അവർക്ക് മധുരം കൊടുക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. (ബുഖാരി) പ്രസ്തുത ഹദീസ് വിവരിച്ച് ഇബ്നു ഹജർ(റ) എഴുതുന്നു: ഈ ഹദീസ് നബി(സ)ക്ക് കുട്ടികളോടുള്ള വാത്സല്യം വ്യക്തമാക്കുന്നതാണ്. (ഫത്ഹുൽബാരി 10/434)

## സ്നേഹസ്പർശം

ജാബിറുബ്നു സമുറ(റ) നിവേദനം: നബി(സ)യോടൊപ്പം ഞാൻ ളുഹ്ർ നിസ്കരിച്ചു. ശേഷം അവിടുന്ന് കുടുംബത്തിലേക്ക് പുറപ്പെട്ടു. ഞാനും കൂടെ പോയി. വഴിയിൽ കുറെ കുട്ടികളെ കണ്ടുമുട്ടിയപ്പോൾ അവരിൽ ഓരോരുത്തരുടെയും കവിളിൽ അവിടുന്നു തലോടി. കൂട്ടത്തിൽ

എന്റെ കവിളിലും തടവി. അവിടുത്തെ കൈകളുടെ തണുപ്പും സുഗന്ധവും എനിക്കനുഭവപ്പെട്ടു. അത് അത്തർകച്ച വടക്കാരന്റെ ഡപ്പിയിൽനിന്ന് പുറത്തെടുത്തതു പോലെയായിരുന്നു. (മുസ്ലിം) കുട്ടികളുടെ തലയിൽ അവിടുന്ന് വാത്സല്യത്തോടെ തലോടാറുണ്ടായിരുന്നു. അനസ്(റ) നിവേദനം: നബി(സ) അൻസ്വാരികളായ സ്വഹാബികളെ സന്ദർശിച്ചിരുന്നു. അപ്പോൾ അവരുടെ കുട്ടികളോട് സലാം പറയുകയും അവരുടെ തലയിൽ തടവുകയും ചെയ്യാറുണ്ടായിരുന്നു. (ഇബ്നുഹിബ്ബാൻ, നസാഈ) അബ്ദുല്ലാഹിബ്നുജാഫർ(റ)വിന്റെ തലയിൽ നബി(സ) തടവിയ സംഭവം ഇമാം ഹാകിം ഉദ്ധരിച്ച ഹദീസിൽ വായിക്കാം.

## കുട്ടികളെ പരിഗണിച്ചു

മുതിർന്നവർക്ക് നൽകുന്ന അതേ പരിഗണന കുട്ടികൾക്കും തിരുനബി(സ) നൽകിയിരുന്നു. കുട്ടിയല്ലേ എന്ന നിലക്ക് അവഗണിച്ചിരുന്നില്ല. വിശിഷ്ടവിഭവങ്ങൾ സദസ്സിലുള്ളവർക്ക് വിതരണം ചെയ്യുമ്പോൾ വലതുഭാഗത്തുള്ളവർക്കായിരുന്നു അവിടുന്ന് മുൻഗണന നൽകിയിരുന്നത്. വലതുഭാഗത്ത് കുട്ടിയായാലും ഈ പതിവ് നബി(സ) തെറ്റിച്ചിരുന്നില്ല.

സഹ്ലുബ്നു സഅ്ദ്(റ) നിവേദനം: ഒരിക്കൽ നബി(സ)ക്ക് കുടിക്കാൻ ഒരു വിശിഷ്ടപാനീയം ലഭിച്ചു. അവിടുത്തെ വലതുഭാഗത്ത് ഒരു കുട്ടിയും ഇടതുഭാഗത്ത് മുതിർന്ന സ്വഹാബികളുമാണ് ഉണ്ടായിരുന്നത്. അപ്പോൾ വലതുഭാഗത്തുള്ള കുട്ടിയോട് നബി(സ) ചോദിച്ചു: 'ഈ പാനീയം ഞാൻ ആദ്യം ഇടതുഭാഗത്തുള്ള പ്രായമുള്ളവർക്ക് കൊടുത്തോട്ടേ?' അപ്പോൾ ആ കുട്ടി പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയിൽ നിന്നെനിക്ക് ലഭിക്കാനുള്ള വിഹിതം മറ്റാർക്കും ഞാൻ കൊടുക്കില്ല.' അപ്പോൾ നബി(സ) ആ പാനീയം കുട്ടിക്ക് കൊടുത്തു.' (ബുഖാരി)

കുട്ടികളോട് അങ്ങോട്ട് സലാം പറയൽ നബി(സ)യുടെ പതിവായിരുന്നുവെന്നും ഹദീസിലുണ്ട്. അനസ്(റ) പറയുന്നു: 'കളിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കുട്ടികളുടെ അടുത്തേക്ക് നബി(സ) വന്നു. അവരോട് സലാം പറഞ്ഞു.' (അബൂദാവൂദ് 5202)

പ്ലസ്പോയിന്റ്

# കരളിനെ മറക്കല്ലേ

മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയാണ് കരൾ. രണ്ടാമത്തെ വലിയ അവയവം. ശരീരത്തിന്റെ അവശ്യപ്രവർത്തനങ്ങളിൽ കരൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ഉപാപചയം, ദഹനം, വിഷവസ്തുക്കളെ ശുദ്ധീകരിക്കൽ, രോഗപ്രതിരോധ നിയന്ത്രണം, പോഷക സംഭരണം എന്നിവയെല്ലാം കരളിന്റെ ജോലികളാണ്. കാര്യമായ കേടുപാടുകൾ സംഭവിച്ചാൽ സ്വയം മുക്തി നേടാനുള്ള കഴിവും കരളിനുണ്ട്. കൊഴുപ്പിനെ ദഹിപ്പിക്കാനാവശ്യമായ പിത്തരസം ഉൽപാദിപ്പിക്കുന്നതും പോഷക ഘടകങ്ങൾ വിഘടിക്കുമ്പോഴുണ്ടാകുന്ന, ശരീരത്തിന് ഹാനികരമായ അമോണിയയെ യൂറിയയാക്കി മാറ്റുന്നതും കരളാണ്. കരളിനെ ബാധിക്കുന്ന തകരാറുകൾ മനുഷ്യശരീരത്തിൽ മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകും.

### ദഹനവ്യവസ്ഥയിലെ പ്രധാനി

കഴിക്കുന്ന ഭക്ഷണത്തെ ദഹിപ്പിക്കുന്നതിൽ പ്രധാനി കരളാണ്. പിത്തരസം ഉൽപാദിപ്പിക്കുന്നത് കരളാണ്. കൊഴുപ്പിനെ ദഹിപ്പിക്കാൻ ഈ പിത്തരസം അത്യാവശ്യമാണ്. പിത്തരസം ചെറുകുടലിലെത്തി കൊഴുപ്പിനെ ചെറുകണികകളാക്കി മാറ്റും. ഇത് ദഹനരസങ്ങൾ എളുപ്പത്തിൽ ആഗിരണം ചെയ്യാൻ സഹായിക്കും. ദഹനവ്യവസ്ഥയെ ശുദ്ധീകരിക്കുന്നതും രക്തത്തിലുള്ള വിഷവസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതു കരളാണ്. കരൾ ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ ദഹനപ്രക്രിയ തകരാറിലാകും. മലബന്ധം, വയറുവേദന, വയറിളക്കം തുടങ്ങിയവക്ക് കാരണമാവും.

### മദ്യപാനം പ്രധാന ശത്രു

കരളിനെ നശിപ്പിക്കുന്നതിൽ പ്രധാനിയാണ് മദ്യപാനം. മദ്യപാനം ആദ്യം ബാധിക്കുക കരളിനെയാണ്. ഇതുവഴി കരളിന് കേടുപാടുകൾ സംഭവിക്കുകയും ചുരുങ്ങുകയും കരളിന്റെ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്ന ലിവർ സിറോസിസിന് കാരണമാവുകയും ചെയ്യും. രോഗം ഗുരുതരമായി ബാധിച്ചാൽ കരൾ മാറ്റിവെക്കേണ്ട അവസ്ഥ വരെ വന്നേക്കാം. കൂടാതെ അമിതമായ മരുന്നുകളുടെ ഉപയോഗവും കരളിനെ പ്രതികൂലമായി ബാധിച്ചേക്കാം.

### ഭക്ഷണത്തിലും ശ്രദ്ധവേണം

കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത് കരളിനെ തകരാറിലാക്കാം. ജങ്ക്ഫുഡുകളും വൃത്തിഹീനമായി ഉണ്ടാക്കുന്ന ജ്യൂസുകളും മറ്റുമെല്ലാം കരളിനെ സാരമായി ബാധിക്കും. ഫാസ്റ്റ്ഫുഡുകൾ പൊണ്ണത്തടിക്കു കാരണമാകും. ഇത് ഫാറ്റിലിവർ എന്ന കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയുണ്ടാകും. അതിനാൽ പുറമെനിന്നുള്ള ഫാസ്റ്റ്ഫുഡുകൾ ഒഴിവാക്കുന്നത് കരളിന് നല്ലതാണ്. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ശ്രദ്ധിക്കണം. ഇത് കരളിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്ന മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങളെ അകറ്റിനിർത്താൻ സഹായിക്കും. ദൈനംദിന ഭക്ഷണക്രമത്തിൽ പഴങ്ങളും നാരുകൾ അടങ്ങിയ ഭക്ഷണങ്ങളും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. കൃത്യമായ വ്യായാമവും നല്ലതാണ്.

ആത്മയാനം – 9

അലി സഖാഫി പുൽപ്പറ്റ

# സൂഫികളും മുതസ്വവ്വിഫുകളും

ആത്മീയവഴിയിൽ പാദമൂന്നിയവരെ മുതശബ്ബിഹ് (സൂഫിയെ അനുകരിക്കുന്നവൻ), മുതസ്വവ്വിഫ് (സൂഫിസം സ്വീകരിച്ചവൻ), സൂഫി എന്നിങ്ങനെ മൂന്നായി വിഭജിക്കാം. മൂന്നു വിഭാഗവും സ്വർഗീയവഴിയിൽ സഞ്ചരിക്കുന്നവരാണ്.

ഒരു സ്വഹാബി തിരുനബി(സ)യോട് 'അന്ത്യദിനം എപ്പോഴാണ് സംഭവിക്കുക' എന്നന്വേഷിച്ചു. അവിടുന്ന് ഒന്നും പ്രതികരിക്കാതെ നിസ്കാരത്തിൽ പ്രവേശിച്ചു. നിസ്കാരം കഴിഞ്ഞയുടനെ ചോദിച്ചു: ''അന്ത്യനാളിനെ സംബന്ധിച്ചു ചോദിച്ച വ്യക്തിയെവിടെ?''

അയാൾ: ''തിരുദൂതരേ, അതു ഞാനാണ്.''

അവിടുന്ന് ചോദിച്ചു: ''താങ്കൾ അതിനു വേണ്ടി എന്താണ് ഒരുക്കി വെച്ചിട്ടുള്ളത്?''

അദ്ദേഹം: ''ഞാൻ നിസ്കാരമോ നോമ്പോ മറ്റു സൽകർമ്മങ്ങളോ കൂടുതലായി ചെയ്തിട്ടില്ല. എങ്കിലും ഞാൻ അല്ലാഹുവിനെയും അവന്റെ ദൂതരെയും സ്നേഹിക്കുന്നു.''

അവിടുന്ന്: ''ഏതൊരു വ്യക്തിയും താൻ സ്നേഹിച്ചയാളുടെ കൂടെയായിരിക്കും.'' (ബുഖാരി, മുസ്‌ലിം)

തിരുദൂതരുടെ പ്രഖ്യാപനം കേട്ട് എല്ലാവർക്കും സന്തോഷമായി. ഇസ്‌ലാം സ്വീകരിച്ച ശേഷം മുസ്‌ലിംകൾ ഇത്രമേൽ സന്തോഷിച്ച ഒരു സന്ദർഭവും താൻ കണ്ടിട്ടില്ലെന്ന് അനസ്(റ) പറയുന്നു.

ചിലർ സൂഫികളെ അതിരറ്റു സ്നേഹിച്ച് വേഷത്തിലും ശൈലിയിലും അവരെ അനുകരിക്കും. എന്നാൽ ജീവിത ചിട്ടകളിലും ആരാധനാകർമ്മങ്ങളിലും വീഴ്ച വരുത്തും. സൂഫിവര്യന്മാരുടെ കൂടെയായിരിക്കും ഇവരുടെയും സ്ഥാനം. സൂഫികളോടുള്ള കലർപ്പറ്റ സ്നേഹമാണ് അതിനു നിമിത്തം.

അബൂദർറിൽഗിഫാരി(റ) ഒരിക്കൽ ചോദിച്ചു: ''തിരുദൂതരേ, സച്ചരിതരെ മനമറിഞ്ഞു സ്നേഹിക്കുന്ന ഒരാളുണ്ട്. എന്നാൽ അവരെപ്പോലെ കർമ്മങ്ങൾ അനുഷ്ഠിക്കാൻ അവനു കഴിയില്ല. അവന്റെ അവസ്ഥയെന്താണ്?''

അവിടുന്ന്: ''അബൂദർറേ, താങ്കൾ ആരെയാണോ പ്രണയിക്കുന്നത് അവരുടെ കൂടെയായിരിക്കും താങ്കളുടെ സ്ഥാനം.''

അദ്ദേഹം: ''തീർച്ചയായും ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും പ്രിയം വെക്കുന്നു.''

അവിടുന്ന്: ''നിശ്ചയം, താങ്കൾ ആരെയാണോ സ്നേഹിക്കുന്നത് അവരുടെ കൂടെയാണ്.''

സംശയം തീർക്കാൻ അബൂദർറ്(റ) വീണ്ടും ചോദിച്ചു. തിരുനബി(സ) ഇതേ മറുപടി ആവർത്തിച്ചു.

ആത്മാക്കൾ തമ്മിലുള്ള ആകർഷണം മൂലമാണ് പരസ്പരം സ്നേഹമുണ്ടാകുന്നത്. പുണ്യാത്മാക്കൾ അറിയുകയും ആഗ്രഹിക്കുകയും നിർവഹിക്കുകയും ചെയ്യുന്ന കാര്യങ്ങളോട് പ്രത്യേക താൽപര്യവും അടുപ്പവും ഉള്ളതിനാലാണ് അനുകർത്താക്കൾ (മുതശബ്ബിഹ്) അവരെ സ്നേഹിക്കുകയും അനുകരിക്കുകയും ചെയ്യുന്നത്. മനസ്സിനകത്ത് പാപക്കറകളുണ്ട് എന്നതു മാത്രമാണ് അവർ തമ്മിലുള്ള അന്തരം. സൂഫികളുടെ അന്തരംഗം സർവ്വ അന്ധകാരങ്ങളും നീങ്ങി പ്രകാശിച്ചുകൊണ്ടിരിക്കുമല്ലോ.

ഏതാണ്ട് സൂഫികളുടെ അവസ്ഥയോളമെത്തിയ സജ്ജനങ്ങളാണ് മുതസ്വവ്വിഫുകൾ. സ്വേച്ഛയുടെ അംശങ്ങൾ മുതശബ്ബിഹിനോളമില്ലെങ്കിലും ഇവരിലും അതൽപം അവശേഷിക്കുന്നുണ്ടാവും. സൂഫീസരണിയുടെ പ്രഥമപടി ഈമാനാണ്. അതു കഴിഞ്ഞാൽ ജ്ഞാനം. പിന്നെ അനുഭൂതി (ദൗഖ്). ഒന്നാം പടി (ഈമാൻ) യിൽ നിൽക്കുന്നവനാണ് മുതശബ്ബിഹ്. സൂഫി മാർഗ്ഗത്തിലെ മൗലിക അടിത്തറയാണത്.

'നമ്മുടെ ഈ സരണിയിലുള്ള ഈമാൻ 'വിലായതാ'ണെന്ന് ജുനൈദുൽ ബഗ്ദാദി പറയുന്നു. അങ്ങനെ പറയാൻ കാരണമുണ്ട്. ഹൃദയവിശുദ്ധിയും നിഷ്കാമ കർമ്മവും കാരണം അവർക്ക് വെളിപാടുജ്ഞാനം ലഭിക്കുകയും ദൃഢവിശ്വാസം (ഈമാൻ) കൈവരുകയും അതുവഴി അല്ലാഹുവിലേക്കടുക്കാൻ കഴിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഔദാര്യത്താൽ സ്വായത്തമാകുന്ന


അസുലഭ സൗഭാഗ്യമാണിത്. അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുന്നവർക്കേ സൂഫികളുടെ പദവികളും മഹത്വങ്ങളും അംഗീകരിക്കാൻ കഴിയൂ. ഔലിയാക്കളുടെ കറാമത്തുകൾ ചിലർ നിഷേധിക്കാറുണ്ട്. സർവ്വശക്തനായ അല്ലാഹുവിന്റെ അപാരമായ കഴിവിൽ വിശ്വാസമില്ലാത്തതു കൊണ്ടാണത്.

സൂഫീ സരണിയിലെ ആദ്യ ഘട്ടമായ ഈമാനിൽ പാദമുറപ്പിച്ച് രണ്ടാംഘട്ടമായ 'ഇൽമി'ൽ എത്തിയവരാണ് മുതസ്വവ്വിഫുകൾ. ഈമാൻ ദൃഢപ്പെടുത്തിയ ശേഷം ആത്മീയമാർഗത്തിൽ പ്രവേശിച്ച് ജ്ഞാനപ്രകാശം സ്വാംശീകരിച്ചവരാണവർ. സൂഫിയാകട്ടെ, ഉപര്യുക്ത രണ്ടു ഘട്ടങ്ങളും കടന്ന് അവസാന ഘട്ടമായ അനുഭൂതിയിൽ (ദൗഖ്) സായൂജ്യം കൊണ്ടവരാണ്.

അനുഭൂതിയുടെ അവസ്ഥയിലേക്ക് (മൂന്നാം ഘട്ടത്തിലേക്ക്) ഉയർന്ന സൂഫികൾക്ക് മൂന്നു പദവികളുണ്ട്: സ്വാഹിബുഖദം, സ്വാഹിബുനള്ർ, സ്വാഹിബുഈമാൻ. ആത്മീയാനുഭൂതിയിൽ കേവലം കാൽവെച്ചു നിൽക്കുന്നവനാണ് സ്വാഹിബു ഖദം. തന്നെക്കാൾ ഉന്നതിയിലുള്ളവരെക്കുറിച്ച് വെളിപാടു ലഭിച്ച് കൂടുതൽ ഉയരാൻ ഉറ്റുനോക്കുന്നവനാണ്- സ്വാഹിബു നള്ർ. അതിനും മുകളിലെത്തി അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ ദൃഢവിശ്വാസം ലഭിച്ചവനാണ് സ്വാഹിബു ഈമാൻ.

സജ്ജനങ്ങളുടെ സ്വർഗീയാവസ്ഥ വിവരിച്ച് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചു: ''നിശ്ചയം പുണ്യവാന്മാർ സുഖാനുഗ്രഹങ്ങളിൽ തന്നെയായിരിക്കും'' (അൽഇൻഫിത്വാർ 13) അവർ കുടിക്കുന്ന പാനീയത്തെ മറ്റൊരിടത്ത് വിശദീകരിക്കുന്നു: ''അതിലെ ചേരുവ തസ്നീമിൽ നിന്നാണ്; അതായത് അല്ലാഹുവിന്റെ സാമീപ്യം നേടിയവർ കുടിക്കുന്ന ഒരു അരുവിയിൽ നിന്ന്.'' (അൽമുത്വഫിഫീൻ 27-28)

സജ്ജനങ്ങളുടെ സ്വർഗീയാവസ്ഥ വിവരിച്ച് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചു: ''നിശ്ചയം പുണ്യവാന്മാർ സുഖാനുഗ്രഹങ്ങളിൽ തന്നെയായിരിക്കും'' (അൽഇൻഫിത്വാർ 13) അവർ കുടിക്കുന്ന പാനീയത്തെ മറ്റൊരിടത്ത് വിശദീകരിക്കുന്നു: ''അതിലെ ചേരുവ തസ്നീമിൽ നിന്നാണ്; അതായത് അല്ലാഹുവിന്റെ സാമീപ്യം നേടിയവർ കുടിക്കുന്ന ഒരു അരുവിയിൽ നിന്ന്.'' (അൽമുത്വഫിഫീൻ 27-28)



അതായത് സാമീപ്യം നേടിയവരുടെ പാനീയം ശുദ്ധമായ തസ്നീമും അവർക്ക് താഴെ പദവിയിലുള്ള സജ്ജനങ്ങളുടേത് തസ്നീം കലർത്തിയതുമായിരിക്കും. യഥാർത്ഥ സൂഫികൾ സാമീപ്യം നേടിയവരുടെ ഗണത്തിലാണ്. സൂഫി മാർഗത്തിൽ പ്രവേശിച്ചവരും (മുതസ്വവ്വിഫ്) അവരെ അനുകരിക്കുന്നവരും (മുതശബ്ബിഹ്) രണ്ടാം ഗണത്തിലാണു പെടുക.

ഒരിക്കൽ തിരുദൂതർ (സ) സ്വഹാബികളോട് പറഞ്ഞു: ''നിങ്ങൾ സഞ്ചരിക്കൂ. ഏകാന്ത പഥികർ ഏറെ മുന്നേറിയിരിക്കുന്നു.'' 'ആരാണ് ഏകാന്തപഥികർ' എന്നു ചോദിച്ചപ്പോൾ അവിടുന്ന് അരുളി: ''അല്ലാഹുവിന്റെ ദിക്റിൽ ലയിച്ചവരാണവർ. ദിക്റു കാരണം അവരുടെ പാപച്ചുമടുകൾ ഇറക്കിവെച്ചിരിക്കുന്നു. അതിനാൽ അവർ ഉയിർപ്പുനാളിൽ ഭാരങ്ങളില്ലാതെ സർവ്വരെയും മറികടന്ന് വരുന്നു.'' (തിർമുദി)

അല്ലാഹുവിനെ മാത്രം ധ്യാനിക്കുന്ന ഏകാന്തപഥികരുടെ പദവിയിലാണ് സൂഫികൾ. അല്ലാഹുവിനെ സ്മരിച്ചും സൂക്ഷ്മത പുലർത്തിയും ആത്മശാന്തിയെന്ന ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നവരുടെ സ്ഥാനത്താണ് മുതസ്വവ്വിഫ്. മുതശബ്ബിഹാകട്ടെ ആത്മപരിശോധനയുടെയും ആത്മസമരത്തിന്റെയും പാതയി

**അല്ലാഹുവിനെ മാത്രം ധ്യാനിക്കുന്ന ഏകാന്ത പഥികരുടെ പദവിയിലാണ് സൂഫികൾ. അല്ലാഹുവിനെ സ്മരിച്ചും സൂക്ഷ്മത പുലർത്തിയും ആത്മശാന്തിയെന്ന ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നവരുടെ സ്ഥാനത്താണ് മുതസ്വവ്വിഫ്. മുതശബ്ബിഹാകട്ടെ ആത്മപരിശോധനയുടെയും ആത്മസമരത്തിന്റെയും പാതയിലുമാണ്. ഈ മൂന്നു വിഭാഗവും അല്ലാഹു സവിശേഷം തിരഞ്ഞെടുത്തവരുടെ വൃത്തത്തിൽ പെട്ടവരാണ്.**



ലുമാണ്. ഈ മൂന്നു വിഭാഗവും അല്ലാഹു സവിശേഷം തിരഞ്ഞെടുത്തവരുടെ വൃത്തത്തിൽ പെട്ടവരാണ്.

ഖുർആൻ പറയുന്നു: ''പിന്നെ നാം നമ്മുടെ അടിമകളിൽ നിന്ന് സ്ഫുടം ചെയ്തെടുത്തവർക്ക് ഈ ഗ്രന്ഥം അനന്തരാവകാശമായി നൽകി. ആത്മദ്രോഹം കാണിച്ചവരും (ളാലിമുൻ ലിനഫ്സിഹീ) മിതത്വം പുലർത്തുന്നവരും (മുഖ്തസ്വിദ്) അല്ലാഹുവിന്റെ അനുമതി പ്രകാരം നന്മകളിൽ മുന്നേറിയവരും (സാബിഖുൻ ഫിൽഖൈറാത്) അവരിലുണ്ട്.'' (ഫാത്വിർ 32)

ഉപര്യുക്ത വചനത്തിന് പല വ്യാഖ്യാനങ്ങളുമുണ്ട്. ആപദ്ഘട്ടങ്ങളിൽ ദുഃഖിക്കുന്നവർ ളാലിമും ക്ഷമിക്കുന്നവൻ മുഖ്തസ്വിദും അതിൽ ആനന്ദം കണ്ടെത്തുന്നവൻ സാബിഖും ആണെന്നാണ് ഒരഭിപ്രായം. അശ്രദ്ധയോടെയും ആചാരമായും ആരാധിക്കുന്നവനാണ് ളാലിം. പേടിച്ചും പ്രതീക്ഷയോടെയും ആരാധിക്കുന്നവൻ മുഖ്തസ്വിദാണ്. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയെ ന്ന ലക്ഷ്യത്തോടെ അനുഗ്രഹദാതാവിനെ സ്നേഹിച്ച് ആരാധിക്കുന്നവൻ സാബിഖാണ്. അല്ലാഹുവിനെ നാവുകൊണ്ട് സ്മരിക്കുന്നവൻ ളാലിമും മനസ്സു കൊണ്ട് സ്മരിക്കുന്നവൻ മുഖ്തസ്വിദും ഒരവസരത്തിലും അവനെ വിസ്മരിക്കാത്തവൻ സാബിഖുമാണെന്നും അഭിപ്രായങ്ങളുണ്ട്.

ആയത്തിൽ പറഞ്ഞ മൂന്നു വിഭാഗത്തിനും പണ്ഡിതന്മാർ നൽകിയ വ്യാഖ്യാനങ്ങൾ സൂഫി, മുതസ്വവ്വിഫ്, മുതശബ്ബിഹ് എന്നിവരുടെ അവസ്ഥകളുമായി സാധർമ്മ്യം പുലർത്തുന്നു. അവരെല്ലാവരും വിജയികളും മോക്ഷം നേടിയവരുമാണ്. 'അവർ -ആയത്തിൽ പരാമർശിക്കപ്പെട്ടവർ- മുഴുവനും ഈ ഉമ്മത്തിൽ പെട്ടവരും സ്വർഗാവകാശികളുമാണെ'ന്ന തിരുവചനം ഉസാമതുബ്നു സൈദ്(റ) ഉദ്ധരിച്ചിട്ടുണ്ട്. (അദ്ദുർറുൽമൻസൂർ)

മുതശബ്ബിഹ് സൂഫികളെ കേവലം അനുകരിക്കുകയാണു ചെയ്യുന്നത്. പ്രസ്തുത അനുകരണം അവരോടുള്ള സാമീപ്യം നേടിക്കൊടുക്കുന്നു. ആ സാമീപ്യമാണ് സർവ്വ നന്മകളുടെയും ആമുഖം.

ശൈഖ് സുഹ്റവർദി(റ) ഒരു സംഭവം വിവരിക്കുന്നു: ഞങ്ങൾ ഇസ്ബഹാനിൽ താമസിക്കുമ്പോൾ ഒരു ധനാഢ്യൻ ശൈഖ് അഹ്മദുൽഗസ്സാലി(റ)യെ സമീപിച്ച് സ്ഥാനവസ്ത്രത്തിന് (ഖിർഖ) അപേക്ഷിച്ചു. ഖിർഖയുടെ വിശദാംശങ്ങൾ മനസ്സിലാക്കാനായി അദ്ദേഹത്തെ ഇമാം എന്റെ അടുത്തേക്കയച്ചു. ഖിർഖയോട് പാലിക്കേണ്ട ബാധ്യതകളും അത് ധരിക്കുന്നവനു വേണ്ട യോഗ്യതകളും ചിട്ടകളും ഞാൻ അദ്ദേഹത്തിന് വിശദീകരിച്ചു കൊടുത്തു. ഗൗരവം ബോധ്യപ്പെട്ട അയാൾ ഖിർഖ ധരിക്കുന്നതിലുള്ള ആധി ശൈഖിനെ അറിയിച്ചു. ഉടനെ ശൈഖ് എന്നെ വിളിച്ച് ആക്ഷേപിച്ചു.

ശൈഖ് പറഞ്ഞു: ''ഖിർഖ ധരിക്കാൻ പ്രചോദിപ്പിക്കുന്ന കാര്യങ്ങൾ വിവരിച്ചു കൊടുക്കാനാണ് ഞാൻ അദ്ദേഹത്തെ താങ്കളുടെ അടുത്തേക്കയച്ചത്. താങ്കളാവട്ടെ അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ ക്ഷീണിപ്പിക്കുന്ന തരത്തിലാണ് സംസാരിച്ചത്. സ്ഥാനവസ്ത്രത്തോട് നിർബ

സ്ഥമായും പാലിക്കേണ്ട ബാധ്യതകളാണ് താങ്കൾ വിവരിച്ചു കൊടുത്തത്. അതു മുഴുവനും ശരിയാണ്. പക്ഷേ, ഒരു നവാഗതനോട് അപ്രകാരം സംസാരിച്ചാൽ അയാൾ നിരാശനാവും. ദൗർബല്യം പ്രകടിപ്പിക്കും. അതിനാൽ ആദ്യം നാം അവനെ ഖിർഖ ധരിപ്പിച്ച് സൂഫികളോട് സാദൃശ്യപ്പെടുത്തുകയാണു വേണ്ടത്. അവരുടെ വേഷമണിയിച്ചു കൊടുക്കണം. ഈ സാരൂപ്യം അയാളെ സൂഫികളുടെ സഭകളിലേക്കടുപ്പിക്കും. അവരുമായുള്ള സമ്പർക്കത്തിന്റെ ബറകത്തും അവരുടെ ജീവിതരീതിയോടും ആത്മീയാവസ്ഥകളോടുമുള്ള ആകർഷണവും നിമിത്തം അവരുടെ വഴിയേ സഞ്ചരിക്കാൻ അയാളും പ്രചോദിതനാകും. അങ്ങനെ ക്രമേണ അയാൾ ലക്ഷണമൊത്ത സൂഫിയായി മാറും.

**ജുനൈദുൽ ബഗ്ദാദി(റ) ഒരിക്കൽ തന്റെ ശിഷ്യനോട് പറഞ്ഞു: 'നീ ഫഖീറിനെ അഭിമുഖീകരിക്കുമ്പോൾ കുറേ അറിവുകൾ പകർന്നുകൊടുത്ത് ശിക്ഷണം ആരംഭിക്കരുത്. മറിച്ച് അവനോട് മൃദുലവും സൗമ്യവുമായി സഹവർത്തിക്കുക. കാരണം വിജ്ഞാനം അവനിൽ വിരസതയുണ്ടാക്കും. സൗമ്യസമീപനം അവനിൽ ആനന്ദം പകരും.' അനുകർത്താക്കളോട് സൂഫികൾ കാണിക്കുന്ന സൗമനസ്യം അവർക്ക് ഏറെ ഫലം ചെയ്യും.**

ജുനൈദുൽ ബഗ്ദാദി(റ) ഒരിക്കൽ തന്റെ ശിഷ്യനോട് പറഞ്ഞു: 'നീ ഫഖീറിനെ അഭിമുഖീകരിക്കുമ്പോൾ കുറേ അറിവുകൾ പകർന്നുകൊടുത്ത് ശിക്ഷണം ആരംഭിക്കരുത്. മറിച്ച് അവനോട് മൃദുലവും സൗമ്യവുമായി സഹവർത്തിക്കുക. കാരണം വിജ്ഞാനം അവനിൽ വിരസതയുണ്ടാക്കും. സൗമ്യസമീപനം അവനിൽ ആനന്ദം പകരും.' അനുകർത്താക്കളോട് സൂഫികൾ കാണിക്കുന്ന സൗമനസ്യം അവർക്ക് ഏറെ ഫലം ചെയ്യും. ആത്മീയമായും വൈജ്ഞാനികമായും ഏറ്റവും സമ്പൂർണ്ണനായ വ്യക്തി വിദ്യാർത്ഥികളോട് ഏറ്റവും കൂടുതൽ സൗമ്യനായി പെരുമാറുന്നയാളാണ്.

ആത്മാർത്ഥതയോടെ സൂഫികളെ അനുകരിക്കുന്ന മുതശബ്ബിഹ് പടിപടിയായി പുരോഗമിച്ച് മുതസ്വവ്വിഫും പിന്നീട് സൂഫിയുമായി ഉയരും. എന്നാൽ സൂഫികളുടെ വേഷവും രൂപവും മാത്രം സ്വീകരിക്കുകയും അവരുടെ ജീവിതചര്യയും ഇസ്‌ലാമിക ചിട്ടകളും പാടേ ഉപേക്ഷിക്കുകയും ചെയ്യുന്നവരെ മുതശബ്ബിഹുകളായി പരിഗണിക്കാനാവില്ല. അവർ സൂഫികളെയല്ല, മുതശബ്ബിഹിനെ മാത്രമാണ് അനുകരിക്കുന്നത്.

എങ്കിലും സഹവസിച്ചാൽ നഷ്ടം വരാത്ത ഒരു സമൂഹത്തോടൊപ്പമാണ് അവരും നിലകൊള്ളുന്നത്. ആരെങ്കിലും ഒരു സമൂഹത്തോട് സാദൃശ്യം പുലർത്തിയാൽ അവനും അവരിൽ ഒരംഗമാണെന്നാണല്ലോ നബിവചനം.

തിരുദൂതർ അരുളി: ''നിശ്ചയം, ജനങ്ങളുടെ കർമ്മങ്ങൾ രേഖപ്പെടുത്താൻ നിയോഗിക്കപ്പെട്ട ചില മലക്കുകൾ അല്ലാഹുവിനുണ്ട്. അവർ മുഴുവൻ വഴികളിലൂടെയും ചുറ്റി സഞ്ചരിക്കും. ദിക്റ് സദസ്സുകൾ അന്വേഷിച്ചു നടക്കും. അങ്ങനെ ദിക്റിൽ മുഴുകിയ ഒരു സമൂഹത്തെ കണ്ടെത്തിയാൽ മലക്കുകൾ പരസ്പരം വിളിച്ചു പറയും: ''വരൂ, നിങ്ങൾ അന്വേഷിക്കുന്ന സ്ഥലം ഇതാ.''

തുടർന്ന് മലക്കുകൾ ആകാശം മുട്ടെ തങ്ങളുടെ ചിറകുകൾ വിടർത്തി അവരെ ആവരണം ചെയ്യും. അപ്പോൾ സർവ്വവും അറിഞ്ഞുകൊണ്ടു തന്നെ അല്ലാഹു മലക്കുകളോടു ചോദിക്കും: ''എന്റെ അടിമകൾ എന്താണ് ചൊല്ലിക്കൊണ്ടിരിക്കുന്നത്?'' മലക്കുകൾ: ''അവർ നിന്നെ പ്രകീർത്തിക്കുകയും പ്രശംസിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.''

അവൻ: ''അവർ എന്താണ് എന്നോടു ചോദിക്കുന്നത്?''

''സ്വർഗ്ഗം.''

അവൻ: ''അവർ സ്വർഗ്ഗം കണ്ടിട്ടുണ്ടോ?''

''ഇല്ല.''

അവൻ: ''അവരത് കണ്ടാൽ എന്തായിരിക്കും അവസ്ഥ?''

''അവരത് അതിതീവ്രമായി ആവശ്യപ്പെടുകയും കൂടുതൽ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യും. അവർ നരകത്തിൽ നിന്ന് കാവൽ തേടുകയും ചെയ്യുന്നുണ്ട്.''

അവൻ: ''അവർ നരകം കണ്ടിട്ടുണ്ടോ?''

മലകുകൾ: ''ഇല്ല.''

അവൻ: ''അവരത് കണ്ടിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി?''

മലകുകൾ: ''അവർ കൂടുതൽ ശക്തമായി അഭയം തേടുകയും അതിവേഗം ഭയന്നോടുകയും ചെയ്യും.''

അവൻ: ''എങ്കിൽ ഞാനിതാ നിങ്ങളെ സാക്ഷിയാക്കി അവർക്ക് പാപങ്ങൾ പൊറുത്തു കൊടുത്തിരിക്കുന്നു.''

മലകുകൾ: ''ഭൗതിക നേട്ടം ലക്ഷ്യം വെച്ച് വന്ന ഒരാളും അക്കൂട്ടത്തിലുണ്ട്. അവൻ ദിക്റ് ചൊല്ലുന്നവരിൽ പെട്ടവനല്ല.''

അല്ലാഹു: ''ആ സമൂഹത്തോട് സഹവസിക്കുന്നവരാരും നിരാശപ്പെടേണ്ടിവരില്ല.'' (ബുഖാരി)

സൂഫികളുടെ സദസ്സിൽ ഇരിക്കുന്നവരും അവരോട് സാദൃശ്യം പുലർത്തുന്നവരും അവരെ സ്നേഹിക്കുന്നവരും നിരാശരാകേണ്ടിവരില്ല എന്നു വ്യക്തം.

നബിപഠനം

ബുജൈർ ചെട്ടിപ്പടി

# തിരുനബി(സ)യുടെ അധ്യാപന വിശേഷങ്ങൾ



അധ്യാപകരിലൂടെയാണ് അറിവും ധാർമികമൂല്യവുമുള്ള തലമുറ ഉദയം ചെയ്യുന്നത്. വിദ്യാർത്ഥികളിലൂടെ പൂർണ്ണമാകുന്ന അധ്യാപനമാണ് വിദ്യാഭ്യാസത്തിന്റെ മർമപ്രധാനമായ ഘടകം. 'വിശ്വസിച്ചവരെയും അറിവുകൾ നൽകപ്പെട്ടവരെയും അല്ലാഹു പടിപടിയായി ഉയർത്തും' എന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 'അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചാൽ അവരെ മതത്തിൽ ജ്ഞാനമുള്ളവരാക്കും' എന്നും പ്രവാചകർ പഠിപ്പിച്ചിട്ടുണ്ട്.

മുഹമ്മദ്നബി(സ)യാണ് ഏറ്റവും ഉത്തമനായ അധ്യാപകൻ. അതിന് നിരവധി കാരണങ്ങളുണ്ട്. അവിടുത്തെ അധ്യാപന രീതിയാണ് അതിൽ പ്രധാനം. വിദ്യാർത്ഥികളുടെ അഭിരുചിയും താല്പര്യവും തിരിച്ചറിഞ്ഞ് സാഹചര്യങ്ങൾ മനസ്സിലാക്കിയായിരുന്നു അവിടുന്ന് അധ്യാപനം നടത്തിയിരുന്നത്. പുതിയകാലത്ത് അധ്യാപനമേഖല ഏറെ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അധ്യാപനം എങ്ങനെ രസകരമാക്കാമെന്നും പാഠഭാഗങ്ങൾ എങ്ങനെ വേഗത്തിൽ പഠിച്ചെടുക്കാമെന്നുമാണ് ലോകം ഇന്ന് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഈ പരിഷ്കൃത അധ്യാപനരീതികളിലെല്ലാം തിരുനബി(സ)യുടെ അധ്യാപനമാതൃകകൾ കാണാൻ കഴിയും.

## അധ്യാപനരീതികൾ

**1. വാചിക രീതി**
(Oral Method)

ആദ്യകാലം മുതൽ നിലവിലുള്ളതും പള്ളിക്കൂടം മുതൽ സർവകലാശാല വരെ പ്രയോഗത്തിലിരിക്കുന്നതുമായ ബോധന രീതിയാണിത്. ഇതിൽ ഭാഷണരീതിയും (Telling) പ്രസംഗരീതിയും (Lecture) ഉൾപ്പെടുന്നു. അറിവുള്ളവർ അറിവില്ലാത്തവർക്ക് പറഞ്ഞുകൊടുക്കുക എന്നതാണ് ഈ രീതിയുടെ അടിസ്ഥാനതത്വം. പള്ളിക്കൂടത്തിൽ അധ്യാപകൻ ചൊല്ലിക്കൊടുക്കുന്നത് കുട്ടികൾ ഏറ്റുചൊല്ലുന്നു. പ്രസ്തുത രണ്ട് രീതികളും തിരുനബി(സ)യുടെ അധ്യാപനത്തിൽ കാണാൻ കഴിയും.

ആഇശബീവി(റ) പറയുന്നു: 'നബി(സ) തുരുതുരാ സംസാരിക്കാറില്ലായിരുന്നു. അടുത്തിരിക്കുന്നവർക്ക് ഹൃദിസ്ഥമാക്കാനാവുന്ന രൂപത്തിൽ സ്പഷ്ടവും വ്യക്തവുമായാണ് സംസാരിച്ചിരുന്നത്. പലപ്പോഴും അവിടുന്ന് സുദീർഘമായി പ്രസംഗിച്ചിരുന്നു.'

അംറുബ്നു അഖ്ത്വബ്(റ) പറയുന്നു: ഒരിക്കൽ, നബി(സ) സുബ്ഹ് നിസ്കരിച്ച ശേഷം മിമ്പറിൽ കയറി പ്രസംഗമാരംഭിച്ചു. ളുഹ്റ് വരെ പ്രഭാഷണം നീണ്ടു. ളുഹ്റ് നിസ്കാരത്തിനു ശേഷവും പ്രഭാഷണം തുടർന്നു. അങ്ങനെ മഗ്‌രിബ് വരെ പ്രസംഗം നീണ്ടു.

**2. കിൻഡർഗാർട്ടൻ**
(Kinder Garten Method)

വിദ്യാലയത്തെ ആരാമമായും വിദ്യാർത്ഥികളെ അതിലെ ചെടികളായും അധ്യാപകനെ തോട്ടക്കാരനായും വിഭാവനം ചെയ്തുകൊണ്ട് ഫ്രോബൽ സംവിധാനം ചെയ്ത ശിശുവിദ്യാലയമാണ് കിൻഡർഗാർട്ടൻ അഥവാ കുട്ടികളുടെ പൂന്തോട്ടം.

തോട്ടത്തിലെ ചെടികളെപ്പോലെ നൈസർഗികമായും സ്വതന്ത്രമായും കുട്ടികൾ വളരണം. തോട്ടക്കാരനെപ്പോലെ അധ്യാപകൻ അതിനുള്ള സാഹചര്യം സൃഷ്ടിക്കണം. ക്രമാനുസൃതമായ കളികൾ, ഗാനങ്ങൾ, നൃത്തങ്ങൾ എന്നിവയെ വസ്തുമൂലകപാഠങ്ങളുമായി (Object lesson) സമന്വയിപ്പിച്ച് കുട്ടികളുടെ സർഗശേഷിയെ വികസിപ്പിക്കത്തക്ക വണ്ണമാണ് കിൻഡർഗാർട്ടനിലെ അധ്യയനം ആസൂത്രണം ചെയ്തിട്ടുള്ളത്.


**3. മോണ്ടിസോറി**
(Montessori Method)

മോണ്ടിസോറി സ്കൂളിൽ ടൈംടേബിളില്ല, അധ്യാപകരില്ല, ബോധനമില്ല; കളിക്കുവാനുള്ള ചില ഉപകരണങ്ങൾ മാത്രമാണുള്ളത്. കുട്ടികൾ അവ ഉപയോഗിച്ച് കളിക്കുന്നു. കളിയിൽക്കൂടി പഠനം നടക്കുന്നു. അധ്യാപികയുടെ സ്ഥാനത്ത് നിർദ്ദേശങ്ങൾ നൽകാൻ ഒരാളാണുണ്ടാവുക. അവർ കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് പിന്നണിയിൽ കഴിയുന്നു. കുട്ടികളുടെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുകളും പ്രവർത്തനക്രമവും അടിസ്ഥാനമാക്കി ഗ്രേഡുകൾ നിശ്ചയിക്കുന്നു. നബി(സ)യുടെ അധ്യാപനമേഖലയിൽ മോണ്ടിസോറി അവലംബിച്ചതായി കാണാം. കുട്ടികൾ കളിപ്പാട്ടങ്ങൾ ഉപയോഗിക്കുന്നതും അതിലൂടെ പഠിക്കുന്നതും നബി(സ) പ്രോത്സാഹിപ്പിച്ചിരുന്നു. തിരുനബി(സ)യുടെ സവിധത്തിൽ കളിപ്പാവയുമായി കളിച്ചിരുന്ന ആഇശബീവി(റ)യെക്കുറിച്ച് ഹദീസുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

**4. ഡാൾട്ടൻ പദ്ധതി**
(Dalton Plan)

ഹെലൻ പാർക്ക്ഹേസ്റ്റ് (Helon parkhurst) 1920ൽ മാസാച്യൂസെറ്റ് ഡാൾട്ടൻ നഗരത്തിലെ ഹൈസ്കൂളിൽ നടപ്പാക്കിയ വ്യക്തികേന്ദ്രിത അധ്യാപനരീതിയാണ് ഡാൾട്ടൻപദ്ധതി. ഇവിടെ ക്ലാസുകൾക്കുപകരം ഗ്രന്ഥങ്ങളും അധ്യയനോപകരണങ്ങളും സജ്ജീകരിച്ച പരീക്ഷണശാലകളാണ് ഓരോ വിഷയത്തിനുമുണ്ടാവുക. നിശ്ചിത സമയങ്ങളിൽ അധ്യാപകൻ അവിടെ സന്നിഹിതനാകും. ഓരോ വർഷവും കുട്ടികൾ ചെയ്തുതീർക്കേണ്ട പഠനപ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നു. ഇതിനെ കോൺട്രാക്റ്റ് (Contract) അതായത് കരാർ എന്നു പറയുന്നു. കോൺട്രാക്റ്റിനെ ഓരോ മാസത്തേക്കുള്ള അസൈൻമെന്റുകളായും ഓരോ ആഴ്ചത്തേക്കുള്ള പീരിയേഡുകളായും ഓരോ ദിവസത്തേക്കുള്ള യൂണിറ്റുകളായും വിഭജിക്കും. ഇവ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ചെയ്തുതീർക്കണം. എന്തെല്ലാം, എപ്പോഴെല്ലാം പഠിക്കുന്നു എന്നത് കുട്ടിയുടെ താത്പര്യത്തിനു വിടുന്നു. അധ്യാപകൻ പഠിപ്പിക്കുന്നതിനു പകരം ആവശ്യമുള്ള സഹായം നൽകുകമാത്രം ചെയ്യുന്നു.

**മുഹമ്മദ്നബി(സ)യാണ് ഏറ്റവും ഉത്തമനായ അധ്യാപകൻ. അതിന് നിരവധി കാരണങ്ങളുണ്ട്. അവിടുത്തെ അധ്യാപനരീതിയാണ് അതിൽ പ്രധാനം. വിദ്യാർത്ഥികളുടെ അഭിരുചിയും താല്പര്യവും തിരിച്ചറിഞ്ഞ് സാഹചര്യങ്ങൾ മനസ്സിലാക്കിയായിരുന്നു അവിടുന്ന് അധ്യാപനം നടത്തിയിരുന്നത്. പുതിയകാലത്ത് അധ്യാപനമേഖല ഏറെ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്.**



**5. അന്വേഷണ രീതി**
(Heuristic Method)

'കുട്ടിക്ക് ഒന്നും പറഞ്ഞുകൊടുക്കരുത്, എല്ലാം അവർ തന്നെ കണ്ടുപിടിക്കണം' എന്നാണ് അന്വേഷണരീതിയുടെ ഉപജ്ഞാതാവായ ആംസ്ട്രോങ് പറയുന്നത്. അന്വേഷകന്റെ സ്ഥാനത്ത്

കുട്ടിയെ അവരോധിച്ച് സ്വന്തം യത്നംകൊണ്ട് ആവശ്യമുള്ള അറിവ് കണ്ടുപിടിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഈ രീതി. ഈ രീതി സ്വഹാബികൾക്കിടയിൽ പ്രവാചകർ അവലംബിച്ചിരുന്നതായി ചരിത്രങ്ങളിൽ വായിക്കാനാവും.

**6. വസ്തുമൂലക രീതി**
(Object Method)

ഒരു വസ്തുവിനെപ്പറ്റി പഠിപ്പിക്കുന്നതിന് ആ വസ്തുതന്നെ അവതരിപ്പിക്കുകന്നതാണ് വാചികവിവരണത്തെക്കാൾ ഫലപ്രദം. അതേ വസ്തു അവതരിപ്പിക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ അതിനെ പ്രതിനിധാനം ചെയ്യുന്ന മോഡലുകൾ, ചിത്രങ്ങൾ എന്നിവയും ഉപയോഗിക്കാം. ഇങ്ങനെ ഏതെങ്കിലും തരത്തിലുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ബോധനത്തെ വസ്തുമൂലകരീതി എന്നു പറയുന്നു. തിരുനബി(സ) ഈ അധ്യാപനരീതിയും ഉപയോഗിച്ചിരുന്നു.

**7. ചർച്ചാരീതി**
(Discussion Method)

വിദ്യാർത്ഥികളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധനരീതികളിൽ ചർച്ചയ്ക്കു പ്രധാന സ്ഥാനമുണ്ട്. ഒരു പ്രശ്നത്തെ സംബന്ധിച്ച് എല്ലാവരുംകൂടി ചർച്ച ചെയ്ത് അഭിപ്രായങ്ങൾ കൈമാറി നിഗമനങ്ങളിലെത്തുന്നതാണ് ഈ രീതി. ചർച്ചകൾ ഔപചാരികമാകാം, അനൗപചാരികമാകാം. ചർച്ചയുടെ നേതൃത്വം വഹിക്കുന്നത് അധ്യാപകനോ വിദ്യാർഥിയോ ആകാം. ഔപചാരിക ചർച്ചകളുടെ പ്രധാനരൂപങ്ങൾ സെമിനാർ, സിംപോസിയം, പാനൽ ചർച്ച എന്നിവയാണ്. ഇവ ഉയർന്ന ക്ലാസ്സുകളിൽ നടപ്പിലാക്കാവുന്നതാണ്. ഇതിലും നബിമാതൃകകളുണ്ട്. വിശദമായി വായിക്കാം.

**ജിജ്ഞാസ**
(Curiosity)

അറിയാനുള്ള ആഗ്രഹമാണ് ജിജ്ഞാസ. കുട്ടികൾ തങ്ങൾക്ക് ചുറ്റുമുള്ള വസ്തുക്കൾ കാണുമ്പോൾ നിരന്തരം എന്ത്, എന്തിന് എന്നിങ്ങനെ ചോദിച്ചുകൊണ്ടിരിക്കുന്നത് ജിജ്ഞാസ മൂലമാണ്. എല്ലാ കണ്ടുപിടിത്തങ്ങളുടെയും പ്രചോദനം ഇതാണ്. വിദ്യാർത്ഥികളിൽ ജിജ്ഞാസ വളർത്തിക്കൊണ്ടുവരേണ്ടത് അധ്യാപകരാണ്. ഇതിന് വ്യത്യസ്ത മാർഗങ്ങൾ ഉപയോഗിക്കുന്നു. തിരുനബി(സ)യുടെ ജീവിതത്തിൽ ഇതിനൊരുപാട് മാതൃകകളുണ്ട്.

## ചോദ്യം ചോദിക്കൽ

പഠിതാവിൽ അന്വേഷണതൽപരത വളർത്തൽ അധ്യാപനത്തിൽ മുഖ്യമാണ്. ഈ ബിന്ദുവിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് ആധുനിക അധ്യാപനതത്വങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സദസ്സിനോട് ചോദ്യങ്ങൾ ചോദിക്കുക, അവർക്കിടയിൽ ചർച്ചക്കും വിചിന്തനത്തിനും അവസരങ്ങൾ നൽകുക, ലഭിക്കുന്ന മറുപടികൾ നിരൂപിക്കുക എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്.



തിരുനബി(സ)യുടെ പാഠശാലയിൽ ഇത്തരം ഒട്ടനവധി സംഭവങ്ങളും കാണാം.

ഇബ്നുഉമർ(റ) നിവേദനം. ഒരിക്കൽ നബി(സ) അനുചരരോട് ചോദിച്ചു: 'വിശ്വാസിയെ ഒരു മരത്തോട് ഉപമിക്കാം. ഇല പൊഴിയാത്ത മരമാണത്. ഏതാണാമരമെന്ന് പറയാമോ?' ഒരു അപൂർവയിനം സസ്യമായിരിക്കുമതെന്നു കരുതി എല്ലാവരും അഗാധമായ ആലോചനയിലാണ്ടു. ഈന്തപ്പനയാണ് തിരുനബി(സ) ഉദ്ദേശിക്കുന്നതെന്ന് എനിക്കു മനസ്സിലായി. എന്നാൽ, ഉപ്പയടക്കം മുതിർന്നവരെല്ലാം ഇരിക്കുന്ന സദസ്സിൽ അത് പറയാൻ എനിക്ക് ലജ്ജ തോന്നി. ഒടുവിൽ അത് ഈന്തപ്പനയാണെന്ന് നബി(സ) മറുപടി പറഞ്ഞു.

പഠിതാവിൽ അന്വേഷണതൽപരത വളർത്തൽ അധ്യാപനത്തിൽ മുഖ്യമാണ്. ഈ ബിന്ദുവിൽ കേന്ദ്രീകരിച്ചുകൊണ്ടാണ് ആധുനിക അധ്യാപനതത്വങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സദസ്സിനോട് ചോദ്യങ്ങൾ ചോദിക്കുക, അവർക്കിടയിൽ ചർച്ചക്കും വിചിന്തനത്തിനും അവസരങ്ങൾ നൽകുക, ലഭിക്കുന്ന മറുപടികൾ നിരൂപിക്കുക എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്. തിരുനബി(സ)യുടെ പാഠശാലയിൽ ഇത്തരം ഒട്ടനവധി സംഭവങ്ങളും കാണാം.



ഒരിക്കൽ നബി(സ) ഒരു ചതുരം വരച്ചു. അതിൽ നിന്ന് പുറത്തേക്ക് കടന്നുനിൽക്കുന്ന ഒരു വരയും അതിനു കുറുകെ ചെറുവരകളും വരച്ചു. ശേഷം പറഞ്ഞു: 'മനുഷ്യന്റെ അവധി അവനെ വലംചെയ്തിരിക്കുന്നു. പുറത്തേക്കു കടന്നിരിക്കുന്ന വര അവന്റെ ആഗ്രഹമാണ്; ഈ ചെറിയ വരകൾ പ്രതിബന്ധങ്ങളും. അവയിൽ ഒന്ന് പിഴച്ചാൽ മറ്റുള്ളവയെല്ലാം ബാധിക്കും.'

## മത്സരങ്ങൾ സംഘടിപ്പിക്കുക

വിദ്യാർഥികൾക്ക് പഠനത്തിൽ ആവേശവും ഉന്മേഷവും വർധിക്കാൻ മത്സരങ്ങൾ സഹായകമാകാറുണ്ട്. നബിചര്യയിലും ഇതിന് മാതൃകയുണ്ട്. അബ്ബാസ്(റ)വിന്റെ പുത്രന്മാരായ അബ്ദുല്ല, ഉബൈദുല്ല, കസീർ എന്നിവരെ അണിനിർത്തി നബി(സ) പറയും: 'ആദ്യമായി എന്റെയടുത്തെത്തുന്നവർക്ക് ഞാൻ സമ്മാനം നൽകാം.' അപ്പോഴവർ മത്സരിച്ചോടി നബി(സ)യുടെ ദേഹത്ത് വന്നു വീഴും. നബി(സ) അവരെ ആശ്ലേഷിക്കും.

## കഥാകഥനം

കഥകളിലൂടെ കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നബി(സ)യുടെ അധ്യാപന രീതിയിൽ കഥകളിലൂടെ വിഷയം ബോധിപ്പിക്കുന്നതും കാണാം. തിരുനബി(സ) പറഞ്ഞു: ഒരാൾ മരുഭൂമിയിലൂടെ നടന്നുപോവുകയായിരുന്നു. അപ്പോൾ മേഘത്തിൽ നിന്ന് ഒരു അശരീരി കേട്ടു: 'ഇന്നയാളുടെ തോട്ടം നനക്കൂ.' ഉടനെ മേഘം തെന്നിനീങ്ങുകയും കറുത്ത കല്ലുകൾ നിറഞ്ഞ ഒരിടത്ത് മഴ വർഷിക്കുകയും ചെയ്തു. ആ വെള്ളം ഒരു നീർച്ചാലായി ഒഴുകി. അദ്ദേഹം ആ ഒഴുക്കിനു പിന്നാലെ പോയപ്പോൾ ഒരു മനുഷ്യൻ ആ വെള്ളം തോട്ടത്തിലേക്ക് തിരിച്ചുവിടുന്നതു കണ്ടു. അയാൾ തോട്ടക്കാരനോട് പേരെന്താണെന്നന്വേഷിച്ചു. മേഘത്തിൽ നിന്ന് കേട്ട അതേ പേരായിരുന്നു അത്. എന്തിനാണ് എന്റെ പേരന്വേഷിച്ചതെന്ന് അയാൾ തിരിച്ചുചോദിച്ചപ്പോൾ ആഗതൻ കാര്യം പറഞ്ഞു. പിന്നെ, അയാളുടെ വിശേഷമാരാഞ്ഞു. അദ്ദേഹത്തിന്റെ മറുപടി ശ്രദ്ധേയമായിരുന്നു: 'തോട്ടത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അയാൾ മൂന്നായി വീതിക്കും. ഒരു വിഹിതം കൊണ്ട് കുടുംബം പോറ്റും. ഒരു വിഹിതം തോട്ടത്തിന്റെ ചെലവിനെടുക്കും. മിച്ചം വരുന്ന ഒരു വിഹിതം ദാനം ചെയ്യും.'

മനുഷ്യേതര ജീവജാലങ്ങൾക്ക് കാരുണ്യം ചെയ്യുന്നതിന് റസൂൽ(സ) മറ്റൊരു കഥ പറഞ്ഞിട്ടുണ്ട്. നനവുള്ള മണ്ണ് നക്കി ദാഹമകറ്റാൻ ശ്രമിക്കുന്ന നായക്ക് കിണറ്റിൽനിന്ന് വെള്ളം കോരി നൽകിയ മനുഷ്യന്റെ കഥയാണ് അവിടുന്ന് പറഞ്ഞത്.

## ചിത്രങ്ങൾ

അധ്യാപനത്തിൽ ചിത്രങ്ങൾക്കുള്ള പ്രാധാന്യം വലുതാണ്. കാര്യങ്ങൾ ബോധ്യപ്പെടാൻ പലപ്പോഴും വരകൾ ആവശ്യമായി വരും.

ഈ അധ്യാപനരീതിക്കും തിരുജീവിതത്തിൽ മാതൃകയുണ്ട്. ഒരിക്കൽ തിരുനബി(സ) ഒരു വര വരച്ചു. എന്നിട്ട് പറഞ്ഞു: 'ഇതാണ് ഋജുവായ പാത.' ശേഷം അതിന്റെ വലത്തും ഇടത്തും ചെറിയവരകൾ വരച്ച് പറഞ്ഞു: 'ഇതെല്ലാം പിശാചുക്കൾ ക്ഷണിച്ചുകൊണ്ടിരുന്ന വഴികളാണ്.' ശേഷം ഋജുവായ പാത പിന്തുടരാനും മറ്റു വഴികൾ ഉപേക്ഷിക്കാനും കൽപ്പിക്കുന്ന ഖുർആനിക വചനം അവിടുന്ന് പാരായണം ചെയ്തു.

ഒരിക്കൽ നബി(സ) ഒരു ചതുരം വരച്ചു. അതിൽ നിന്ന് പുറത്തേക്ക് കടന്നുനിൽക്കുന്ന ഒരു വരയും അതിനു കുറുകെ ചെറുവരകളും വരച്ചു. ശേഷം പറഞ്ഞു: 'മനുഷ്യന്റെ അവധി അവനെ വലംചെയ്തിരിക്കുന്നു. പുറത്തേക്കു കടന്നിരിക്കുന്ന വര അവന്റെ ആഗ്രഹമാണ്; ഈ ചെറിയ വരകൾ പ്രതിബന്ധങ്ങളും. അവയിൽ ഒന്ന് പിഴച്ചാൽ മറ്റുള്ളവയെല്ലാം ബാധിക്കും.'

## ഉപമകൾ

പലപ്പോഴും ഉപമകളിലൂടെയാണ് തിരുനബി(സ) ജനങ്ങളോട് സംവദിച്ചിരുന്നത്. വിശുദ്ധ ഖുർആനും ധാരാളം ഉപമകൾ പ്രയോഗിച്ചിട്ടുണ്ടല്ലോ. തിന്മകൾ

കാണുമ്പോൾ, അത് തിരുത്തണമെന്നും അല്ലെങ്കിൽ സർവനാശമായിരിക്കും ഫലം എന്നും ബോധ്യപ്പെടുത്താൻ തിരുനബി(സ) പ്രയോഗിച്ച ഒരു ഉപമ ഇങ്ങനെ:

ഒരു ജനത കപ്പലിൽ യാത്ര ചെയ്യുന്നു. കുറച്ചാളുകൾ മുകൾ തട്ടിൽ; കുറച്ചാളുകൾ താഴെയും. വെള്ളമുള്ളത് മുകൾത്തട്ടിലാണ്. താഴെയുള്ളവർക്ക് വെള്ളം ആവശ്യമായി വന്നാൽ മുകളിൽ പോകണം. അവർക്കതൊരു പ്രയാസമായിത്തോന്നി. താഴെയുള്ളവർ പറഞ്ഞു: 'നമ്മളെന്തിന് മുകളിൽ പോയി അവരെ പ്രയാസപ്പെടുത്തണം? വെള്ളം നമുക്കുതാഴെ (സമുദ്രത്തിൽ) തന്നെയുണ്ടല്ലോ. നമുക്കിവിടെ ഒരു ദ്വാരമുണ്ടാക്കിയാൽ പോരേ?' അങ്ങനെ, അവർ കപ്പലിലിന്റെ അടിത്തട്ടിൽ ദ്വാരമിടാനൊരുങ്ങുമ്പോൾ 'അതവരുടെ അവകാശമല്ലേ, നാമെന്തിനതിൽ ഇടപെടണം' എന്ന നിസ്സംഗ മനോഭാവമാണ് മറ്റുള്ളവർ കൈക്കൊള്ളുന്നതെങ്കിൽ കപ്പൽ മുങ്ങി എല്ലാവരും നശിക്കും. ആരെങ്കിലും അവരെ തടയാൻ മുന്നോട്ടുവന്നാൽ എല്ലാവരും രക്ഷപ്പെടും.'

മറ്റൊരിക്കൽ നബി(സ) പറഞ്ഞു: 'അല്പമെങ്കിലും ഖുർആൻ അകത്തില്ലാത്തവൻ പൊളിഞ്ഞ വീട് പോലെയാണ്.'

## വ്യക്തിഗത പരിഗണന

ഉത്തമകർമം ഏതാണെന്ന ചോദ്യത്തിന് അബൂദർ(റ)വിനും ഇബ്നുമസ്ഊദ്(റ)വിനും വ്യത്യസ്ത മറുപടികളായിരുന്നു നബി(സ) നൽകിയത്. അല്ലാഹുവിൽ വിശ്വസിക്കലും അവന്റെ മാർഗത്തിൽ ജിഹാദ് ചെയ്യലുമാണ് ഉത്തമകർമ്മമെന്ന് അബൂദർ(റ)വിനോട് പറഞ്ഞപ്പോൾ നിസ്കാരം സമയത്തു നിർവഹിക്കലും മാതാപിതാക്കൾക്ക് ഗുണം ചെയ്യലുമാണ് ഉത്തമകർമമെന്നാണ് ഇബ്നുമസ്ഊദ്(റ)വിനോട് പറഞ്ഞത്. അവരുടെ വ്യക്തിത്വത്തെ പരിഗണിച്ചുള്ളതായിരുന്നു ഈ പ്രതികരണങ്ങൾ.

അനസ്(റ) പറഞ്ഞു: ഒരിക്കൽ തിരുദൂതർ(സ) പറഞ്ഞു: 'എന്റെ സമുദായത്തിൽ കൂടുതൽ കാരുണ്യമുള്ളവർ അബൂബക്കർ(റ) ആണ്. അല്ലാഹുവിന്റെ കല്പനകളിൽ കർശന നിലപാട് പുലർത്തുന്നവർ ഉമർ(റ) ആണ്. കൂടുതൽ ലജ്ജയുള്ളവർ ഉസ്മാനുബ്നു അഫ്ഫാൻ(റ) ആണ്. വിധിവിലക്കുകൾ കൂടുതലറിയുന്നവർ മുആദുബ്നു ജബലാണ്.' ഓരോരുത്തർക്കും അവഗാഹമുള്ള മേഖല തിരുനബി(സ) തിരിച്ചറിഞ്ഞിരുന്നുവെന്നു സാരം.

## അനുകരണം

മറ്റുള്ളവരുടെ വാക്കുകളും പ്രവൃത്തികളും സ്വയം ചെയ്യുകയാണ് അനുകരണം. ഇത് ശക്തവും സ്വാഭാവികവുമായ പഠനരീതിയാണ്. തിരുനബി(സ) എല്ലാ നിലക്കും അനുകരണീയനായ അധ്യാപകനായിരുന്നു. അധ്യാപകന്റെ വാക്കും പ്രവൃത്തിയും വിദ്യാർത്ഥികൾക്കു മാതൃകയാകാറുണ്ടല്ലോ. ഇതിന് ഏറ്റവും ഉദാത്ത മാതൃകയായിരുന്നു തിരുനബി(സ).

## പ്രവർത്തന മാതൃക

ഇത് രണ്ട് വിധത്തിലുണ്ട്. അധ്യാപകൻ പറയുന്നതും പഠിപ്പിക്കുന്നതും സ്വന്തം ജീവിതത്തിൽ നടപ്പാക്കി മാതൃക കാണിക്കുന്ന രീതിയാണൊന്ന്. ഇത് വിദ്യാർത്ഥികളിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നു. വിദ്യാർത്ഥികൾ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ മാതൃകാധ്യാപകൻ അതെങ്ങനെ കൈകാര്യം ചെയ്തുവെന്ന് അവർ ഓർത്തെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യും. നബി(സ)യുടെ ജീവിതം ഉസ്വതുൻ ഹസന അഥവാ, നല്ല മാതൃകയാണെന്ന് ഖുർആൻ പരിചയപ്പെടുത്തുന്നുണ്ടല്ലോ. ഈ ഉദാത്ത മാതൃക തിരുജീവിതത്തിലുടനീളം നമുക്ക് കാണാൻ കഴിയും. മദീനയിലെ പള്ളി നിർമ്മാണവേളയിൽ സഹചരരോടൊപ്പം ഇഷ്ടിക ചുമന്നും ആവേശം പകർന്ന് കവിതകളാലപിച്ചും അവിടുന്ന് ജോലിയിൽ പങ്കുചേർന്നു. ഖൻദഖ് യുദ്ധവേളയിൽ മദീനക്കു ചുറ്റും കിടങ്ങ് കുഴിച്ചപ്പോൾ അതിലും അവിടുന്ന് എല്ലാവരെയും പോലെ പങ്കാളിയായി.

അധ്യാപകൻ പറയുന്നതും പഠിപ്പിക്കുന്നതും ചെയ്ത് കാണിച്ചുകൊടുക്കുന്ന രീതിയാണ് രണ്ടാമത്തേത്. ഇതിന് വാക്കുകളെക്കാൾ സ്വാധീനമുണ്ടായിരിക്കും. തയമ്മുമിന്റെയും വുളൂഇന്റെയും നിസ്കാരത്തിന്റെയും രൂപം ഇങ്ങനെയായിരുന്നു നബി(സ) പഠിപ്പിച്ചത്. ഒരിക്കൽ മിമ്പറിൽ വച്ച് നിസ്കരിച്ചതിനു ശേഷം ജനങ്ങളിലേക്ക് തിരിഞ്ഞ് നബി(സ) പറഞ്ഞു: 'ജനങ്ങളേ, ഞാനിങ്ങനെ ചെയ്തത് നിങ്ങൾ എന്നെ പിന്തുടരാനും എന്റെ നിസ്കാരം കണ്ടുപഠിക്കാനും വേണ്ടിയാണ്.'

വിശ്വാസികൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിവരിച്ചപ്പോൾ നബി(സ) കൈവിരലുകൾ കോർത്തുപിടിച്ച് കാണിച്ചുകൊടുത്തു. വിശ്വാസികൾ ശക്തമായ ഒരു കെട്ടിടം പോലെയാണെന്നും അതിന്റെ ഭാഗങ്ങൾ പരസ്പരം ശക്തിപ്പെടുത്തുന്നുവെന്നും പഠിപ്പിക്കാനായിരുന്നു ഇത്.

## അവസരോചിത വിവരണങ്ങൾ

ഉമർ(റ) നിവേദനം: യുദ്ധത്തടവുകാരിൽപ്പെട്ട ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മാറോടണച്ച് മുല കൊടുക്കുന്നത് നബി(സ) കാണാനിടയായി. അപ്പോൾ നബി(സ) സ്വഹാബികളോട് പറഞ്ഞു: 'ഈ സ്ത്രീ തന്റെ കുഞ്ഞിനെ തീയിലെറിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?' സ്വഹാബികൾ ഏകസ്വരത്തിൽ പറഞ്ഞു: 'ഒരിക്കലുമില്ല റസൂലേ.' നബി(സ) പറഞ്ഞു: 'ഇവർക്ക് തന്റെ കുഞ്ഞിനോടുള്ളതിനെക്കാൾ കാരുണ്യം അല്ലാഹുവിന് അടിമകളോടുണ്ട്.

## മുൻഗാമികളുടെ കഥകൾ

കഴിഞ്ഞുപോയ പ്രവാചകന്മാരുടെയും മഹാന്മാരുടെയും ചരിത്രങ്ങൾ പഠിപ്പിച്ചുകൊടുക്കുന്നതിലൂടെ അവരുടെ ജീവിതം അനുകരിക്കാൻ പ്രേരിപ്പിക്കലുണ്ട്. നബി(സ) മുൻകഴിഞ്ഞ അമ്പിയാക്കളെക്കുറിച്ച് സ്വഹാ


ബികൾക്ക് പറഞ്ഞുകൊടുത്തി രുന്നു. 'നിശ്ചയം, അവരുടെ കഥകളിൽ വിവേകശാലികൾക്ക് ഗുണപാഠമുണ്ട്' എന്ന ഖുർആൻ വചനം ഈ കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

## പ്രശംസ, പ്രചോദനം

ചോദ്യങ്ങൾക്ക് വിദ്യാർഥികൾ നല്ല ഉത്തരങ്ങൾ നൽകുമ്പോൾ അവരെ പ്രശംസിക്കേണ്ടതുണ്ട്. അത് കൂടുതൽ പഠിക്കാനും മനസ്സിലാക്കാനും അവർക്ക് പ്രചോദനം നൽകും. ഉബയ്യുബ്നു കഅ്ബ്(റ) എന്ന ശിഷ്യനെ നബി(സ) അദ്ദേഹത്തിന്റെ സ്ഥാനപ്പേര് വിളിച്ചുകൊണ്ട് ചോദിച്ചു: 'അബൂമുൻദിർ, അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ സൂക്തം ഏതാണെന്ന് താങ്കൾക്കറിയുമോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവും അവന്റെ തിരുദൂതുമാണ് കൂടുതൽ അറിവുള്ളവർ.' തിരുദൂതർ(സ) വീണ്ടും ഇതേ ചോദ്യം ചോദിച്ചു. ഉബയ്യ്(റ) മറുപടി ആവർത്തിച്ചു. മൂന്നാമതും ചോദിച്ചപ്പോൾ ഉബയ്യ്(റ) പറഞ്ഞു: 'ആയത്തുൽ കുർസിയ്യ്.' ഉടനെ അദ്ദേഹത്തിന്റെ നെഞ്ചിൽ തട്ടിക്കൊണ്ട് റസൂൽ(സ) പറഞ്ഞു: 'അബൂമുൻദിർ, അല്ലാഹു സത്യം, വിജ്ഞാനം താങ്കൾക്ക് സന്തോഷം നൽകട്ടെ.' (സ്വഹീഹ് മുസ്‌ലിം)

## ചോദ്യങ്ങൾക്കുള്ള ഉത്തരം

അല്ലാഹുവിന്റെ സന്ദേശവാഹകനായ നബി(സ) സ്വഹാബികളുന്നയിച്ച പല ചോദ്യങ്ങൾക്കും 'എനിക്കറിയില്ല' എന്ന് മറുപടി നൽകുകയോ മൗനം ദീക്ഷിക്കുകയോ ചെയ്തതായി കാണാം. അതൊരു കുറവായി കണ്ടിരുന്നില്ല; എന്നല്ല, അറിയാത്ത കാര്യങ്ങൾ അറിയില്ലെന്നു പറയൽ അറിവിന്റെ ഭാഗമാണെന്നു പഠിപ്പിക്കുകയും ചെയ്തു. ഏറ്റവും മോശമായ നാടേതാണെന്ന് ചോദിച്ചയാളോട് എനിക്കറിയില്ലെന്ന് നബി(സ) മറുപടി പറഞ്ഞതായി കാണാം. കുങ്കുമച്ചായം മുക്കിയ വസ്ത്രം ധരിച്ച് ഇഹ്റാം ചെയ്ത ഒരാൾ തിരുദൂതരുടെ അരികെ



**അല്ലാഹുവിന്റെ സന്ദേശവാഹകനായ നബി(സ) സ്വഹാബികളുന്നയിച്ച പല ചോദ്യങ്ങൾക്കും 'എനിക്കറിയില്ല' എന്ന് മറുപടി നൽകുകയോ മൗനം ദീക്ഷിക്കുകയോ ചെയ്തതായി കാണാം. അതൊരു കുറവായി കണ്ടിരുന്നില്ല; എന്നല്ല, അറിയാത്ത കാര്യങ്ങൾ അറിയില്ലെന്നു പറയൽ അറിവിന്റെ ഭാഗമാണെന്നു പഠിപ്പിക്കുകയും ചെയ്തു. ഏറ്റവും മോശമായ നാടേതാണെന്ന് ചോദിച്ചയാളോട് എനിക്കറിയില്ലെന്ന് നബി(സ) മറുപടി പറഞ്ഞു.**

വന്ന് താനെന്തു ചെയ്യണമെന്നന്വേഷിച്ചപ്പോൾ മറുപടിയൊന്നും പറയാതെ മൗനമവലംബിക്കുകയാണ് ചെയ്തത്. പിന്നീട് അല്ലാഹുവിന്റെ നിർദ്ദേശം ലഭിച്ചപ്പോൾ ചോദ്യകർത്താവിനെ അന്വേഷിക്കുകയും ''നിന്റെ ജുബ്ബ അഴിച്ചെടുത്ത് അതിലെ കുങ്കുമച്ചായം കഴുകിക്കളയുക. ഹജ്ജിൽ ചെയ്യുന്ന കാര്യങ്ങളെല്ലാം നിന്റെ ഉംറയിലും ചെയ്യുക'' എന്ന് പറയുകയും ചെയ്തു. (സ്വഹീഹ് മുസ്‌ലിം) ഇതുപോലെ ധാരാളം സംഭവങ്ങൾ വേറെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

## തമാശകൾ

കാര്യങ്ങൾ അനായാസം സംവേദനം ചെയ്യാൻ തമാശകൾ കലർത്തിയുള്ള സംസാരം സഹായിക്കും. നബിജീവിതത്തിൽ ഇതിനും മാതൃകയുണ്ട്. 'തമാശയാണെങ്കിലും ഞാൻ സത്യം മാത്രമേ പറയൂ' എന്ന് തിരുനബി(സ) പറഞ്ഞതായി ഹദീസുകളിൽ കാണാം. ഒരു വൃദ്ധ നബി(സ)യുടെ അടുത്തുവന്ന് തനിക്ക് സ്വർഗപ്രവേശം ലഭിക്കാൻ പ്രാർഥിക്കണമെന്നാവശ്യപ്പെട്ടു. അപ്പോൾ അവിടുന്ന് തമാശ രൂപേണ പ്രതികരിച്ചു: 'ഉമ്മാ, വൃദ്ധകൾക്ക് സ്വർഗത്തിൽ പ്രവേശനമില്ലല്ലോ.' അതു കേട്ടപ്പോൾ ആ സ്ത്രീ കരയാൻ തുടങ്ങി. സ്വഹാബികൾ ഈ കാര്യമുണർത്തിയപ്പോൾ നബി(സ) പറഞ്ഞു: 'സ്വർഗത്തിൽ പ്രവേശിക്കുന്നവരെല്ലാം ചുറുചുറുക്കുള്ള കന്യകമാരായിരിക്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. അതാണ് ഞാൻ ഉദ്ദേശിച്ചത്.' എത്ര മനോഹരമായാണ് ഒരു അറിവ് നബി(സ) സ്വഹാബികൾക്ക് പകർന്നുകൊടുത്തതെന്നു നോക്കൂ...

നബിപഠനം

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# തിരുനബി(സ)യുടെ കുടുംബജീവിതം

സുരക്ഷിതമായ സമൂഹനിർമ്മിതിക്ക് ഭദ്രമായ കുടുംബസംവിധാനം അനിവാര്യമാണ്. സമൂഹജീവിയായ മനുഷ്യന്റെ ആദ്യ പാഠശാലയാണ് കുടുംബം. സന്തോഷവും സമാധാനവും കളിയാടുന്ന ഇടങ്ങളായിരിക്കണം നമ്മുടെ കുടുംബം. കുടുംബാംഗങ്ങൾ അനുവർത്തിക്കേണ്ട പെരുമാറ്റച്ചട്ടങ്ങളെ ഏറെ പ്രാധാന്യത്തോടെ ഇസ്‌ലാം വിവരിച്ചിട്ടുണ്ട്. അവ പ്രയോഗവൽക്കരിക്കുന്നതിൽ തിരുനബി(സ) സമ്പൂർണമായി വിജയിക്കുകയും ചെയ്തു.

കുടുംബത്തിന്റെ അസ്ഥിവാരമുറപ്പിക്കുന്ന വിവാഹത്തെയും ഇണജീവിതത്തെയും സൂചിപ്പിച്ച് വിശുദ്ധഖുർആൻ നടത്തുന്ന പ്രസ്താവനയിൽ നിന്നു തന്നെ കുടുംബത്തിന്റെ അടിത്തറ സ്നേഹസൗഹാർദ്ദമാണെന്ന് ബോധ്യപ്പെടുന്നുണ്ട്. 'നിങ്ങളിൽ നിന്നു തന്നെ നിങ്ങളുടെ ഇണകളെ സൃഷ്ടിച്ച് നിങ്ങൾക്ക് സമാധാനജീവിതത്തിന് വഴിയൊരുക്കിയത് അല്ലാഹുവിന്റെ ദൃഷ്ടാന്തമാണ്. നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ചിന്തിക്കുന്നവർക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.' (സൂറതുറൂം: 21)

സ്നേഹം, സമാധാനം, കാരുണ്യം തുടങ്ങിയ അടിത്തറയിലാണ് അല്ലാഹു വിവാഹവും കുടുംബവും സംവിധാനിച്ചിരിക്കുന്നത്. ദമ്പതികൾ തമ്മിലുള്ള ഇണജീവിതത്തിന്റെ മനോഹാരിതയെ സൂചിപ്പിക്കാൻ വിശുദ്ധഖുർആൻ ഉപയോഗിച്ച ഉപമ ഏറെ ശ്രദ്ധേയമാണ്. 'അവർ നിങ്ങൾക്കും നിങ്ങൾ അവർക്കും വസ്ത്രങ്ങളാകുന്നു.' (സൂറതുൽബഖറ: 187)

മനുഷ്യകുലത്തിന് മുഴുവൻ മാതൃകായോഗ്യവും അനുകരണീയവുമായ ജീവിതമായിരുന്നു തിരുനബി(സ)യുടേത്. ഒരു കുടുംബനാഥനെന്ന നിലയിൽ വഹിക്കേണ്ടി വരുന്ന എല്ലാ ചുമതലകളും പദവികളും സമ്പൂർണ്ണമായ രൂപത്തിൽ തന്നെ നിറവേറ്റാൻ നബി(സ)ക്ക് സാധിച്ചു. ഭാര്യമാർക്കിടയിൽ നീതിമാനായ ഭർത്താവായും മക്കൾക്കും പേരമക്കൾക്കുമിടയിൽ സ്നേഹവത്സലനായ പിതാവായും കാരുണ്യവാനായ പിതാമഹനായും തിരുനബി(സ) വർത്തിച്ചു. വൈവാഹിക ജീവിതത്തിന്റെ കെട്ടുറപ്പും ഭദ്രതയും പരസ്പര സ്നേഹത്തിലും വിശ്വാസത്തിലുമാണ്. അതുകൊണ്ടു തന്നെ ഭാര്യമാരുമായി സ്നേഹത്തിൽ വർത്തിക്കാനും മാന്യമായി പെരുമാറാനും നബി(സ) പഠിപ്പിച്ചു. നിസ്സാര വിഷയങ്ങൾക്കു പോലും ഭാര്യമാരുടെ മേൽ ആക്ഷേപം ചൊരിയുകയും മർദ്ദിക്കുകയും ചെയ്യുന്ന ഭർത്താക്കന്മാർക്ക് മുത്തുനബി(സ)യുടെ കുടുംബജീവിതത്തിൽ നിന്ന് ഏറെ പകർത്താനുണ്ട്.

സന്തുഷ്ടദാമ്പത്യമാണ് കുടുംബത്തിന്റെ ഹൃദയം. കുടുംബത്തിന്റെ അടിത്തറ ദമ്പതികൾ തമ്മിലുള്ള ശക്തമായ ബാന്ധവമാണ്. കുടുംബാംഗങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ രമ്യമായി പരിഹരിക്കാൻ ശ്രമിക്കുമ്പോഴാണ് കുടുംബാംഗങ്ങളെല്ലാം സന്തുഷ്ടരാകുന്നത്. പരസ്പരം കുറ്റപ്പെടുത്തുന്നതും പഴിചാരുന്നതും ഒഴിവാക്കി, തൃപ്തികരമായ പരിഹാരങ്ങൾ കണ്ടെത്തി സന്തോഷകരമായ ജീവിതം കെട്ടിപ്പടുക്കാനാണ് നാം ശ്രമിക്കേണ്ടത്. കുടുംബത്തോട് കൂടുതൽ മാന്യതയോടെ പെരുമാറിയ അവിടുന്ന് കുടുംബം സന്തുഷ്ടമാക്കേണ്ടതിന്റെ അനിവാര്യതയും എടുത്തുപറഞ്ഞു: 'കുടുംബത്തോട് ഗുണപരമായി വർത്തിക്കുന്നവനാണ് നിങ്ങളിലെ ഗുണവാന്മാർ. കുടുംബത്തോട് നല്ല നിലയിൽ വർത്തിക്കുന്നതിൽ ഞാൻ നിങ്ങളിൽ ഏറ്റവും ഉത്തമനാണ്.' (തിർമുദി: 3895) ഒരു കുടുംബനാഥൻ എങ്ങനെയായിരിക്കണമെന്ന് ഒറ്റ വാചകത്തിൽ പഠിപ്പിക്കുകയാണ് നബി(സ). ഞാൻ നിങ്ങൾക്കിടയിൽ ഉത്തമകുടുംബനാഥനാണ് എന്നതിലൂടെ നിങ്ങളെല്ലാം എന്നെ അനുകരിച്ച് നല്ല കുടുംബനാഥനായിത്തീരണമെന്ന സന്ദേശമാണ് നൽകുന്നത്.

പ്രവാചകരുടെ കുടുംബജീവിതത്തിന്റെ സുന്ദരമായ മുഹൂർത്തങ്ങൾ ചരിത്രത്തിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്. പ്രഥമ ഭാര്യ ഖദീജബീവി(റ)യുമായുള്ള ജീവിതം എല്ലാ അർത്ഥത്തിലും പുഷ്കലമായിരുന്നു. ഇബ്റാഹീം(റ) അല്ലാത്ത ആറ് സന്താനങ്ങളും



ഖദീജബീവി(റ)യിലാണ് പിറന്നത്. പ്രസ്തുത കാര്യം നബി(സ) അവരുടെ മരണാനന്തരവും അനുസ്മരിച്ചിരുന്നു. ഖദീജബീവി(റ)യുടെ കൂട്ടുകാരികൾക്ക് അവിടുന്ന് സമ്മാനം കൊടുത്തയച്ചിരുന്നു.

ദമ്പതികളുടെ വൈകാരികവും ശാരീരികവുമായ അടുപ്പമാണല്ലോ സന്തുഷ്ടകുടുംബത്തിന്റെ നെടുംതൂൺ. ശാരീരികമായ അടുപ്പം ദാമ്പത്യത്തിൽ സ്നേഹവും ഊഷ്മളതയും നിലനിർത്താൻ സഹായകമാണ്. ഒരുമിച്ചിരുന്നു സംസാരിക്കാനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനും പരസ്പരം സ്നേഹം പങ്കുവെക്കാനും ചെറിയ കാര്യങ്ങളിൽ പോലും പരസ്പരം സന്തോഷം പങ്കിടാനും തിരുനബി(സ) ശ്രമിച്ചിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. ആഇശാബീവി(റ) പറയുന്നു: 'ഞാനും നബി(സ)യും ഒരു പാത്രം വെള്ളത്തിൽ നിന്ന് ഒരുമിച്ച് കുളിക്കാറുണ്ടായിരുന്നു.' (സ്വഹീഹുൽബുഖാരി: 299)

സന്തുഷ്ടദാമ്പത്യത്തിന്റെ മകുടോദാഹരണമായിരുന്നു തിരുനബി(സ)യും ഭാര്യമാരും തമ്മിലുള്ള ജീവിതം. ദിവ്യബോധനത്തിന്റെ തുടക്കത്തിൽ, അസ്വസ്ഥനായി നബി(സ) ഹിറാഗുഹയിൽ നിന്ന് വന്നത് പ്രിയതമ ഖദീജ(റ)യുടെ ചാരത്തേക്കായിരുന്നു. ഭർത്താവിന്റെ അടുത്തിരുന്ന് ആശ്വസിപ്പിക്കുമ്പോൾ അവർ പറഞ്ഞ വാക്കുകൾ അക്ഷരാർത്ഥത്തിൽ പ്രവാചകർക്ക് ആശ്വാസത്തിന്റെ കുളിർമഴയായി അനുഭവപ്പെടുകയും ചെയ്തു. 'അങ്ങ് സന്തോഷവാനായിരിക്കുക. സത്യമായും അല്ലാഹു ഒരിക്കലും അങ്ങയെ നിന്ദ്യനാക്കുകയില്ല. താങ്കൾ കുടുംബബന്ധം ചേർക്കുന്നു, സത്യം മാത്രം പറയുന്നു, പ്രയാസങ്ങൾ സഹിക്കുന്നു, പ്രയാസപ്പെടുന്നവരെ സഹായിക്കുന്നു.'

സന്ദർഭത്തിന്നനുസരിച്ചുയർന്ന് ഭർത്താവിനെ ആശ്വസിപ്പിച്ചെങ്കിലും എന്താണു സംഭവിച്ചതെന്നതിൽ ഖദീജബീവി(റ)ക്ക് ഭയമുണ്ടായിരുന്നു. എന്നാലും പ്രിയതമനെ ആശ്വസിപ്പിക്കുന്നതിന്നാണ് മഹതി ആ സമയത്ത് പ്രാധാന്യം കൊടുത്തത്. പിന്നീട് അവർ ഭർത്താവിനെയും കൂട്ടി തന്റെ ബന്ധുവും വേദപണ്ഡിത

> **ദമ്പതികളുടെ വൈകാരികവും ശാരീരികവുമായ അടുപ്പമാണല്ലോ സന്തുഷ്ടകുടുംബത്തിന്റെ നെടുംതൂൺ. ശാരീരികമായ അടുപ്പം ദാമ്പത്യത്തിൽ സ്നേഹവും ഊഷ്മളതയും നിലനിർത്താൻ സഹായകമാണ്. ഒരുമിച്ചിരുന്നു സംസാരിക്കാനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനും പരസ്പരം സ്നേഹം പങ്കുവെക്കാനും ചെറിയ കാര്യങ്ങളിൽ പോലും പരസ്പരം സന്തോഷം പങ്കിടാനും തിരുനബി(സ) ശ്രമിച്ചിരുന്നുവെന്ന് ചരിത്രത്തിൽ കാണാം.**

**നബി(സ) മക്കയിൽ വന്നപ്പോൾ ബനൂമുത്വലിബി ലെ കൊച്ചുകുട്ടികൾ അദ്ദേഹത്തെ സ്വീകരിച്ചു. അപ്പോൾ അവരിൽ ഒരുവനെ ഒട്ടകപ്പുറത്ത് തന്റെ മുമ്പിലും മറ്റൊരുവനെ തന്റെ പിറകിലും ഇരു ത്തി. (ബുഖാരി) ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) ഒരിക്കൽ ഹസൻ(റ)വിനെ ചുമലിലേറ്റി കളിക്കുകയായിരുന്നു. അത് കാണാനിടയായ ഒരാൾ ഇങ്ങനെ പറഞ്ഞു: 'കുട്ടീ, നീ കയറിയിരി ക്കുന്ന വാഹനം മുന്തിയതു തന്നെ.' നബി(സ) പറഞ്ഞു: 'യാത്രക്കാരനും മുന്തിയതു തന്നെ!'**

നുമായ വറഖതുബ്നു നൗഫ ലിനെ സമീപിച്ചു. അദ്ദേഹം വേദജ്ഞാനത്തിന്റെ അടിസ്ഥാ നത്തിൽ തിരുനബി(സ)യുടെ അടുത്തു വന്നത് അല്ലാഹുവിൽ നന്നുള്ള മലകാണെന്നും മുഹ മ്മദ്(സ) പ്രവാചകരാണെന്നും സ്ഥിരീകരിച്ചു. അപ്പോഴാണ് ഖദീ ജ(റ)ക്ക് ആശ്വാസമായത്.

ദാമ്പത്യത്തിൽ കല്ലുകടികൾ സ്വാഭാവികമാണ്. പരസ്പരം പൊരുത്തപ്പെട്ട് നിൽക്കാനാണ് ഇസ്ലാമിന്റെ ശാസന.

ഖുർആൻ പറയുന്നു: 'നിങ്ങൾ ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുക; അവരെ വെറു ക്കാൻ കാരണമാകുന്ന കാര്യങ്ങ ളുണ്ടായാൽ പോലും. കാരണം, നിങ്ങൾക്ക് അനിഷ്ടമുള്ള കാ ര്യത്തിലും അല്ലാഹു ധാരാളം നന്മകൾ നിശ്ചയിച്ചിട്ടുണ്ടാവും.' (അന്നിസാഅ്) ഈ ആയതിന്റെ വ്യാഖ്യാനത്തിൽ അല്ലാമാ ഇബ് നുകസീർ വിശദീകരിക്കുന്നു: അവളിൽ നിന്ന് ഇഷ്ടപ്പെടുന്നതി ന് സമാനമായ വിധം നീ പ്രവർ ത്തിക്കുക. അഥവാ, അവരോട് നല്ല വർത്തമാനങ്ങൾ പറയുക. നിങ്ങളുടെ പ്രവർത്തനങ്ങളും നിങ്ങളുടെ രൂപങ്ങളും കഴിയും വിധം നന്നാക്കുക. നബി(സ) മനോഹരമായി പെരുമാറുന്നവ രും സദാ സംതൃപ്തി പ്രകടിപ്പി ക്കുന്നവരുമായിരുന്നു. അവിടുന്ന് ഭാര്യമാരോടൊപ്പം കളിതമാശ കളിലേർപ്പെട്ടിരുന്നു. സൗമ്യ മായാണ് പെരുമാറിയിരുന്നത്. ഭക്ഷണകാര്യത്തിൽ വിശാലത ചെയ്തുകൊടുത്തിരുന്നു. ഒരു മിച്ചിരിക്കാവുന്ന സാഹചര്യങ്ങ ളുണ്ടാക്കിയിരുന്നു. (തഫ്സീർ ഇബ്നുകസീർ)

'ഒരു വിശ്വാസിയും വിശ്വാ സിനിയായ തന്റെ ഇണയോട് പിണങ്ങരുത്. അവളിൽ നിന്ന് അനിഷ്ടകരമായ സമീപനം അനു ഭവപ്പെട്ടാൽതന്നെ ഇഷ്ടപ്പെടുന്ന മറ്റനേകം സ്വഭാവങ്ങളും അവളി ലുണ്ടാവുമല്ലോ.' (മുസ്ലിം) ഈ ഹദീസ് വിശദീകരിച്ചുകൊണ്ട് ഇമാം നവവി(റ) രേഖപ്പെടുത്തു ന്നു: അനിഷ്ടകരമായ കാര്യങ്ങൾ അവളിൽ നിന്ന് സംഭവിച്ചാലും അവളോട് ദേഷ്യപ്പെടുന്നത് നബി(സ) നിരോധിച്ചിരിക്കയാ ണ്. ഇഷ്ടമുള്ളതും അവളിൽ നിന്നുണ്ടാകുമെന്നതാണ് കാ രണം. പരുക്കൻ സ്വഭാവക്കാ രിയാകുമ്പോൾ തന്നെ അവൾ മതകാര്യങ്ങളിൽ കണിശതയു ള്ളവളാകാം. സൗന്ദര്യമുള്ള വളാകാം. പരിശുദ്ധയാകാം. ഭർത്താവിനോട് സൗമ്യയായി പെരുമാറുന്നവളാകാം. ഇങ്ങനെ യുള്ള നല്ല ഗുണങ്ങൾ മാനിക്ക ണമല്ലോ. (ശർഹുമുസ്ലിം)

അനാഥത്വത്തിന്റെ എല്ലാ വേ ദനകളും അറിഞ്ഞിരുന്ന തിരുന ബി(സ), മക്കൾക്കും പേരമക്കൾ ക്കും മതിവരുവോളം സ്നേഹം നൽകി. അനസ്(റ) നിവേദനം: നബി(സ) പ്രിയപുത്രൻ ഇബ്റാ ഹീമിനെ വാരിയെടുത്ത് മുത്തിമ ണത്തു. (ബുഖാരി: 1303, മുസ് ലിം: 2315)

ഇബ്നുഅബ്ബാസ്(റ) പറയു ന്നു: നബി(സ) മക്കയിൽ വന്ന പ്പോൾ ബനൂമുത്വലിബിലെ കൊച്ചുകുട്ടികൾ അദ്ദേഹത്തെ സ്വീകരിച്ചു. അപ്പോൾ അവരിൽ ഒരുവനെ ഒട്ടകപ്പുറത്ത് തന്റെ മുമ്പിലും മറ്റൊരുവനെ തന്റെ പിറകിലും ഇരുത്തി. (ബുഖാരി) ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ) ഒരിക്കൽ ഹസൻ(റ) വിനെ ചുമലിലേറ്റി കളിക്കുകയാ യിരുന്നു. അത് കാണാനിടയായ ഒരാൾ ഇങ്ങനെ പറഞ്ഞു: 'കുട്ടീ, നീ കയറിയിരിക്കുന്ന വാഹനം മുന്തിയതു തന്നെ.' നബി(സ) പറഞ്ഞു: 'യാത്രക്കാരനും മുന്തി യതു തന്നെ!' (തിർമുദി)

കുഞ്ഞുഉമാമയെ ചുമന്നു നിസ്കാരം നിർവഹിച്ചിരുന്ന തിരുനബി(സ)യെ ചരിത്രത്തിൽ കാണാം. അബൂഖതാദ(റ) നിവേ ദനം: നബി(സ) അവിടുത്തെ മകളായ സൈനബ്(റ)വിന്റെ മകൾ ഉമാമതിനെ ചുമലിലിരു ത്തി ജനങ്ങൾക്ക് നിസ്കാരത്തി ന് നേതൃത്വം കൊടുക്കുന്നത് ഞാൻ കണ്ടു. അവിടുന്ന് റുകൂഅ് ചെയ്യുമ്പോൾ ഉമാമതിനെ താ ഴെവെക്കും. സുജൂദിൽ നിന്നുയ രുമ്പോൾ വീണ്ടും ചുമലിലിരു ത്തും. (മുസ്ലിം)

മാതാപിതാക്കളോടുള്ള പെ രുമാറ്റം എങ്ങനെയാകണമെന്ന് ഖുർആൻ പരാമർശിക്കുന്നു: 'നിങ്ങളുടെ നാഥൻ (അല്ലാഹു) വിധിച്ചിരിക്കുന്നു; അവനെയ ല്ലാതെ ആരാധിക്കരുതെന്നും മാതാപിതാക്കളോട് നന്മയിൽ വർത്തിക്കണമെന്നും. നിങ്ങളുടെ മാതാപിതാക്കൾക്കോ അവരിൽ ഒരാൾക്കോ വാർധക്യം ബാധി ച്ചാൽ അരോചകമായതൊന്നും അവരോട് നിങ്ങൾ പറയരുത്. അവരോട് കയർത്ത് സംസാരി ക്കുകയുമരുത്. അവരോട് മാന്യ മായി സംസാരിക്കണം. അവർക്ക് നിങ്ങൾ കാരുണ്യത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കണം. അവർക്ക് കാരുണ്യം വർഷിക്കാൻ റബ്ബി നോട് പ്രാർഥിക്കുകയും വേ ണം.' (ഇസ്റാഅ്: 23,24)

ചോദ്യോത്തരം/ ശാഫിഇൗ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# കൊലയാളിക്ക് മാപ്പു നൽകൽ

***ചോദ്യം: കഴിഞ്ഞ ലക്കം ചോദ്യോത്തരത്തിൽ മുബ്തദി ഉകളോടുള്ള ബന്ധവിച്ഛേദത്തെ ക്കുറിച്ച് വായിച്ചു. എന്നാൽ ഇക്കാലത്ത് ഇത്തരം ബഹിഷ്ക രണങ്ങൾകൊണ്ടൊന്നും അവ രെ മാറ്റിയെടുക്കാൻ കഴിയാത്ത തിനാൽ ബന്ധവിച്ഛേദത്തിന്റെ ആവശ്യമില്ലെന്ന് ചിലർ പറയു ന്നു. അതിനെക്കുറിച്ച് എന്ത് പറയുന്നു?***

***അബ്ദുല്ല പിലാത്തറ***

**ഉത്തരം:** അത് ശരിയല്ല. അവർ ബിദ്അത്ത് ഒഴിവാക്കു കയില്ലെങ്കിലും ബന്ധവിച്ഛേദം ആവശ്യമാണെന്ന് അല്ലാമാ അലി യ്യുശ്ശബ്റാമല്ലസി(റ) ഹാശിയത്തു ന്നിഹായയിൽ (6/390) രേഖപ്പെടു ത്തിയിരിക്കുന്നു. മുബ്തദിഇനെ ബിദ്അത്തിൽ നിന്ന് മാറ്റിയെടു ക്കുക എന്നത് മാത്രമല്ല; മറ്റുള്ള വർ ബിദ്അത്തിൽ അകപ്പെട്ടു പോകുന്ന സാഹചര്യം ഇല്ലാതാ ക്കലും അതിന്റെ ലക്ഷ്യമാണ്. മുബ്തദിഇന്റെ സലാം മടക്കേ ണ്ടതില്ലെന്നതിന് കാരണമായി ഇമാം ഇബ്നുഹജർ(റ) പറഞ്ഞ ത് അവനെയോ മറ്റുള്ളവരെയോ ബിദ്അത്തിൽ നിന്ന് തടയുക എന്നതാണ്. (തുഹ്ഫ 9/224)

മതപണ്ഡിതരും സജ്ജനങ്ങ ളും മുബ്തദിഇനെ തുടർന്നു നിസ്കരിക്കൽ ഹറാമാണെന്ന തിന് കർമ്മശാസ്ത്ര ഇമാമുകൾ പറഞ്ഞ കാരണം, മുബ്തദിഇന്റെ മാർഗം കുഴപ്പമില്ലാത്തതാണെന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കും എന്ന താണ്. (ശറഹുബാഫള്ൽ)

***ചോദ്യം: ഇസ്ലാമിൽ കൊ ലപാതകം വൻദോഷമാണല്ലോ. കൊലയാളിക്ക് വധശിക്ഷയാ ണ് ഇസ്ലാം വിധിച്ചിട്ടുള്ളത്. എന്നിരിക്കെ ക്രൂരമായി കൊല പാതകം ചെയ്ത ഒരാളെ രക്ഷി ക്കാനും കൊലക്കുറ്റത്തിന് മാപ്പ് വാങ്ങിക്കൊടുക്കാനും ശ്രമം നടത്തുന്നത് ശരിയാണോ? അതിന്റെ ഇസ്ലാമികനിയമം എന്താണ്?***

**ഉത്തരം:** കൊലപാതകം മഹാ പാപമാണ്. ഇസ്ലാമിക ഭരണ സംവിധാനത്തിൽ കൊലപാത കത്തിന് വധശിക്ഷയുണ്ടെന്നത് ശരിയാണ്. എന്നാൽ കൊലചെ യ്യപ്പെട്ടവന്റെ അവകാശികൾ ഘാ തകന് മാപ്പു നൽകിയില്ലെങ്കിൽ മാത്രമേ വധശിക്ഷ നടപ്പാക്കു കയുള്ളൂ. അവർ മാപ്പാക്കിയാൽ വധശിക്ഷ നടപ്പിലാക്കാവുന്നതല്ല.

കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ കൊലയാളിക്കു മാപ്പ് നൽകൽ അനുവദനീയമാണെന്നു മാത്ര മല്ല, അതവർക്ക് പുണ്യകർമ്മമാ ണെന്നാണ് ഇസ്ലാമിക നിയ മം. ദിയ അഥവാ, സാമ്പത്തിക നഷ്ടപരിഹാരത്തിന് പകരമായും ദിയ വാങ്ങാതെ സൗജന്യമായും മാപ്പാക്കാവുന്നതാണ്.

ഇസ്ലാമിക കർമ്മശാസ്ത്ര ഇമാമുകൾ രേഖപ്പെടുത്തിയത് കാണുക: കൊലചെയ്യപ്പെട്ടവന്റെ അവകാശികൾ ഘാതകന് മാപ്പു നൽകൽ ശക്തമായ സുന്നത്താ ണ്. ധനം സ്വീകരിക്കാതെ മാപ്പു നൽകലാണ് ഏറെ ഉത്തമം. വിശുദ്ധ ഖുർആൻ വചനങ്ങളും നബിവചനങ്ങളുമാണ് ഇതിന്റെ പ്രമാണം. (തുഹ്ഫ 8/445)

വിശുദ്ധ ഖുർആൻ പറയുന്നു: കൊലപാതകങ്ങളിൽ ഖിസ്വാസ് (പ്രതിക്രിയാ വധം) നിർദ്ദേശി ക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു കൊലയാളിക്ക് തന്റെ സഹോ ദരൻ മാപ്പു നൽകുകയാണെ ങ്കിൽ ന്യായമായ നഷ്ടപരിഹാരം സ്വീകരിക്കാവുന്നതും അത് നല്ല നിലയിൽ കൊടുത്തു വീട്ടേ ണ്ടതുമാണ്. നിങ്ങളുടെ നാഥ നിൽ നിന്നുള്ള ആശ്വാസവും അനുഗ്രഹവുമാണിത്. (വിശുദ്ധ ഖുർആൻ 2/178)

തിന്മയുടെ പ്രതിഫലം അതി നനുസരിച്ചാകുന്നു. എന്നാൽ വല്ല വനും മാപ്പു നൽകുകയും നന്മ പ്രവർത്തിക്കുകയുമാണെങ്കിൽ അവന് പ്രതിഫലം നൽകാമെന്ന് അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. (വിശുദ്ധ ഖുർആൻ 42/40)

അനസ്(റ) പറയുന്നു: നബി(സ)യുടെ മുന്നിലെത്തിയ കൊലപാതകക്കേസുകളിലെല്ലാം ഘാതകന് മാപ്പു നൽകാൻ നിർ ദ്ദേശിക്കാറുണ്ടായിരുന്നു. (അഹ്മദ്, ബൈഹഖി)

ഇസ്ലാമികനിയമവ്യവസ്ഥ യിൽ കൊലയാളിക്ക് വധശിക്ഷ നൽകുന്ന വകുപ്പുണ്ടെങ്കിലും കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ ക്ക് ഏറെ ശ്രേഷ്ഠമായത് മാപ്പു നൽകലാണെന്നും അത് വിശു ദ്ധഖുർആനും തിരുസുന്നത്തും പ്രോത്സാഹിപ്പിച്ച കാര്യമാണെ



കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ കൊലയാളിക്കു മാപ്പ് നൽകൽ അനുവദനീയമാണെന്നു മാത്രമല്ല, അതവർക്ക് പുണ്യകർമ്മമാണെന്നാണ് ഇസ്‌ലാമിക നിയമം. ദിയ അഥവാ, സാമ്പത്തിക നഷ്ടപരിഹാരത്തിന് പകരമായും ദിയ വാങ്ങാതെ സൗജന്യമായും മാപ്പാക്കാവുന്നതാണ്.

ന്നും മേൽവിവരണത്തിൽ നിന്ന് വ്യക്തമാണല്ലോ. അക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുന്നതും അതിനു പ്രോത്സാഹിപ്പിക്കുന്നതും തെറ്റല്ലല്ലോ.

***ചോദ്യം: തിരുനബി(സ) ജനിച്ച ദിവസത്തിന്റെ പ്രത്യേകത റബീഉൽഅവ്വൽ 12 ന്റെ രാത്രിക്ക് മാത്രമാണെന്നു പറഞ്ഞു കേൾക്കുന്നത് ശരിയാണോ? ആ പകലിനും പ്രത്യേകതയില്ലേ?***

**ഉത്തരം:** അബൂഖതാദ(റ) പറയുന്നു: തിങ്കളാഴ്ച നോമ്പിനെക്കുറിച്ച് തിരുനബി(സ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'തിങ്കളാഴ്ചയാണ് ഞാൻ ജനിച്ചത്.' (സ്വഹീഹ് മുസ്‌ലിം) തിരുനബി(സ)യുടെ ജനനദിവസത്തെ പകലിന് പ്രാധാന്യമുണ്ടെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ.

***ചോദ്യം: ഒരു വസ്തു വിൽപ്പന നടത്തുമ്പോൾ വസ്തു വാങ്ങുന്നവൻ അത് മറ്റൊരാൾക്ക് വിൽക്കരുതെന്ന് നിബന്ധന വെക്കാമോ? അങ്ങനെ നിബന്ധന വെച്ച് വില്പന നടത്തിയാൽ വാങ്ങിയവൻ മറ്റൊരാൾക്ക് വിൽക്കുന്നത് ശരിയാണോ?***

**ഉത്തരം:** മറ്റൊരാൾക്ക് വിൽക്കരുതെന്ന നിബന്ധനയോടെയുള്ള വിൽപ്പന സ്വഹീഹല്ല; അസാധുവാണ്. ഇടപാടിൽ നിബന്ധനയാക്കാതെ അപ്രകാരം ആവശ്യപ്പെടുന്നതുകൊണ്ട് കുഴപ്പമില്ല. എങ്കിലും അത് വാങ്ങിയവൻ വില്പന നടത്തുന്നതിന് തടസ്സമല്ല. (തുഹ്ഫ 6/173, അസ്നൽ മത്വാലിബ് 2/31)

***ചോദ്യം: ഹജ്ജിനോ ഉംറക്കോ പോകുന്നവർ വകതിരിവായിട്ടില്ലാത്ത കുട്ടികളെ നാട്ടിൽ നിർത്തിപോകൽ അസൗകര്യമായതിനാൽ കൂടെ കൊണ്ടുപോവുകയാണെങ്കിൽ ആ കുട്ടികൾക്ക് വേണ്ടി മീഖാത്തിൽനിന്ന് ഇഹ്റാം ചെയ്യൽ നിർബന്ധമുണ്ടോ? മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യാതിരുന്നാൽ ഫിദ്‌യ നിർബന്ധമാകുമോ? ഇഹ്റാമിൽ കുട്ടികളെ ശ്രദ്ധിക്കൽ പ്രയാസമായതിനാൽ അവർക്ക് ഇഹ്റാം ചെയ്യാതെ, ഹജ്ജ് ഉംറ ചെയ്യിപ്പിക്കാതെ തിരിച്ചുകൊണ്ടുവന്നാൽ കുഴപ്പമുണ്ടോ?***

***അലി മുസ്‌ലിയാർ***
***ആനമങ്ങാട്***

**ഉത്തരം:** കുട്ടികൾക്ക് ഹജ്ജ്, ഉംറ, ഇഹ്റാം എന്നിവയൊന്നും നിർബന്ധമില്ലല്ലോ. എന്നാൽ കുട്ടിക്ക് വേണ്ടി വലിയ്യ് (രക്ഷിതാവ്) ഇഹ്റാം നിർവഹിക്കൽ അനുവദനീയമാണ്. വകതിരിവായ കുട്ടിയാണെങ്കിൽ രക്ഷിതാവിന്റെ സമ്മതപ്രകാരം കുട്ടി തന്നെ ഇഹ്റാം നിർവഹിക്കുകയോ കുട്ടിക്കുവേണ്ടി രക്ഷിതാവ് ഇഹ്റാം നിർവഹിക്കുകയോ ചെയ്യാവുന്നതാണ്. വകതിരിവായിട്ടില്ലെങ്കിൽ കുട്ടിക്കു വേണ്ടി വലിയ്യ് (രക്ഷിതാവ്) ഇഹ്റാം ചെയ്യുകയാണ് വേണ്ടത്.

കുട്ടിക്കുവേണ്ടി ഹജ്ജ്/ഉംറ നിർവഹിക്കണമെന്ന ഉദ്ദേശ്യം മീഖാത്തിൽവെച്ചു തന്നെ രക്ഷിതാവിനുണ്ടെങ്കിൽ മീഖാത്ത് വിട്ടുകടക്കുന്നതിനു മുമ്പ് തന്നെ കുട്ടിയുടെ ഇഹ്റാം ചെയ്യേണ്ടതുണ്ട്. ഇഹ്റാം ചെയ്യാതെ മീഖാത് വിട്ടു കടക്കുകയും പിന്നീട് ഇഹ്റാം നിർവഹിക്കുകയും ചെയ്താൽ ഫിദ്‌യ നിർബന്ധമാണ്. (തുഹ്ഫ)

അതേസമയം, കുട്ടിയുമായി മീഖാത്ത് വിട്ടു കടന്നതിനു ശേഷമാണ് കുട്ടിക്കു വേണ്ടി ഇഹ്റാമിന്റെ ഉദ്ദേശ്യം രക്ഷിതാവിനുണ്ടായതെങ്കിൽ മീഖാത്തിനു ശേഷം ഇഹ്റാം ചെയ്യാവുന്നതാണ്. അപ്പോൾ ഫിദ്‌യ നിർബന്ധമില്ല. കുട്ടികളുടെ ഉദ്ദേശ്യം പരിഗണനാർഹമല്ല. കുട്ടിക്ക് വേണ്ടി ഹജ്ജും ഉംറയും ഇഹ്റാമും എല്ലാം നിർവഹിക്കൽ അനുവദനീയമാണെന്നല്ലാതെ അത് നിർബന്ധമാണെന്നില്ല.

പുതിയ ചരിത്രാഖ്യായിക ആരംഭിക്കുന്നു

ചരിത്രാഖ്യായിക സൈനബ് ബിൻത് ഹാരിസ്(റ)

മുഹമ്മദ് പാറന്നൂർ

# മോഹവും യാഥാർത്ഥ്യങ്ങളും

ഖുറൈശികളിൽ പ്രമുഖനായ ഹാരിസിന്റെ മകൾ ബർറയ്ക്കൊരു മോഹം; മുഹമ്മദുർറസൂലുല്ലാഹിയുടെ പത്നീപദത്തിലെത്തണം. മദീനയുടെ ഭരണാധികാരിയായതിനാലോ അതിസുന്ദരനായിരുന്നതിനാലോ സർവ്വജനങ്ങളും അംഗീകരിക്കുന്ന ജനനായകനായതിനാലോ അല്ല ബർറയുടെ മനസ്സിൽ ഇങ്ങനെയൊരു മോഹം മൊട്ടിട്ടത്. അതുവഴി നേതൃപദവിയോ ഭൗതിക സുഖജീവിതമോ അവർ ആഗ്രഹിക്കുന്നുമില്ല. അവർക്കറിയാം, റസൂലുല്ലാഹിക്ക് നിരവധി ഭാര്യമാരുണ്ട്. അവരൊന്നും സുഖാഡംബരത്തിൽ കഴിയുന്നവരല്ല. മദീനാമസ്ജിദിന്റെ ഓരത്തെ ചെറുകുടിലുകളിലാണവർ വസിക്കുന്നത്. അവിടെ നേരാനേരം വിഭവസമൃദ്ധമായ ഭക്ഷണങ്ങളൊന്നുമെത്തുന്നില്ല. പലപ്പോഴും പട്ടിണിയിലാണവർ. അത്തരം വാർത്തകളൊക്കെ പലരും പറഞ്ഞു കേട്ടിട്ടുണ്ട്.

**റസൂലുല്ലാഹിക്ക് നിരവധി ഭാര്യമാരുണ്ട്. അവരൊന്നും സുഖാഡംബരത്തിൽ കഴിയുന്നവരല്ല. മദീനാമസ്ജിദിന്റെ ഓരത്തെ ചെറുകുടിലുകളിലാണവർ വസിക്കുന്നത്. അവിടെ നേരാനേരം വിഭവസമൃദ്ധമായ ഭക്ഷണങ്ങളൊന്നുമെത്തുന്നില്ല. പലപ്പോഴും പട്ടിണിയിലാണവർ.**



ഈ ഇല്ലായ്മയും വല്ലായ്മയുമൊന്നും അവരുടെ മനസ്സിലേശിയിട്ടില്ല. വിധവയാണെങ്കിലും മറ്റൊരു ഭർത്താവിനെ കിട്ടാത്ത പ്രായമൊന്നുമായിട്ടില്ല ബർറയ്ക്ക്. സൗന്ദര്യമാണെങ്കിൽ ഒട്ടും മങ്ങിയിട്ടുമില്ല. വിവാഹത്തിനു തയ്യാറാണെന്നു പറഞ്ഞാൽ തറവാട്ടുകാരായ യുവാക്കൾ തന്നെ കെട്ടിക്കൊണ്ടുപോകാൻ എത്താതിരിക്കില്ല. എന്നിട്ടും, എന്തിന് മദീനയിൽ പോയി ദരിദ്രജീവിതം നയിക്കാൻ മോഹിക്കുന്നു?

ബർറക്കതിനു വ്യക്തമായ മറുപടിയുണ്ട്: 'അല്ലാഹുവിന്റെ പ്രവാചകനാണല്ലോ മുഹമ്മദ്(സ). അവിടുത്തെ ഭാര്യാപദവിയിൽ എത്തുന്നതിനെക്കാൾ വലിയ സൗഭാഗ്യം മറ്റെന്തുണ്ട്? അവിടുത്തെ ഭാര്യമാർ ഉമ്മഹാത്തുൽ മുഅ്മിനീനാണല്ലോ; വിശ്വാസികളുടെ മാതാക്കൾ! അതിലും വലിയൊരു പദവി ഈ ലോകത്ത് ഒരു പെണ്ണിന് കിട്ടാനില്ലല്ലോ. എന്നുമാത്രമല്ല, മരണാനന്തരം പരലോകത്തെത്തുമ്പോഴും മഹനീയ പദവികളും ആദരവും അവരെ കാത്തിരിക്കുന്നു. ഈ സൗഭാഗ്യങ്ങളെല്ലാം മോഹിക്കുന്നതിൽ തെറ്റൊന്നുമില്ലല്ലോ.'

ബർറ മോഹിച്ചു. മോഹസാക്ഷാത്കാരത്തിന്നായി നിരന്തരം പ്രാർത്ഥിച്ചു. അർഹിക്കാത്തതോ അവകാശമില്ലാത്തതോ അല്ല താൻ മോഹിക്കുന്നതെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു. റസൂലുല്ലാഹിയുടെ പത്നീപഥം അലങ്കരിക്കാനുള്ള യോഗ്യതകൾ തനിക്കുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. സഹോദരി ഉമ്മുൽഫള്ൽ റസൂലുല്ലാഹിയുടെ പിതൃവ്യനായ അബ്ബാസുബ്നു അബ്ദുൽമുത്വലിബിന്റെ ഭാര്യയാണ്; മറ്റൊരു സഹോദരി ഉമ്മുസൽമ ഹംസതുബ്നു അബ്ദുൽമുത്വലിബിന്റെയും. ഹംസ നേരത്തെ തന്നെ ഇസ്ലാം സ്വീകരിച്ചു; റസൂലുല്ലാഹിയുടെ ഉത്തമ സചിവനായി ഉഹ്ദിൽ ധീര രക്തസാക്ഷിത്വം വരിച്ചു.

ആ പിതൃവ്യന്റെ മരണത്തിൽ റസൂലുല്ലാഹിക്കുണ്ടായ ദുഃഖം സുവിദിതമാണല്ലോ. ഉമ്മുൽഫള്ലിന്റെ ഭർത്താവ് അബ്ബാസ് ഇതുവരെ ഇസ്ലാമിലേക്കുള്ള പ്രവേശം പ്രഖ്യാപിച്ചിട്ടില്ലെങ്കിലും റസൂലുല്ലാഹിയുടെ വേണ്ടപ്പെട്ടവനാണ്. അഖബയിൽ വെച്ച് യസ്രിബുകാരുമായുള്ള പലായന ഉടമ്പടി നടന്നതു തന്നെ അബ്ബാസിന്റെ കാർമികത്വത്തിലാണ്. ആ അബ്ബാസിന്റെ സംരക്ഷണത്തിലാണല്ലോ ബർറ ഇപ്പോൾ താമസിക്കുന്നതും.

പിന്നെയൊരു പ്രശ്നം താൻ വിധവയാണെന്നതാണ്. മസ്ഊദുബ്നു അംറാണ് ആദ്യം വിവാഹം കഴിച്ചത്. വിധവയായപ്പോൾ അബൂറുഹ്മ് പുനർവിവാഹം ചെയ്തു. പക്ഷേ, ആ ബന്ധവും അല്പായുസ്സായിപ്പോയല്ലോ. അങ്ങനെയായിരുന്നു വിധി എന്നല്ലാതെ എന്തു കരുതാൻ! റസൂലുല്ലാഹിയെ സംബന്ധിച്ചിടത്തോളം വിധവ എന്ന പ്രശ്നം ഒരിക്കലും ഉണ്ടാകാനിടയില്ല. അവിടുത്തെ ഭാര്യമാരിൽ ആഇശ മാത്രമേയുള്ളൂ വിവാഹസമയത്ത് കന്യകയായി! അവിടുന്ന് ഇരുപത്തിയഞ്ചിലെത്തിയ കാലത്ത് ആദ്യമായി വിവാഹം ചെയ്തത് വിധവയും നാല്പതുകാരിയുമായ ഖദീജബീവിയെയാണ്. പിന്നെ വിവാഹം



ചെയ്ത സൗദ, ഉമ്മുസലമ, സൈനബ് ബിൻത് ജഹ്ശ്, ഹഫ്സ്വ, ഉമ്മുഹബീബ തുടങ്ങിയവരൊക്കെ വിധവകളായിരുന്നല്ലോ. ആ നിലയ്ക്ക് തന്റെ വൈധവ്യവും റസൂലുല്ലാഹിക്ക് തടസ്സമാകാനിടയില്ല.

ചില പ്രത്യേകതകൾ കൂടിയുണ്ടല്ലോ ഈ ബറർക്ക്. ആദ്യകാലത്ത് ഇസ്ലാമിന്റെ വെളിച്ചം ഖൽബിലാവാഹിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. കുഞ്ഞായിരുന്നപ്പോഴേ റസൂലുല്ലാഹിയെ അറിയാം.

**പിതൃവ്യന്റെ മരണത്തിൽ റസൂലുല്ലാഹിക്കുണ്ടായ ദുഃഖം സുവിദിതമാണല്ലോ. ഉമ്മുൽഫള്ലിന്റെ ഭർത്താവ് അബ്ബാസ് ഇതുവരെ ഇസ്ലാമിലേക്കുള്ള പ്രവേശം പ്രഖ്യാപിച്ചിട്ടില്ലെങ്കിലും റസൂലുല്ലാഹിയുടെ വേണ്ടപ്പെട്ടവനാണ്.**

അൽഅമീനായ അവിടുന്ന് എല്ലാവരുടെയും ഇഷ്ടക്കാരനായിരുന്നല്ലോ. അവിടുത്തെ വാക്കുകളെല്ലാം അത്യാദരവോടെയായിരുന്നു അന്നേ വീക്ഷിച്ചിരുന്നത്. അതുകൊണ്ടു തന്നെ താൻ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് പറഞ്ഞപ്പോൾ അത് സത്യമാണെന്ന് അംഗീകരിക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. കേട്ടപാടെത്തന്നെ വിശ്വസിച്ചുറപ്പിച്ചു. അങ്ങനെ ഖദീജബീവിക്ക് ശേഷം ആദ്യം വിശ്വാസിയായ പെണ്ണാണു താനെന്ന് പരിചയമുള്ളവർക്കറിയാം. അന്ന് അക്കാര്യം മറച്ചുവെക്കുകയായിരുന്നു. വിശ്വാസം വെളിപ്പെടുത്തുന്നതിലൊക്കെ വലിയ പ്രയാസങ്ങളുണ്ടായിരുന്നല്ലോ. ഒരു പെണ്ണെന്നതിലുപരി താൻ ആശ്രിതയായ ഒരു വിധവയുമാണല്ലോ.

അന്നുമുതൽ മനസ്സെപ്പോഴും റസൂലുല്ലാഹിക്കൊപ്പമായിരുന്നു. അവിടുന്ന് സഹിക്കുന്ന പ്രയാസങ്ങളിൽ മനസ്സേറെ നൊമ്പരപ്പെട്ടിട്ടുണ്ട്. ഹംസതുബ്നു അബ്ദുൽമുത്വലിബും ഉമറുബ്നു ഖത്വാബുമൊക്കെ റസൂലുല്ലാഹിയോടൊപ്പം ചേർന്നപ്പോൾ സന്തോഷത്തിലാറാടിപ്പോയിട്ടുണ്ട്. പക്ഷേ, ഖുറൈശികളുടെ ദ്രോഹത്തിനു പിന്നെയും ഒരു കുറവുമില്ലാതായപ്പോഴാണല്ലോ അവർക്ക് നാടുവിട്ടു പോകേണ്ടിവന്നത്.

അന്നേറെ മനസ്സ് നൊന്തിട്ടുണ്ട്. നല്ലവരിൽ നല്ലവരായ, നന്മ മാത്രം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളെയും അനുയായികളെയും നാട്ടിൽ നിന്ന് ഓടിക്കുന്നുവെന്നത് അന്തസ്സുള്ള ഒരു സമൂഹത്തിനും ചേർന്നതല്ലല്ലോ. എന്നിട്ടും വിശുദ്ധ കഅ്ബയുടെ ആൾക്കാർ എന്നു പറയുന്ന ഒരു വിഭാഗം ചിന്താശൂന്യർ മക്കയിൽനിന്ന് നല്ലവരുടെ ഒഴിച്ചുപോക്കിനു വഴിയൊരുക്കി. അന്നേ കരുതിയതാണ്, അതിന്റെ തിക്തഫലം മക്ക അനുഭവിക്കാതിരിക്കില്ലെന്ന്.

അധികകാലം കഴിയുന്നതിനു മുമ്പു തന്നെ അത് സംഭവിക്കുകയും ചെയ്തു. റസൂലുല്ലാഹിയെയും കൂട്ടുകാരെയും ഉന്മൂലനം വരുത്തിയേ അടങ്ങൂ എന്ന് ഹുങ്ക് പറഞ്ഞ് നാട്ടിലുള്ള നേതാക്കളെയെല്ലാം പിടിച്ചിറക്കി ആഘോഷമാക്കി മദീനയിലേക്ക് പോയ അബൂജഹ്ൽ പിന്നെ മടങ്ങിവന്നില്ല. ബദ്റിലെ പൊട്ടക്കിണറ്റിൽ അഴുകിച്ചേരാനായിരുന്നു ആ മനുഷ്യന്റെ ജഡത്തിന്റെ വിധി. അബൂജഹ്ൽ മാത്രമല്ല; മക്കയിലെ എണ്ണം പറഞ്ഞ നേതാക്കളിൽ പലരുടെയും ഗതിയും അതു തന്നെയായിരുന്നല്ലോ. ആ വിവരമറിഞ്ഞപ്പോൾ ഏറെ സന്തോഷിച്ചിട്ടുണ്ട്. പീഡിപ്പിക്കപ്പെടുന്ന ദുർബലവിഭാഗങ്ങൾ ശക്തി സംഭരിച്ച് എന്നെങ്കിലും ഉയർത്തെഴുന്നേറ്റു വരാതിരിക്കില്ലല്ലോ.

മക്കയിൽ ജ്യേഷ്ഠത്തിയോടൊപ്പമാണ് താമസിക്കുന്നത്. യസ്രിബിൽ നിന്നുള്ള വർത്തമാനങ്ങളെല്ലാം വീട്ടിലെത്തുന്നുണ്ട്. റസൂലുല്ലാഹിയുമായി നല്ല ബന്ധത്തിലാണല്ലോ അവിടുത്തെ പിതൃവ്യനും ജ്യേഷ്ഠത്തിയുടെ ഭർത്താവുമായ അബ്ബാസുബ്നു അബ്ദുൽമുത്വലിബ്. ജേഷ്ഠത്തി ഉമ്മുൽഫള്ലാവട്ടെ, എപ്പോഴും ഭർത്താവിനോട് അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും; റസൂലുല്ലാഹിയുടെ വിശേഷങ്ങൾ വല്ലതും അറിഞ്ഞോ എന്ന്. അദ്ദേഹത്തിന്നറിയാം; ഉമ്മുൽഫള്ലും ഈ ബർറയുമൊക്കെ നല്ല മുസ്‌ലിംകളാണെന്ന്. അദ്ദേഹത്തിനതിൽ യാതൊരു എതിർപ്പും അനിഷ്ടവും ഉണ്ടായിരുന്നില്ല താനും. ഉള്ളാലെ അദ്ദേഹവും മുസ്‌ലിമായിരുന്നല്ലോ.

പക്ഷേ, റസൂലുല്ലാഹിയെയും കൂട്ടുകാരെയും തകർക്കുക എന്ന ലക്ഷ്യത്തോടെ വൻപടയൊരുക്കി പുറപ്പെടുന്ന സംഘത്തിൽ അദ്ദേഹവും പങ്കാളിയാണെന്നറിഞ്ഞതോടെ വല്ലാതായിപ്പോയി എല്ലാവരും. ഉമ്മുൽഫള്ല് കഴിയുംവിധം മുടക്കാൻ ശ്രമിച്ചതാണ്, പറഞ്ഞുനോക്കിയതാണ്, ആ വയ്യാവേലിക്കു പുറപ്പെടരുതെന്ന്. പക്ഷേ, അബൂജഹ്ലിന്റെ ഇളകിയാട്ടമുണ്ടല്ലോ, അതിനു മുമ്പിൽ പിടിച്ചുനിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പോയില്ലെങ്കിൽ നാണക്കേടാവും, അപമാനവും പരിഹാസവും സഹിക്കേണ്ടിവരുമെന്നു കരുതി യുദ്ധത്തിന് പുറപ്പെടുക തന്നെ ചെയ്തു.

**യസ്രിബിൽ നിന്നുള്ള വർത്തമാനങ്ങളെല്ലാം വീട്ടിലെത്തുന്നുണ്ട്. റസൂലുല്ലാഹിയുമായി നല്ല ബന്ധത്തിലാണല്ലോ അവിടുത്തെ പിതൃവ്യനും ജ്യേഷ്ഠത്തിയുടെ ഭർത്താവുമായ അബ്ബാസുബ്നു അബ്ദുൽമുത്വലിബ്. ജേഷ്ഠത്തി ഉമ്മുൽഫള്ലാവട്ടെ, എപ്പോഴും ഭർത്താവിനോട് അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും; റസൂലുല്ലാഹിയുടെ വിശേഷങ്ങൾ വല്ലതും അറിഞ്ഞോ എന്ന്.**

അതോടെ, വീട്ടിൽ എല്ലാവർക്കും വല്ലാത്ത പേടിയായി. അബ്ബാസിന്റെ സഹോദരി ആതിഖ കണ്ട സ്വപ്നവൃത്താന്തം എല്ലാവരും അറിഞ്ഞിരുന്നല്ലോ! ഒരു സഞ്ചാരി മക്കയിൽ വന്നെന്നും അദ്ദേഹം അബ്ത്വഹിൽ വന്ന് 'വഞ്ചകരേ, മൂന്നുദിവസത്തിനുള്ളിൽ നിങ്ങളുടെ കൊലക്കളത്തിലേക്ക് പുറപ്പെട്ടുകൊള്ളുക' എന്ന് അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുവെന്നും അതുകേട്ട് ആളുകൾ ഓടിക്കൂടിയപ്പോൾ അയാൾ ഒട്ടകപ്പുറത്തുനിന്നിറങ്ങി കഅ്ബയുടെ മുകളിലും പിന്നെ അബൂഖുബൈസ് പർവ്വതത്തിനു മുകളിലും കയറി അതേ വാക്കുകൾ ആവർത്തിച്ചെന്നും അവിടെ നിന്നയാൾ ഒരു കൂറ്റൻ പാറക്കല്ല് താഴോട്ടുരുട്ടിയിട്ടെന്നും അത് താഴ്‌വാരത്തെത്തി പൊട്ടിച്ചിതറിയെന്നും അതിന്റെ ചീളുകൾ മക്കയിലെ ചെറുതും വലുതുമായ എല്ലാ വീടുകളിലും ചെന്നുവീണെന്നുമായിരുന്നു ആതിഖയുടെ സ്വപ്നം. ഭയാനകമായ ഒരു സ്വപ്നം തന്നെ! എന്തായിരിക്കും അതിന്റെ പൊരുളെന്നറിയാതെ വിഹ്വലമായിരുന്നല്ലോ പിന്നെ മനസ്സ്. ആ സാഹചര്യത്തിലാണ് അദ്ദേഹം ആയുധമണിഞ്ഞ് ഒട്ടകപ്പുറത്തു കയറി പുറപ്പെട്ടത്. പുറപ്പെട്ടില്ലെങ്കിൽ അബൂജഹ്ൽ വെറുതെ വിടില്ലെന്നറിയാമായിരുന്നതുകൊണ്ടു തന്നെയാകണം ആ പോക്ക്. എന്നിട്ടെന്ത്! അവസാനം പെരും നാണക്കേടിലാണല്ലോ അകപ്പെട്ടത്, ജീവൻ തിരിച്ചുകിട്ടിയെങ്കിലും. (തുടരും)

നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ

10

# ഓമനിച്ചതിന്റെ കേട്

പടിയിറങ്ങുമ്പോൾ ജമീല പറഞ്ഞു: 'റസിയക്കുട്ട്യേ, ഇനിയുമിങ്ങോട്ട് വരാൻ കഴിയോന്നൊന്നും തോന്ന്ണില്ലാ ട്ടോ. എന്തൊക്കെയോ സൂക്കേടുകളുണ്ട്. ചില പ്പോൾ തോന്നും, ഇപ്പോൾ മരിച്ചുപോകൂന്ന്. അങ്ങനെയായാൽ നന്നായെന്നും തോന്നും. ദുരിതം പിടിച്ച ഈ ജീവിതത്തെക്കാൾ നല്ലത് മരണം തന്നെയല്ലേ?'

നിരാശയിൽ ചാലിച്ച ആ വാക്കുകൾ കേട്ടപ്പോൾ അവളെയങ്ങനെ പറഞ്ഞയക്കാൻ തോന്നിയില്ല. കൈ കടന്നുപിടിച്ച് വരാന്തയിലെ കസേരയിലേക്ക് വലിച്ചിരുത്തി പറഞ്ഞു: 'ജമീലാ, ഇങ്ങനെയുള്ള വാക്കുകളൊന്നും പറഞ്ഞുപോകുന്നത് ശരിയല്ല. ആരാണിപ്പോൾ ജീവിതത്തിൽ ദുരിതങ്ങളും കഷ്ടപ്പാടുകളുമില്ലാത്തവരായി? നല്ല സുഖത്തിലാണെന്ന് നമ്മൾ വിചാരിക്കുന്ന അധികപേർക്കുമുണ്ടാവും താങ്ങാനാവാത്തത്ര വിഷമങ്ങൾ! സുഖക്കേടില്ലാത്തവർ ആരാണുള്ളത്? നല്ല ആരോഗ്യമുള്ളവരെന്നു നമ്മൾ വിചാരിക്കുന്ന ആളുകളിൽ പലരും മാരകമായ സുഖക്കേടും പേറി നടക്കുന്നവരല്ലേ? നമ്മുടെ കൂടെ പഠിച്ച ആ ജാനകിയും റഫീഖും രാജനുമൊക്കെ എത്ര പെട്ടെന്നാ മരിച്ചുപോയത്! നമ്മൾക്ക് പടച്ചതമ്പുരാൻ ഇത്രയൊക്കെ ആയുസ്സ് തന്നില്ലേ? അതിനു നാം പടച്ചവനോട് നന്ദിയുള്ളവരാകണം. പിന്നെ, വിഷമങ്ങളുണ്ടാകുമ്പോൾ ക്ഷമയാണു വേണ്ടത്. പടച്ചോൻ നമ്മളെ പരീക്ഷിക്കുകയാണ്. ക്ഷമിച്ചാൽ അവൻ സഹായിക്കും. ബുദ്ധിമുട്ടുണ്ടാകുമ്പോൾ മരിക്കാനൊന്നും കൊതിക്കരുത്. നമ്മൾ ക്ഷമിക്കുക തന്നെ! ഒരിക്കലും സഹിക്കാനാവാത്തത് വന്നാൽ പോലും, ജീവിതം ഖൈറാണെങ്കിൽ നല്ല ജീവിതം തരണേ, മരണം ഖൈറാണെങ്കിൽ ഈമാനോടെ മരിപ്പിക്കണേ എന്ന് ദുആ ഇരയ്ക്കാനാണ് മുത്തുനബി(സ) പഠിപ്പിച്ചതെന്ന് ജമീലക്കറിയില്ലേ? ജീവിതത്തിൽ എപ്പോഴും ആശ വേണം. നിരാശ പറ്റൂല.

ജമീലാ, നിനക്കറിഞ്ഞുകൂടേ, എത്ര കാലായി ഞാൻ തീ തിന്ന്ണ്. ന്റെ മോൾക്ക് അഞ്ച് വയസ്സായപ്പോൾ പോയതല്ലേ അവളെ ഉപ്പ, നിന്റെ ഇക്ക! എന്നിട്ട് ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നറിയാതെ എത്ര കൊല്ലങ്ങളാ കഴിഞ്ഞുപോയത്! ഇപ്പോൾ നാലഞ്ചു കൊല്ലമല്ലേ ആയുള്ളൂ,



ഇക്ക ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞിട്ട്! എന്നാലും, ഇനി കാണാൻ കഴിയ്യോ, വരാനാവോ എന്നൊന്നും ഒരു പിടിയുമില്ല. ഞാൻ ക്ഷമിക്കുന്നത് എത്ര കാലമായി! ജമീലയുടെ ഓൻ നാട്ടിൽ തന്നെയുണ്ടല്ലോ. എന്നെങ്കിലും മനസ്സു മാറി, ദുസ്വഭാവങ്ങളൊക്കെ ഒഴിവാക്കി തിരിച്ചുവരുമെന്നു നമ്മൾ വിചാരിക്കുക. അതിനു വേണ്ടി പ്രാർത്ഥിക്കുക. അതല്ലേ വേണ്ടത്?'

ജമീല തലകുനിച്ച് എല്ലാം കേട്ടിരിക്കുകയാണ്. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ട്. അന്നൊക്കെ അവളായിരുന്നു വലിയ വർത്തമാനക്കാരി. ഞങ്ങളൊക്കെ വെറും കേൾവിക്കാരായിരുന്നല്ലോ. ഇന്നവൾ കേൾവിക്കാരിയായി മാറിയിരിക്കുന്നു. ഓരോരുത്തരിലും വരുന്ന മാറ്റങ്ങൾ!

അവൾ കരയുന്നുണ്ട്. കരയട്ടെ, ദുഃഖങ്ങളുള്ളവർ കരയുന്നത് നല്ലതാണ്. ദുഃഖം കുറയാനുള്ള നല്ലൊരു മരുന്നാണതെന്ന് ആരോ പറയുന്നത് കേട്ടിട്ടുണ്ടല്ലോ. അനുഭവവും അതു തന്നെയാണ്. കുറേനേരം കരഞ്ഞാൽ നല്ല ആശ്വാസമുണ്ടാവും. കണ്ണീരിലൂടെ വേദനകൾ ഒഴുകിപ്പോകും.

അവളുടെ അടുത്തുതന്നെയിരുന്നു സാവധാനം പുറം തടവിക്കൊടുത്തു.

“

**ജമീലാ, നിനക്കറിഞ്ഞുകൂടേ, എത്ര കാലായി ഞാൻ തീ തിന്ന്ണ്. ന്റെ മോൾക്ക് അഞ്ച് വയസ്സായപ്പോൾ പോയതല്ലേ അവളെ ഉപ്പ, നിന്റെ ഇക്ക! എന്നിട്ട് ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നറിയാതെ എത്ര കൊല്ലങ്ങളാ കഴിഞ്ഞുപോയത്!**



കുറെ നേരം കഴിഞ്ഞപ്പോൾ അവൾ തലയുയർത്തി. ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. 'ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പുറം തടവിത്തരാനെങ്കിലും ഒരാളുണ്ടായിരുന്നെങ്കിൽ' എന്ന അവളുടെ വാക്കുകൾ കേട്ടപ്പോൾ ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല!

'എന്നാൽ ജമീല എന്റെ കൂടെ നിന്നോ. ഞാൻ നിന്റെ പുറം തടവിത്തരാം. ഇടയ്ക്ക് നിനക്ക് എന്റെ പുറവും തടവിത്തരാമല്ലോ' എന്നു പറഞ്ഞപ്പോൾ കൂട്ടച്ചിരിയായി. തൊട്ടപ്പുറത്ത് നിന്ന് മോളും ആ ചിരിയിൽ പങ്കുചേരുന്നുണ്ടായിരുന്നു. അവൾ പറയുന്നത് കേട്ടു: 'ഏതായാലും ഇന്ന് ഉമ്മ നന്നായൊന്ന് ചിരിക്കുന്നത് കണ്ടല്ലോ!'

ജമീല യാത്ര പറഞ്ഞിറങ്ങിയപ്പോൾ വീണ്ടും വിചാരങ്ങളുടെ കയത്തിൽ പതിച്ച പോലെ. പഴയകാല സംഭവങ്ങൾ ഓരോന്നായി മനസ്സിലേക്കിറങ്ങിവരികയാണ്. എത്ര സന്തോഷകരമായിരുന്നു അന്നത്തെ സുദിനങ്ങൾ! കല്യാണം കഴിഞ്ഞ് അവരുടെ വീട്ടിലെത്തിയതോടെ എന്തൊരു ഹരമായിരുന്നു! 'ഇനിയൊക്കെ നിങ്ങള് രണ്ടാളുമായിക്കോളൂട്ടോ' എന്നു പറഞ്ഞ് ഇക്കയെ ജമീല വിട്ടുതരുകയായിരുന്നല്ലോ. എന്നാലും, ഇടയ്ക്കിടെ അവൾ നല്ല ഗൗരവത്തിൽ ചോദിക്കും, ഇക്കയുടെ ഡ്രസ്സുകളൊക്കെ അലക്കിയില്ലേ, ഇസ്തിരിയിട്ടു കൊടുത്തില്ലേ, ഇക്കാക്ക് ചായ കൊടുത്തോ എന്നിങ്ങനെ.

രാവിലെ കോളേജിലേക്ക് പുറപ്പെട്ടാൽ അവൾ വൈകുന്നേരമാണ് തിരിച്ചെത്തുക. വന്നാൽ പിന്നെ കഥ പറച്ചിലാണ്. അതിനിടയിൽ പലതരം തമാശകൾ, കളികൾ... ഇക്കയും കൂടും കഥ പറയാനും കളിക്കാനും. ഭർതൃവീട്ടിലാണെന്ന തോന്നൽപോലും ഉണ്ടായിരുന്നില്ല. മകളോടെന്നപോലെ സ്നേഹം ചൊരിയുന്ന ഉപ്പയും ഉമ്മയും. ചിലപ്പോൾ തോന്നിയിട്ടുണ്ട്, ജമീലയോടുള്ളതിനെക്കാൾ സ്നേഹം തന്നോടാണെന്ന്.

നല്ല കാര്യബോധമുള്ള പെണ്ണായിരുന്നല്ലോ ജമീല. അവൾ

പറയും പോലെയായിരുന്നു വീട്ടിലെ കാര്യങ്ങളെല്ലാം. ഇക്ക പോലും അവളോട് അന്വേഷിച്ചായിരുന്നല്ലോ കാര്യങ്ങളെല്ലാം തീരുമാനിച്ചിരുന്നത്! എന്നും എനിക്ക് നല്ലൊരു ജ്യേഷ്ഠത്തിയെ പ്പോലെയായിരുന്നു അവൾ. പിന്നെ എപ്പോഴാണ് എല്ലാം താളം തെറ്റിയതെന്ന് കൃത്യമായി ഓർമ്മയില്ല. അവൾ ഡിഗ്രി ഫൈനലി ലെത്തിയപ്പോഴാണെന്നു തോന്നുന്നു; വീട്ടിലെ സംസാരം. ഉമ്മ ചോദിക്കുന്നു, ഉപ്പയോട്: 'അല്ല, ജമീലമോൾക്ക് ഒരു പുതിയാപ്ല യെ കണ്ടെത്തേണ്ടേ? നിങ്ങളെന്താ ഒരന്വേഷണോം നടത്താത്ത ത്? ഓള് മൂത്തുപോയാല് പിന്നെ നല്ലൊരു പുയ്യാപ്ലനെ കിട്ട്വോ?'

'തിരക്കൊന്നൂല്ലല്ലോ. ഓള് നല്ലൊരു കുട്ട്യല്ലേ? പഠിപ്പും ഭാഗ്യോക്കെണ്ടായാല് എപ്പഴും കിട്ടും നല്ല പുത്യാപ്ലാനെ. ഞ്ഞി ഓളെ അഭിപ്രായം ചോദിച്ചിര്ന്നോ?'

'എപ്പം പറഞ്ഞാലും പഠിത്തം കയ്യട്ടേ ന്നാ പറയ്വാ. പഠി ച്ച് ഓൾക്കൊരു ഉദ്യോഗസ്ഥയാകണത്രെ! ന്നാലും നമ്മളിപ്പോ അത്രേം കാത്തിരിക്കണോ? പെങ്കുട്ട്യാള്ക്ക് കല്യാണപ്രായായാ പിന്നെ കരളില് തീയ്യാണേയ്.'

'എന്തിന്? ഓളെപ്പോലെ ബുദ്ധീം തന്റേടോം ഉള്ളോർക്കൊ ന്നും ഒന്നും വരൂലാ.'

'എന്നാലും നമ്മള് ഒന്നു കരുതുന്ന ത് നല്ലതല്ലേ?'

'ആയ്ക്കോട്ടെ. നമ്മക്കന്വേഷിക്കാ... ഞ്ഞി റാസിനോടും ഒന്നു പറ. പറ്റ്യോ ര്ത്തനെ കണ്ടെത്താൻ. ഞമ്മളെക്കാള് ഓനാണ് അതിനു കയ്യാ...'

അന്നു രാത്രി ഒന്നിച്ചിരുന്നു ഭക്ഷ ണം കഴിക്കുമ്പോൾ ഉമ്മയാണ് ചർച്ചക്ക് തുടക്കമിട്ടത്:

'റാസ്യേ, അന്റെ പെങ്ങക്ക് ഒരു പുയ്യാപ്ലാനെ കണ്ടെത്തണ്ടേ?'

ഇക്ക ചിരിച്ചുകൊണ്ട് ജമീലയുടെ മുഖത്തേക്ക് നോക്കിയാണ് പറഞ്ഞ ത്: 'അതിനാണോ ഇപ്പോ പ്രയാസം? എപ്പൊ വേണേങ്കിലും കിട്ടൂല്ലോ നല്ല പുയ്യാപ്ലാനെ.'

അപ്പോ എടുത്തടിച്ച പോലെയായി രുന്നു ജമീലയുടെ പ്രതികരണം: 'എനി ക്കിപ്പോ ആരും തിരക്കിട്ട് പുയ്യാപ്ലയെ തേടിയിറങ്ങണ്ട.'

എല്ലാവരുമൊന്ന് ഞെട്ടി. അങ്ങനെ കനപ്പിച്ച് ജമീല ഒന്നും പറയാറുണ്ടാ യിരുന്നില്ലല്ലോ. ഇന്നെന്താ അവൾക്കു പറ്റിയത്? മുഖമിരുണ്ടിരിക്കുന്നു. അത്ത രം വർത്തമാനങ്ങളൊന്നും വേണ്ടെന്ന മട്ടിലാണ് അവൾ പിന്നെ തലകുനിച്ച് പാത്രത്തിലെ ചോറ് നുള്ളിപ്പെറുക്കി ക്കൊണ്ടിരുന്നത്.

'അതെന്താ അങ്ങനെ?' ഉമ്മ തന്നെ യാണ് ചോദിച്ചത്. പിണക്കവും ദേഷ്യ വുമൊക്കെ ആരുടെയെങ്കിലും സ്വരത്തി ലോ ഭാവത്തിലോ കണ്ടാൽ ഉപ്പ ഒന്നും മിണ്ടാതിരിക്കാറാണു പതിവ്.

പ്രതികരണമൊന്നും ഇല്ലാതായ പ്പോൾ ഉമ്മ തന്നെ വീണ്ടും ചോദിച്ചു: 'അല്ല മോളേ, അന്റെ ഒച്ചക്കെന്താ ഇന്ന് വല്ലാത്ത കനം?'

**'എന്നാലും, മോളേ, ഒരു ത്തനെ കണ്ടുവെക്ക്വേ, നികാഹ് കഴിച്ചിട്ട്വേ ഒക്കെ ചെയ്യാലോ. കല്യാണം കഴിഞ്ഞാലും പിന്നെയും പഠിക്കാലോ.'**
**ഉമ്മ പറഞ്ഞുതീരേണ്ട താമസം അവൾ കടുത്ത സ്വ രത്തിൽ: 'എനിക്കിപ്പോൾ അങ്ങനെ ആരെയും കണ്ടുവെക്കണ്ട. ഞാൻ അതിനു തയ്യാറല്ലെന്നു പറഞ്ഞില്ലേ' എന്നുപറഞ്ഞ് ഭക്ഷണം കഴിക്കുന്നത് പൂർത്തിയാക്കാതെ കൈ കുടഞ്ഞ് എഴുന്നേറ്റുപോ യി.**

'കനമൊന്നുമില്ല. ഞാൻ കാ ര്യം പറഞ്ഞതല്ലേ? പഠിച്ചൊരു ജോലിയിലെത്തുന്നതുവരെ കല്യാണമൊന്നും വേണ്ടാന്ന് ഞാൻ മുമ്പേ പറഞ്ഞതാണ ല്ലോ.'

'എന്നാലും, മോളേ, ഒരു ത്തനെ കണ്ടുവെക്ക്വേ, നികാഹ് കഴിച്ചിട്ട്വേ ഒക്കെ ചെയ്യാലോ. കല്യാണം കഴിഞ്ഞാലും പിന്നെ യും പഠിക്കാലോ.'

ഉമ്മ പറഞ്ഞുതീരേണ്ട താമ സം അവൾ കടുത്ത സ്വരത്തിൽ: 'എനിക്കിപ്പോൾ അങ്ങനെ ആരെയും കണ്ടുവെക്കണ്ട. ഞാൻ അതിനു തയ്യാറല്ലെന്നു പറഞ്ഞില്ലേ' എന്നുപറഞ്ഞ് ഭക്ഷണം കഴിക്കുന്നത് പൂർത്തി യാക്കാതെ കൈ കുടഞ്ഞ് എഴു ന്നേറ്റുപോയി.

എല്ലാവരും അമ്പരന്നു മുഖ ത്തോടുമുഖം നോക്കിപ്പോയി. ഈ ജമീലക്കെന്തുപറ്റിയിന്ന്? ഇങ്ങനെ അവൾ മുമ്പൊരിക്ക ലും പെരുമാറിയിരുന്നില്ലല്ലോ.

ഏറെ നേരത്തെ മൗനത്തി നുശേഷം ഇക്ക ചോദിക്കുന്നതു കേട്ടു: 'ഉമ്മ അവളെ എന്തെങ്കി ലും വഴക്കു പറഞ്ഞിരുന്നോ?'

'ഞാനോ, ഞാൻ അവളെ ഒന്നും പറഞ്ഞിട്ടില്ല. ഇന്നു വന്നു കയറിയപ്പോത്തന്നെ എനിക്ക് തോന്നീട്ട്ണ്ട്, നല്ല മട്ടി ലല്ലല്ലോന്ന്.'

'എന്നിട്ടും ഉമ്മയിന്ന് ഇങ്ങ നെയൊരു വർത്തമാനം എടു ത്തിട്ടതെന്തിനാ?'

ഇക്കയുടെ ചോദ്യം ഉമ്മയെ ഈറ പിടിപ്പിച്ചെന്നു തോന്നു ന്നു. ഉമ്മ ആരോടെന്നില്ലാതെ പറയുന്നതു കേട്ടു: 'ഇനി എല്ലാ കുറ്റവും ഉമ്മയുടെ മേലായി ക്കോട്ടെ. മക്കളോടൊന്നും മിണ്ടിക്കൂടാന്നുമായിപ്പോയോ? എല്ലാരും കൂടി ഓമനിച്ചോമ നിച്ച് അവളെയങ്ങ് തലേക്കേ റ്റി വെച്ചിരിക്കയല്ലേ? അതിന്റെ കേടാ.'

പിന്നെയാരും ഒന്നും മിണ്ടി യില്ല. എല്ലാവരും എഴുന്നേറ്റു കൈകഴുകി ഓരോ വഴിക്കു പോയി. അതൊരു വല്ലാത്ത രാ ത്രിയായിരുന്നല്ലോ. (തുടരും)

നബിപഠനം

ഫവാസ് പട്ടുവം

# തിരുജീവിതത്തിലെ സാമൂഹ്യപാഠങ്ങൾ

സാമൂഹ്യജീവിയാണ് മനുഷ്യൻ. മനുഷ്യജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് പലരൂപത്തിലുള്ള പരാശ്രയം അനിവാര്യമാണ്. ഈ അടിസ്ഥാനത്തിൽ സാമൂഹ്യ ഇടപെടലുകൾക്ക് വളരെയധികം പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം. വിശ്വാസിയുടെ സാമൂഹ്യജീവിതം എങ്ങനെയാവണമെന്ന് കൃത്യമായി ഇസ്‌ലാം നിർണയിച്ചിട്ടുണ്ട്. ആ നിയമസംവിധാനങ്ങളെ പൂർണ്ണമായും വ്യക്തിജീവിതത്തിലൂടെ അനുയായികൾക്ക് പകർന്നുനൽകിയ വ്യക്തിത്വമാണ് പ്രവാചകർ(സ).

ഓരോ വിശ്വാസിക്കും സ്രഷ്ടാവിനോടെന്ന പോലെ സൃഷ്ടികളോടും വളരെയധികം കടപ്പാടുകളുണ്ടെന്നാണ് ഇസ്‌ലാമിക വീക്ഷണം. സാമൂഹികമായ ഉത്തരവാദിത്തങ്ങളും കടപ്പാടുകളും പരിഗണിക്കാതെ അല്ലാഹുവിന്റെ തൃപ്തി നേടാൻ കഴിയില്ല. കരുണയുടെയും പരസ്പര സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും പാഠങ്ങളാണ് ഇസ്‌ലാം പകർന്നു നൽകിയത്. സാമൂഹ്യജീവിതത്തിന്റെ മുഴുവൻ ഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ജീവിതമാണ് തിരുനബി(സ)യുടേത്. ‘നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, അവനോട് പങ്കുചേർക്കരുത്. മാതാപിതാക്കൾ, ബന്ധുക്കൾ, അനാഥകൾ, അഗതികൾ, കുടുംബബന്ധമുള്ള അയൽവാസികൾ, കുടുംബബന്ധമില്ലാത്ത അയൽവാസികൾ, കൂട്ടുകാർ, യാത്രക്കാർ, അടിമകൾ എന്നിവർക്ക് നന്മ ചെയ്ത് അവരോട് നല്ല നിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനെയും ദുരഭിമാനിയെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.’ (ഖുർആൻ 4:36) എന്ന സൂക്തം സാമൂഹികബന്ധത്തിന്റെ അനിവാര്യതയാണ് സൂചിപ്പിക്കുന്നത്.

## അയൽപക്കം

സാമൂഹ്യജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഏടുകളിലൊന്നാണ് അയൽപക്കം. ഇസ്‌ലാമിക വീക്ഷണത്തിൽ വീടിന്റെ ഓരോ ഭാഗങ്ങളിലുമുള്ള 40 വീടുകൾ വരെ അയൽവാസികളാണ്, ഏകദേശം 160 വീടുകൾ. ഏറ്റവും സുരക്ഷിതമായ ഒരിടത്തായിരിക്കും മനുഷ്യൻ അവന്റെ കുടുംബത്തിന് വീടൊരുക്കുന്നത്. ആപ



ഓരോ വിശ്വാസിക്കും സ്രഷ്ടാവിനോടെന്ന പോലെ സൃഷ്ടികളോടും വളരെയധികം കടപ്പാടുകളുണ്ടെന്നാണ് ഇസ്‌ലാമിക വീക്ഷണം. സാമൂഹികമായ ഉത്തരവാദിത്തങ്ങളും കടപ്പാടുകളും പരിഗണിക്കാതെ അല്ലാഹുവിന്റെ തൃപ്തി നേടാൻ കഴിയില്ല. കരുണയുടെയും പരസ്പര സഹവർത്തിത്വത്തിന്റെയും സമാധാനത്തിന്റെയും പാഠങ്ങളാണ് ഇസ്‌ലാം പകർന്നു നൽകിയത്.

> **അയൽപക്കബന്ധങ്ങൾ മൂന്നു വിധത്തിലുണ്ടെന്നും അമുസ്‌ലിമാണെങ്കിൽ പോലും അയൽവാസികളോട് ബാധ്യതയുണ്ടെന്നും ഹദീസുകളിൽ കാണാം. മുസ്‌ലിമായ, കുടുംബബന്ധമുള്ള അയൽക്കാരോട് മൂന്ന് തരത്തിലും മുസ്‌ലിമായ, കുടുംബബന്ധമില്ലാത്ത അയൽക്കാരോട് രണ്ടു വിധത്തിലും അവിശ്വാസിയായ അയൽക്കാരോട് ഒരു വിധത്തിലും ബാധ്യതയുണ്ടെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്.**



ദ്ഘട്ടങ്ങളിൽ തണലാകുന്ന വിശ്വസ്തമായ അയൽപക്കമാണ് അതിന് പ്രയോജനകരം. അയൽവാസികൾ പരസ്പരം കാവലാളുകളാണ്. ഗൃഹനാഥന്റെ അഭാവത്തിൽ ആ വീടിന്റെയും കുടുംബത്തിലെ അംഗങ്ങളുടെയും സ്വത്തുക്കളുടെയും സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്ന അയൽപക്കങ്ങളാണ് നമുക്കാവശ്യം. അയൽവാസികളുടെ പ്രാധാന്യവും അവരോടുള്ള കടപ്പാടുകളും വിവരിക്കുന്ന ഹദീസുകൾ ധാരാളമുണ്ട്. ‘ജിബ്‌രീൽ(അ) എന്നോട് അയൽവാസികളോടുള്ള കടമകൾ ധാരാളമായി പറഞ്ഞു. അങ്ങനെ അനന്തരസ്വത്തിൽ പോലും അവർക്ക് അവകാശമുണ്ടെന്നു വരെ പറഞ്ഞേക്കുമോ എന്ന് തോന്നിപ്പോയി’ എന്ന ഹദീസ് ഓരോ വിശ്വാസിയും അയൽവാസികളോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്നുണ്ട്.

അയൽപക്കബന്ധങ്ങൾ മൂന്നു വിധത്തിലുണ്ടെന്നും അമുസ്‌ലിമാണെങ്കിൽ പോലും അയൽവാസികളോട് ബാധ്യതയുണ്ടെന്നും ഹദീസുകളിൽ കാണാം. മുസ്‌ലിമായ, കുടുംബബന്ധമുള്ള അയൽക്കാരോട് മൂന്ന് തരത്തിലും മുസ്‌ലിമായ, കുടുംബബന്ധമില്ലാത്ത അയൽക്കാരോട് രണ്ടു വിധത്തിലും അവിശ്വാസിയായ അയൽക്കാരോട് ഒരു വിധത്തിലും ബാധ്യതയുണ്ടെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്.

അയൽവാസി സഹായം ചോദിച്ചാൽ സഹായിക്കുക, സുരക്ഷയഭ്യർത്ഥിച്ചാൽ സുരക്ഷ നൽകുക, കടം ചോദിച്ചാൽ കടം നൽകുക, ദരിദ്രനാണെങ്കിൽ ഔദാര്യം കാണിക്കുക എന്നിവ കടമകളിൽ പെട്ടതാണ്. രോഗിയായ അയൽവാസിയെ സന്ദർശിക്കുകയും മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കുകയും നന്മ ലഭിച്ചാൽ സന്തോഷം പ്രകടിപ്പിക്കുകയും ദുഃഖങ്ങളിൽ സാന്ത്വനമേകുകയും വേണം. വീട്ടിൽ പ്രത്യേക ഭക്ഷണങ്ങളുണ്ടാക്കുമ്പോൾ അയൽവാസികളെക്കൂടി പരിഗണിക്കണമെന്ന തിരുവചനം ഏറെ പ്രസക്തമാണ്. അയൽവാസി അവിശ്വാസിയാണെങ്കിലും

ഇത്തരം കടമകളുണ്ട്. അയൽവാസികളോട് നന്മ മാത്രമേ ചെയ്യാവൂ എന്നും അവർ തിന്മ കാണിച്ചാൽ പോലും അവ്വിധം പ്രതികരിക്കരുതെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

## രോഗസന്ദർശനം

ഇസ്‌ലാം വളരെയധികം പ്രാധാന്യം നൽകിയ സൽകർമമാണ് രോഗസന്ദർശനം. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിൽ നിന്ന് ലഭിക്കേണ്ട അവകാശമായാണ് ഇസ്‌ലാം രോഗസന്ദർശനത്തെ പരിചയപ്പെടുത്തുന്നത്. അബൂഹുറയ്‌റ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: 'മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകൾ അഞ്ചാണ്; സലാം മടക്കൽ, രോഗിയെ സന്ദർശിക്കൽ, ജനാസയെ പിന്തുടരൽ, ക്ഷണം സ്വീകരിക്കൽ, തുമ്മിയാൽ 'യർഹമുകല്ലാഹ്' പറയൽ എന്നിവയാണവ.'

രോഗസന്ദർശനത്തിന്റെ പ്രതിഫലങ്ങൾ വിവരിക്കുന്ന ഹദീസുകൾ ധാരാളമുണ്ട്. രോഗസന്ദർശനം നടത്തുന്നവർ രോഗിയെ സന്തോഷിപ്പിക്കുന്ന വിധത്തിൽ സംസാരിക്കുക, നല്ലത് മാത്രം പറയുക, രോഗശമനത്തിനായി പ്രാർത്ഥിക്കുക, ശല്യമാകുന്ന വിധം കൂടുതൽ സമയം അവിടെ ചെലവഴിക്കാതിരിക്കുക, നിരാശയുളവാക്കുന്ന തരത്തിലുള്ള സംസാരം ഉപേക്ഷിക്കുക തുടങ്ങിയവ രോഗസന്ദർശനത്തിന്റെ മര്യാദകളാണ്.

## ഭക്ഷണം നൽകൽ

മനുഷ്യജീവിതത്തിലെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ഭക്ഷണം. സമൂഹത്തിലെ പട്ടിണി തുടച്ചുമാറ്റാൻ നിരവധി ക്ഷേമ പദ്ധതികൾ ഇസ്‌ലാം മുന്നോട്ടുവെക്കുന്നുണ്ട്. അതിലൊന്നാണ് സകാത്ത്. പണക്കാർ നൽകുന്ന ഔദാര്യമായിട്ടല്ല; പാവപ്പെട്ടവരുടെ അവകാശമായിട്ടാണ് ഇസ്‌ലാം അതിനെ പരിചയപ്പെടുത്തുന്നത്. ഫിത്വർസകാത്തും മറ്റു സ്വദഖകളും ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ചില ഗുരുതരമായ തിന്മകൾക്കുള്ള പ്രായശ്ചിത്തമായി പാവപ്പെട്ടവർക്ക് ഭക്ഷണം നൽകാൻ ഇസ്‌ലാം നിർദ്ദേശിച്ചിട്ടുണ്ട്.

> **രോഗസന്ദർശനത്തിന്റെ പ്രതിഫലങ്ങൾ വിവരിക്കുന്ന ഹദീസുകൾ ധാരാളമുണ്ട്. രോഗസന്ദർശനം നടത്തുന്നവർ രോഗിയെ സന്തോഷിപ്പിക്കുന്ന വിധത്തിൽ സംസാരിക്കുക, നല്ലത് മാത്രം പറയുക, രോഗശമനത്തിനായി പ്രാർത്ഥിക്കുക, ശല്യമാകുന്ന വിധം കൂടുതൽ സമയം അവിടെ ചെലവഴിക്കാതിരിക്കുക, നിരാശയുളവാക്കുന്ന തരത്തിലുള്ള സംസാരം ഉപേക്ഷിക്കുക തുടങ്ങിയവ രോഗസന്ദർശനത്തിന്റെ മര്യാദകളാണ്.**

തിരുനബി(സ)യുടെ ജീവിതത്തിൽ ഇതിന്റെ കൃത്യമായ ആവിഷ്കാരങ്ങൾ കാണാനാവും. മദീനയിലേക്കു വന്ന തിരുനബി(സ) ജനങ്ങൾക്കു നൽകിയ ഉപദേശം അബ്ദുല്ലാഹിബ്നു സലാം(റ) റിപ്പോർട്ട് ചെയ്യുന്നു: 'നിങ്ങൾ പരസ്പരം സലാം പറയൽ വ്യാപകമാക്കുക, ഭക്ഷണം ദാനം ചെയ്യുക, രാത്രിയിൽ നിസ്കരിക്കുക, എന്നാൽ, ശാന്തമായി നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാം.' പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പ് തന്നെ ഇത്തരം കാര്യങ്ങളിൽ നബി(സ) ഏറെ ശ്രദ്ധിച്ചിരുന്നു.

ഏറ്റവും മഹത്വമേറിയ സ്വദഖയായി നബി(സ) പരിചയപ്പെടുത്തിയതും അന്നദാനമാണല്ലോ. സ്വർഗ്ഗപ്രവേശനത്തിനുള്ള കാരണമായിട്ടാണ് തിരുനബി(സ) അന്നദാനത്തെ പ്രോത്സാഹിപ്പിച്ചത്. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറയ്ക്കുന്നവൻ നമ്മിൽ പെട്ടവനല്ലെന്ന തിരുവാക്യം അയൽപക്കബന്ധത്തിന്റെയും ഭക്ഷണം നൽകുന്നതിന്റെയും പ്രാധാന്യത്തെ പ്രഘോഷിക്കുന്നുണ്ട്.

## അനാഥ സംരക്ഷണം

സമൂഹത്തിൽ ഏറെ അവഗണനയും ദുരിതവും അനുഭവിക്കുന്നവരാണ് അനാഥർ. പ്രായപൂർത്തിയെത്തുന്നതിനു മുമ്പ് പിതാവ് നഷ്ടപ്പെട്ടവരാണ് യതീമുകൾ അഥവാ അനാഥർ. അനാഥസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും ഖുർആൻ വിശ്വാസികളെ നിരന്തരം ബോധവാന്മാരാക്കുന്നുണ്ട്. തിരുഹദീസുകളിലും അനാഥരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ധാരാളം നിർദ്ദേശങ്ങൾ കാണാനാകും. ചൂണ്ടുവിരലും നടുവിരലും ഉയർത്തി ചേർത്തുപിടിച്ച് തിരുനബി(സ) പ്രസ്താവിച്ചു: 'ഞാനും അനാഥകളെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇപ്രകാരമാണ്.' അനാഥസംരക്ഷണത്തിന്റെ പ്രതിഫലമാണ് തിരുനബി(സ) ഇതിലൂടെ സൂചിപ്പിച്ചത്. യതീമുകളെ പ്രയാസപ്പെടുത്തലും അവരുടെ അവകാശങ്ങളെ ഹനിക്കലും സ്വത്തുക്കളിൽ കൈകടത്തലും ഇസ്‌ലാം കർശനമായി നിരോധിച്ചിട്ടുണ്ട്. അനാഥരുടെ സ്വത്ത് അനർഹമായി കൈവശപ്പെടുത്തൽ വൻ പാപമായാണ് ഗണിക്കുന്നത്. അനാഥരുടെ സ്വത്ത് ഭക്ഷിക്കുന്നവർ വയറിൽ തീ നിറയ്ക്കുകയാണെന്നാണ് ഖുർആൻ പറഞ്ഞത്. യതീമിനു മുമ്പിൽ സ്വന്തം മക്കളെ താലോലിക്കുന്നതിനെഅവിടുന്ന് നിരുത്സാഹപ്പെടുത്തിയതിൽ അവരോടുള്ള അനുകമ്പയും കാരുണ്യവും ദർശിക്കാം.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# മുഹർറം മാസപ്പിറയിലെ വ്യത്യാസം

*ചോദ്യം: എന്റെ നാട്ടിൽ 6.54നാലിനാണ് മഗ്‌രിബ് ബാങ്ക്. 15 കിലോമീറ്റർ അകലെയുള്ള ഒരു സ്ഥലത്തെത്തിയപ്പോൾ അവിടെ 6.49 നാണ് മഗ്‌രിബ്. നോമ്പുകാരനായ ഞാൻ ഇതിൽ ഏത് സമയം പരിഗണിച്ചാണ് നോമ്പ് മുറിക്കേണ്ടത്?*
*സുലേഖ സത്താർ*
*ഊരാറ്റുപേട്ട*

**ഉത്തരം:** നോമ്പ് അവസാനിക്കുമ്പോൾ ഏത് നാട്ടിലാണോ ഉള്ളത്, ആ നാട്ടിലെ സൂര്യാസ്തമയമാണ് പരിഗണിക്കേണ്ടത്.

*ചോദ്യം: ഒരു ഹനഫീപള്ളിയുടെ നോട്ടീസ്ബോർഡിൽ കഴിഞ്ഞ വർഷത്തെ ഉള്ഹിയ്യത്തിന്റെ വരവുചെലവുകൾ രേഖപ്പെടുത്തിയതു കണ്ടു. വരവ് ഇനത്തിൽ തോലുകളും എല്ലുകളും വിറ്റ കണക്ക്, ചെലവ് ഇനത്തിൽ പതിനാലു ദിവസം മൃഗത്തെസംരക്ഷിച്ചതിനുള്ള കൂലി, അറവുകൂലി, അറവിനുള്ള കത്തി വാങ്ങിയത്, അറവുകാർക്കുള്ള ചെലവ്, പന്തൽ ചെലവ്, ഇറച്ചി വീടുകളിലെത്തിച്ചതിനുള്ള ചെലവ് എന്നിവയും വരവും ചെലവും കഴിഞ്ഞുള്ള മിച്ചവും എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഒരാളിൽ നിന്ന് വാങ്ങിയ ഷെയർ തുക പതിനായിരം. ഇങ്ങനെ 40 മാടുകളെയാണ് മഹല്ലിൽ അറുത്തു വിതരണം ചെയ്തത്. മേൽ പറയപ്പെട്ട വിധം വരവും ചെലവും കണക്കാക്കിയാൽ ആ ഉള്ഹിയ്യത്ത് കർമ്മത്തിന്റെ വിധിയെന്താണ്?*
*മുസ്തഫ ജമാൽ*
*വണ്ടിപ്പെരിയാർ*

ഉത്തരം: ഉള്ഹിയ്യത്ത് മൃഗത്തിന്റെ എല്ലും തോലും വില്പന നടത്താൻ പാടില്ല. (അൽബദാഇഉസ്സ്വനാഇഅ് 7/236) മാംസം നൽകുന്നതു പോലെ എല്ലും തോലും സാധുക്കൾക്ക് സ്വദഖയായി നൽകുകയാണ് വേണ്ടത്. അങ്ങനെ ലഭിക്കുന്നവർക്ക് അത് വിൽക്കാവുന്നതാണ്. ഉള്ഹിയ്യത്ത്മൃഗത്തിന്റെ എല്ലോ തോലോ വിറ്റാൽ അതിന്റെ വിലയായി ലഭിച്ച തുക സ്വദഖ ചെയ്യൽ നിർബന്ധമാണ്. ആരെങ്കിലും ഉള്ഹിയ്യത്തിന്റെ തോല് വിറ്റാൽ അവർക്ക് ഉള്ഹിയ്യത്തിന്റെ പ്രതിഫലം നഷ്ടപ്പെടുമെന്ന ഹദീസുമുണ്ട്. (ഫിഖ്ഹുൽഇബാദാത്ത് പേ: 205) ഷെയർ കൂടിയവരിൽ നിന്ന് വാങ്ങിയ പതിനായിരം രൂപയിൽ നിന്ന് മേൽപ്പറഞ്ഞ ചെലവുകൾ കഴിച്ച് ബാക്കിയുള്ള തുക ഓരോരുത്തരും ഷെയർകൂടിയ മൃഗത്തിന്റെ വിലയുടെ ഏഴിലൊന്നിന് തികയുമെങ്കിൽ ഉള്ഹിയ്യത്ത് ശരിയാകുന്നതാണ്.

*ചോദ്യം: ഭർത്താവിന്റെ സമ്മതമില്ലാതെ ഭാര്യ സുന്നത്ത്നോമ്പുകൾ അനുഷ്ഠിക്കാൻ പാടില്ലെന്ന് വായനയിൽ അറിഞ്ഞു. ഇതേ വിധിയാണോ മുഹറം ഒമ്പതിനും പത്തിനും?*
*സുമയ്യ മൂവാറ്റുപുഴ*

**ഉത്തരം:** മുഹർറം ഒമ്പതും പത്തും സുന്നത്ത് നോമ്പാണ്. (ഫത്ഹുൽഖദീർ 4/269) അതിനും മറ്റുള്ള സുന്നത്ത് നോമ്പുകളുടെ വിധി തന്നെയാണുള്ളത്.

*ചോദ്യം: ഒരു സ്ത്രീ കോടതി നടപടിയിലൂടെ വിവാഹമോചനം നേടി. എന്നാൽ, ഭർത്താവ് ത്വലാഖ് ചൊല്ലിയതുമില്ല. അതു കാരണം അവൾ ഇദ്ദ അനുഷ്ഠിച്ചതുമില്ല. എങ്കിൽ ആ സ്ത്രീയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കുന്നതിന്റെ വിധിയെന്താണ്?*
*നാസർ, ഒറ്റപ്പാലം*

**ഉത്തരം:** ഭാര്യയെ ത്വലാഖ് ചൊല്ലാൻ അർഹതയുള്ളത് ഭർത്താവിനാണ്. കോടതിവിധിയിലൂടെ കരസ്ഥമാക്കുന്ന ത്വലാഖിന് നിയമസാധുതയില്ല. (ഫതാവാ ഫഖീഹേ മില്ലത്ത് 2/59) ആയതിനാൽ, അവരുടെ വിവാഹബന്ധം കോടതിയുടെ



ത്വലാഖ് കാരണം വേർപെടുന്നതല്ല. അവർ ഭാര്യഭർത്താക്കന്മാരായി നിലനിൽക്കുന്നു. കോടതിയിൽനിന്ന് വിവാഹമോചനം കരസ്ഥമാക്കിയ സ്ത്രീയുടെ വിവാഹബന്ധം നിലനിൽക്കുന്നതിനാൽ അവർക്ക് ഇദ്ദ ആചരിക്കൽ നിർബന്ധമായിട്ടില്ല. മറ്റൊരാൾക്ക് അവരെ വിവാഹം ചെയ്ത് കൊടുക്കാൻ പാടുള്ളതുമല്ല.

***ചോദ്യം: ഈ വർഷത്തെ മുഹറംപിറ ദർശനസംബന്ധമായി കേരളത്തിൽ പല പ്രദേശങ്ങളിലും തർക്കമായിരുന്നല്ലോ? കായൽപട്ടണത്ത് കണ്ട പിറയിലാണ് ചില പണ്ഡിതന്മാർ മുഹറം നിശ്ചയിച്ചത്. എന്നാൽ അങ്ങനെ പറ്റില്ലെന്ന് പറഞ്ഞ് ദുൽഹിജ്ജ 30 പൂർത്തിയാക്കിയാണ് മറ്റു ചില പണ്ഡിതന്മാർ മാസം നിർണ്ണയിച്ചത്. നമ്മുടെ മദ്ഹബിൽ പിറ കാണുന്നതിന് ദൂരപരിധി എത്രയാണ്? പിറ കണ്ടത് ഖാളിമാർ തന്നെ പ്രഖ്യാപിക്കണമെന്നുണ്ടോ?***

***അബ്ദുൽ റശീദ്***
***കാഞ്ഞിരപ്പള്ളി***

**ഉത്തരം:** ഹനഫീമദ്ഹബിൽ അഭിപ്രായഭിന്നതയുള്ള വിഷയമാണിത്. ലോകത്ത് എവിടെയെങ്കിലും മാസപ്പിറവി ദൃശ്യമായാൽ മതിയെന്നാണ് ഒരു അഭിപ്രായം. ഈ അഭിപ്രായമാണ് ളാഹിറുൽ മദ്ഹബ് എന്നും അതനുസരിച്ചാണ് ഫത്‌വ കൊടുക്കേണ്ടതെന്നും മശാഇഖുമാരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമുണ്ട്.

ഉദയാസ്തമയ സമയങ്ങൾ വ്യത്യാസമുള്ള നാടുകൾ വ്യത്യസ്തമായി കണക്കാക്കപ്പെടുമെന്നും ഓരോ നാട്ടിലും മാസപ്പിറവി ദൃശ്യമാകുകയും സ്ഥിരപ്പെടുകയും ചെയ്യണമെന്നുമാണ് രണ്ടാമത്തെ അഭിപ്രായം. തജ്‌രീദ് എന്ന കിതാബിലും മറ്റും ഇതിനെ മുഖ്താറ് (പ്രബലം) ആക്കിയിട്ടുണ്ട്. നിസ്കാരസമയത്തിൽ വ്യത്യാസം വരുന്നതു പ്രകാരം മാസപ്പിറവി ദൃശ്യമാകുന്നതിലും വ്യത്യാസം വരുമെന്ന് സയ്യിദ് എന്നവർ ഇതിനെ ബലപ്പെടുത്തികൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ടാം അഭിപ്രായമാണ് ഖിയാസിനോട് (താരതമ്യനിയമത്തോട്) കൂടുതൽ യോജിച്ചതെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. (ഹാശിയതുത്വഹ്ത്വാവീ പേ: 656)

ഹനഫീ മുസ്‌ലിംകൾ താമസിക്കുന്ന വിവിധ രാജ്യങ്ങളിൽ നോമ്പ് ആരംഭവും പെരുന്നാളും വ്യത്യസ്ത ദിവസങ്ങളിൽ നടക്കുന്നുവെന്നത് രണ്ടാമത്തെ അഭിപ്രായത്തെ ക്രിയാത്മകമായി പ്രബലപ്പെടുത്തുന്നു. ഹനഫീമദ്ഹബുകാരായ ഉന്നതപണ്ഡിതന്മാരാണല്ലോ ഇതിന് നേതൃത്വം നൽകുന്നത്. ഇന്ത്യയിലെ തന്നെ വിവിധ സംസ്ഥാനങ്ങളിൽ ഹനഫികൾ വ്യത്യസ്ത ദിവസങ്ങളിൽ പെരുന്നാൾ ആഘോഷിക്കുകയും നോമ്പ് ആരംഭിക്കുകയും ചെയ്യാറുണ്ടല്ലോ.

ഈ വർഷം മുഹർറം മാസാരംഭത്തിന്റെ മാസപ്പിറവിയുമായി ബന്ധപ്പെട്ടുണ്ടായ വ്യത്യസ്ത പണ്ഡിതാഭിപ്രായങ്ങൾ ഹനഫീ മദ്ഹബിലെ രണ്ട് വ്യത്യസ്ത അഭിപ്രായങ്ങളോടും യോജിക്കുന്നതാണെന്ന് വ്യക്തമാണ്. മാസപ്പിറവി സ്ഥിരീകരിക്കേണ്ടതും അത് പ്രഖ്യാപിക്കേണ്ടതും ഖാളിമാരുടെ ഉത്തരവാദിത്തത്തിൽ പെട്ടതാണ്.

സ്മരണ

ഖലീലുൽറഹ്മാൻ മൂന്നിയൂർ

# ഇമാം ഹദ്ദാദ്(റ) മനസ്സുകളെ മെരുക്കിയ മഹാമനീഷി

ഇസ്‌ലാമിന്റെ പൗരാണികത്തനിമ ചോരാതെ നിലനിൽക്കുന്ന സ്ഥലങ്ങളിലൊന്നാണ് യമനിലെ തരീം. തിരുനബി(സ)യുടെ പ്രത്യേക അഭിനന്ദനം ലഭിച്ച നാട്. അനവധി ആത്മീയ പണ്ഡിതന്മാർ ജന്മം കൊണ്ട ഭൂമി. അവിടെയാണ് ഹിജ്റ വർഷം 1044 സ്വഫർ മാസം അഞ്ചിന് ഇമാം അബ്ദുല്ലാഹിൽ ഹദ്ദാദ്(റ) ജനിച്ചത്. വന്ദ്യപിതാവ് സയ്യിദ് അലവിയ്യുബ്നുമുഹമ്മദിൽ ഹദ്ദാദ്(റ)വും മാതാവ് സയ്യിദത്ത് സൽമ(റ)യുമാണ്. ഇവർ രണ്ടു പേരും ആത്മീയലോകത്തെ അത്യുന്നത പദവികളുള്ളവരായിരുന്നു.


ഇരുമ്പ് സംസ്കരണ ജോലിയിലേർപ്പെടുന്നവരെയാണ് 'ഹദ്ദാദ്' എന്നു പറയുന്നത്. ഇരുമ്പിനെ തീയിൽ പഴുപ്പിച്ച് പരുവപ്പെടുത്തുന്ന കൊല്ലന്മാരെപ്പോലെ മനുഷ്യമനസ്സുകളെ സകല അഴുക്കുകളിൽ നിന്നു സംസ്കരിച്ചെടുത്ത് അല്ലാഹുവിലേക്കടുപ്പിച്ച് കഠിനയത്നം നടത്തിയ മഹാനാണ് ഹിജ്റ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ പരിഷ്കർത്താവായ(മുജദ്ദിദ്) മഹാനവർകൾ.

പരീക്ഷണങ്ങൾ നിറഞ്ഞതായിരുന്നു ഹദ്ദാദ്(റ)വിന്റെ ജീവിതം. അല്ലാഹു അവന്റെ ഇഷ്ടദാസന്മാർക്ക് പല പരീക്ഷണങ്ങളും നൽകുമല്ലോ. ജനനദിവസം രാത്രി ആ കുഞ്ഞ് ഉറങ്ങാതെ കരഞ്ഞുകൊണ്ടിരുന്നു. എത്ര ശ്രമിച്ചിട്ടും കരച്ചിൽ നിർത്താനായില്ല. നേരം പുലർന്ന് നോക്കിയപ്പോഴാണ് കുഞ്ഞിനെ പൊതിഞ്ഞ വസ്ത്രത്തിനുള്ളിൽ ഒരു ഉഗ്രൻ തേളിനെ കണ്ടത്. അതിന്റെ കടിയേറ്റ് ശരീരമാകെ ചുവന്നിരിന്നു. നാലു വയസ്സായപ്പോൾ വസൂരി രോഗം ബാധിച്ച് അവിടുത്തെ കാഴ്ചശക്തി നഷ്ടപ്പെട്ടു. ഇതിലൊന്നും ആ കുഞ്ഞുമനസ്സ് തളർന്നില്ല. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടെങ്കിലും അകക്കാഴ്ച മൂർച്ചയേറിയതായിരുന്നു.

ഇമാമിന്റെ പതിനെട്ടാം വയസ്സിലാണ് പിതാവ് സയ്യിദ് അലവി വഫാത്തായത്. പിതാവിനു ശേഷം മാതാവും വിട പറഞ്ഞു. ഈ സന്ദർഭത്തിൽ തന്നെയാണ് ശൈഖുമാരിലൊരാളായ സയ്യിദ് ഉമറുബ്നു അബ്ദുറഹ്മാനുൽ അത്വാസ് എന്നവരും മരണപ്പെട്ടത്. വിഷമഘട്ടത്തിൽ ആശ്വാസം പകരേണ്ട സഹോദരൻ സയ്യിദ് അൽഹാമിദ് എന്നവർ അന്ന് ഇന്ത്യയിലായിരുന്നു. അദ്ദേഹത്തിന് കത്തയച്ചാണ് ഹദ്ദാദ്(റ) വിവരമറിയിച്ചത്. എല്ലാം കൊണ്ടും വിഷമം നിറഞ്ഞ കുട്ടിക്കാലം. മഹാൻ എല്ലാം ക്ഷമിച്ചു.

വിധിയെ പഴിക്കാതെ, തന്റെ സമപ്രായക്കാരെയെല്ലാം പിന്നിലാക്കി കൊച്ചുനാളിൽ തന്നെ അദ്ദേഹം വിശുദ്ധഖുർആൻ മുഴുവനും മനപ്പാഠമാക്കി. കഠിനമായി അധ്വാനിച്ച് അറിവ് നുകർന്നു. മഹാനവർകളുടെ അറിവിന്റെ ആഴം മനസ്സിലാക്കിയ ഉസ്താദുമാർ പിന്നീട് ഇമാമിന്റെ ക്ലാസുകളിൽ വന്നിരിക്കാറുണ്ടായിരുന്നു. ചെറിയ പ്രായത്തിൽ തന്നെ പതിവായി ഇരുനൂറ് റക്അത്ത് സുന്നത്ത് നിസ്കരിക്കാൻ തുടങ്ങി. മഹതിയായിരുന്ന അവിടുത്തെ ഉമ്മാമ വരെ അദ്ദേഹത്തിന്റെ നിസ്കാരം കണ്ടിട്ട് 'മോനേ, നീ നിന്റെ ശരീരത്തോട് കനിവ് കാട്ടണം കേട്ടോ' എന്ന് പലപ്പോഴും പറയാറുണ്ടായിരുന്നുവത്രെ! ലാളനയും വാത്സല്യവും ലഭിക്കേണ്ട ചെറുപ്രായത്തിൽ തന്നെ ശരീരത്തെ പരുവപ്പെടുത്തുന്ന മുജാഹദയുടെ വിവിധ കർമ്മങ്ങളിൽ അദ്ദേഹം വ്യാപൃതനായി. എന്നാൽ, അവിടുത്തെ മാതാപിതാക്കൾക്കത് സഹിക്കാൻ കഴിഞ്ഞില്ല. അവർ പലപ്പോഴും മകനെ അതിൽ നിന്നു സ്നേഹത്തോടെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. മാതാപിതാക്കളുടെ നിർബന്ധം പരിഗണിച്ച് പല മുജാഹദകളും ചെറുപ്പകാലത്ത് ഒഴിവാക്കേണ്ടി വന്നുവെന്ന് ഹദ്ദാദ്(റ) സ്മരിക്കാറുണ്ടായിരുന്നു.

സന്തുഷ്ട കുടുംബജീവിതം നയിച്ചിരുന്ന മഹാനവർകളുടെ സന്താനപരമ്പര ലോകത്തെ



മഹാനായ അബ്ദുല്ലാഹിബ്നു അലവി എന്നവരുടെ ജീവിതവും ഹദ്ദാദ് തങ്ങളുടെ ജീവിതവും പല കാര്യങ്ങളിലും സമാനമാണ്. സ്വന്തം പേരു മാത്രമല്ല, പിതാവിന്റെയും പിതാമഹന്റെയും സഹോദരന്റെയും പേരും സമാനമാണ്. മക്കളുടെ കാര്യത്തിലും രണ്ടു പേരും തുല്യരാണ്. ശരീരപ്രകൃതിയും ഒരുപോലെയായിരുന്നു. രണ്ടു പേരുടെയും കാഴ്ചശക്തിചെറുപ്പത്തിൽ തന്നെ നഷ്ടപ്പെട്ടിരുന്നു. ആതിഥ്യമര്യാദ പാലിക്കുന്നതിലും സമയം ചെലവഴിക്കുന്നതിലും കൃത്യനിഷ്ഠയും കണിശതയും പാലിക്കുന്നതിലും ഒരുപോലെയായിരുന്നു.

മ്പാടും വ്യാപിച്ചുകിടക്കുന്നുണ്ട്. ഹസൻ, അലവി, മുഹമ്മദ്, സാലിം, ഹുസൈൻ, സൈനുൽ ആബിദീൻ എന്നീ ആറ് മക്കളും വലിയ പണ്ഡിതന്മാരും ആത്മീയ നേതാക്കളുമായിരുന്നു.

മഹാനായ അബ്ദുല്ലാഹിബ്നു അലവി എന്നവരുടെ ജീവിതവും ഹദ്ദാദ് തങ്ങളുടെ ജീവിതവും പല കാര്യങ്ങളിലും സമാനമാണ്. സ്വന്തം പേരു മാത്രമല്ല, പിതാവിന്റെയും പിതാമഹന്റെയും സഹോദരന്റെയും പേരും സമാനമാണ്. മക്കളുടെ കാര്യത്തിലും രണ്ടു പേരും തുല്യരാണ്. ശരീരപ്രകൃതിയും ഒരുപോലെയായിരുന്നു. രണ്ടു പേരുടെയും കാഴ്ചശക്തിചെറുപ്പത്തിൽ തന്നെ നഷ്ടപ്പെട്ടിരുന്നു. ആതിഥ്യ മര്യാദ പാലിക്കുന്നതിലും സമയം ചെലവഴിക്കുന്നതിലും കൃത്യനിഷ്ഠയും കണിശതയും പാലിക്കുന്നതിലും ഒരുപോലെയായിരുന്നു. അവർ പാവപ്പെട്ടവരുടെ അത്താണിയും അവലംബവുമായിരുന്നു. 'ശൈഖ് അബ്ദുല്ലാഹിബ്നുഅലവി ബാഅലവി(റ), അബ്ദുല്ലാഹിബ്നു അബൂബക്കർ അൽഐദറൂസ്(റ) എന്നിവർ അല്ലാഹുവിന്റെ സന്നിധിയിൽ നേടിയ സ്ഥാനവും അവസ്ഥയും എനിക്കും നീ നൽകേണമേ' എന്ന അവിടുത്തെ നിത്യപ്രാർത്ഥനയുടെ ഫലമായിരിക്കാമത്.

പഠനം ഹരമായിക്കണ്ടിരുന്ന ഇമാം ഹദ്ദാദ്(റ) ചെറുപ്രായത്തിൽ തന്നെ ഖുർആൻ പഠനത്തിന് ശേഷം നിരവധി ഗ്രന്ഥങ്ങൾ മനപ്പാഠമാക്കുകയും നൂറ്റിനാൽപതോളം ഗുരുക്കന്മാരിൽ നിന്ന് വിജ്ഞാനം നുകരുകയും ചെയ്തു. ഉമറുബ്നുഅബ്ദുറഹ്മാൻ അൽഅത്താസ്(റ), അൽഹബീബ് അല്ലാമ അഖീലുബ്നു അബ്ദുറഹ്മാൻ അസ്സഖാഫ്(റ), അൽഹബീബ് അല്ലാമ അബ്ദുറഹ്മാനുബ്നു ശൈഖ് ഐദീദ്, സയ്യിദുനാ അൽഹബീബ് അൽഅല്ലാമ സഹ്‌ലുബ്നു അഹ്മദ് ബാഹസൻ ബാഅലവി(റ) തുടങ്ങിയവരാണ് അവരിൽ പ്രധാനികൾ. ഉമറുബ്നുഅബ്ദുറഹ്മാൻ അൽഅത്താസ്(റ) വാണ് അദ്ദേഹത്തെ ഏറ്റവും സ്വാധീനിച്ചതും സൂഫീസരണിയിലേക്ക് നയിച്ചതും. അതുപോലെ ആ ജീവിതം സാർത്ഥകമാകുന്നതിൽ വലിയ പങ്കുവഹിച്ചവരായിരുന്നു കൂട്ടുകാരും. അബ്ദുല്ലാഹിബ്നു അഹ്മദ് ബൽഫഖീഹ്(റ), സയ്യിദ് അഹ്മദുബ്നു ഉമർ അൽഹിന്ദുവാൻ(റ), സയ്യിദ് അഹ്മദുബ്നു ഹാശിം(റ), സയ്യിദ് അലിയ്യുബ്നു ഉമറുബ്നു ഹുസൈനുബ്നു ശൈഖ് അലി(റ), സയ്യിദ് അലിയ്യുബ്നു അബ്ദുല്ലാഹിബ്നു അഹ്മദ് അൽഹൈദറൂസ്(റ) എന്നിവർ അടുത്ത കൂട്ടുകാരായിരുന്നു. പിൽക്കാലത്ത് ഇവരെല്ലാം വിലായത്തിന്റെ ഉന്നതമായ സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

അശരണരുടെ അത്താണിയായിരുന്ന മഹാൻ ഒരാളുടെയും ഔദാര്യം ആഗ്രഹിച്ചിരുന്നില്ല. ആവശ്യങ്ങൾ ഉണ്ടാക്കുന്നവനും നിറവേറ്റിത്തരുന്നവനും അല്ലാഹു മാത്രം എന്ന് വിശ്വസിക്കുന്നവർ

പണ്ഡിത കുലപതിയായ ഹദ്ദാദ്(റ) നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. രിസാലത്തുൽ മുദാകറ, ആദാബുസ്സുലൂക്, ഇത്ഹാഫുസ്സാഇൽ, അന്നസാഹിഉദ്ദീനിയ്യ, രിസാലതുൽ മുആവന, സബീലുൽ ഇദ്ദികാർ, അദ്ദഅ്വതുത്താമ്മ, അൽ ഫുസൂലുൽ ഇൽമിയ്യ വൽ ഉസൂലുൽ ഹികമിയ്യ, അന്നഫാഇസുൽ അലവിയ്യ, ഹികം എന്നിവ പ്രധാന ഗ്രന്ഥങ്ങളാണ്. അതുപോലെ ദീവാനും കവിതകളും പ്രശസ്തമാണ്. അദ്ദുറുൽമൻളൂം ലിദവിൽ ഉഖൂലി വൽഫുഹൂം എന്നാണ് മഹാന വർകളുടെ ദീവാനിന്റെ പേര്.



ക്ക് സൃഷ്ടികളുടെ ഔദാര്യത്തിന് വേണ്ടി കൈനീട്ടാനാവില്ലെന്ന് മഹാൻ ദൃഢമായി വിശ്വസിച്ചു. നിരവധിപേർ തങ്ങളുടെ സമ്പത്ത് ഇമാമിന് നൽകാൻ വസിയ്യത്ത് ചെയ്തെങ്കിലും അദ്ദേഹം അതൊന്നും സ്വീകരിക്കാൻ താത്പര്യപ്പെട്ടില്ല. എല്ലാം അവരുടെ അനന്തരാവകാശികൾക്കു തന്നെ വീതിച്ചുനൽകി. മനസ്സിൽ ഒരാളോടും പകയോ അസൂയയോ ഇല്ലാത്ത, പ്രശംസകളെ വെറുത്ത, വിട്ടുവീഴ്ചയുടെ പര്യായമായി ജീവിച്ച മഹാനാണദ്ദേഹം.

പള്ളികൾ നിർമിക്കാൻ വലിയ താല്പര്യം കാണിച്ചിരുന്നു ഹദ്ദാദ്(റ). മസ്ജിദുൽഅവ്വാബീൻ, മസ്ജിദ്അബ്റാർ, മസ്ജിദുൽ ഫത്ഹ്, മസ്ജിദുത്തവ്വാബീൻ എന്നീ പള്ളികൾ തരിമീൽ പണികഴിപ്പിച്ചിട്ടുണ്ട്. സിയൂനിൽ മസ്ജിദ് ബാഅലവി, മസ്ജിദ് അബ്ബാൽ, മസ്ജിദ് അസ്റാർ എന്നിവയും പണികഴിപ്പിച്ചു. അതിനു പുറമെ മറ്റു സ്ഥലങ്ങളിലും ഇമാം പണികഴിപ്പിച്ച പള്ളികളുണ്ട്.

പണ്ഡിത കുലപതിയായ ഹദ്ദാദ്(റ) നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. രിസാലത്തുൽ മുദാകറ, ആദാബുസ്സുലൂക്, ഇത്ഹാഫുസ്സാഇൽ, അന്നസാഹിഉദ്ദീനിയ്യ, രിസാലതുൽ മുആവന, സബീലുൽ ഇദ്ദികാർ, അദ്ദഅ്വതുത്താമ്മ, അൽഫുസൂലുൽ ഇൽമിയ്യ വൽ ഉസൂലുൽ ഹികമിയ്യ, അന്നഫാഇസുൽ അലവിയ്യ, ഹികം എന്നിവ പ്രധാന ഗ്രന്ഥങ്ങളാണ്. അതുപോലെ ദീവാനും കവിതകളും പ്രശസ്തമാണ്. അദ്ദുറുൽമൻളൂം ലിദവിൽ ഉഖൂലി വൽഫുഹൂം എന്നാണ് മഹാനവർകളുടെ ദീവാനിന്റെ പേര്. ഖസ്വീദത്തുറാഇയ്യതുൽ കുബ്റാ, ബാഇയ്യ, താഇയ്യതുൽ കുബ്റാ, ഹംസിയ്യ, ലാമിയ്യ, ഐനിയ്യതുൽ കുബ്റാ, മീമിയ്യത്തുൽ കുബ്റാ, ഖസ്വീദത്തു അലാ യാറസൂലല്ലാഹ്, വസ്വിയ്യതി ലക യാ ദൽഫള്ലി വൽഅദബ്, യാ റബ്ബി യാ ആലിമൽ ഹാൽ, ഇൽസം ബാബ റബ്ബിക, അലൈക ബി തഖ്വല്ലാഹ് തുടങ്ങിയവയാണ് പ്രധാന കവിതകൾ.

അവസാനം രോഗിയായി കിടപ്പിലായിരുന്നു മഹാൻ. ഹിജ്റ 1132 റമദാൻ 25 വരെ ആരാധനകളും ചിട്ടകളും മുടങ്ങാതെ നടന്നിരുന്നു. പിന്നീട് രോഗം വന്ന് വേദനയും പ്രയാസവുമായപ്പോൾ പുറത്തേക്കിറങ്ങൽ നിർത്തി. പിന്നീട് രോഗം മൂർച്ഛിച്ച് പുറത്തിറങ്ങാൻ വയ്യാതായി. രോഗബാധിതനായി 40 ദിവസത്തോളം കിടന്നു. ഹിജ്റ 1132 ദുൽഖഅദ് ഏഴ് ചൊവ്വാഴ്ച്ച മഹാനവർകൾ വിട പറഞ്ഞു. 88 വയസ്സായിരുന്നു പ്രായം. സുബ്ഹി നിസ്കാരത്തിന് നേതൃത്വം നൽകിയ മകൻ സയ്യിദ് അലവി എന്നവർ നിസ്കാരശേഷം, ‘നിങ്ങളുടെ ഹബീബിന്റെ പേരിൽ ഫാത്തിഹ ഓതിക്കോളൂ’ എന്ന് പറഞ്ഞപ്പോഴാണ് എല്ലാവരും മഹാനവർകളുടെ മരണവിവരം അറിയുന്നത്. അതോടെ വൻജനാവലി അങ്ങോട്ടൊഴുകി. തിരക്ക് കാരണം ജനാസ സൂര്യാസ്തമയത്തോടെയാണ് മഖ്ബറയിലേക്കെടുത്തത്.

സ്മരണ

അൽവാരിസ ഇർഫാന തസ്നി

# ബീവി സ്വഫിയ്യ(റ) സ്ഥൈര്യത്തിന്റെ മഹദ്മാതൃക

പ്രവാചകപ്രണയത്തിന്റെ രാജപാതയിലൂടെ സഞ്ചരിച്ച്, എല്ലാം തിരുദൂതർക്കായി ത്യജിച്ച് ജീവിച്ച സ്വഹാബിവനിതയായിരുന്നു നബി(സ)യുടെ പിതൃസഹോദരിയുടെ മകളായ സ്വഫിയ്യ ബീവി(റ). ഹാരിസുബ്നു ഹർബാണ് മഹതിയെ ആദ്യം വിവാഹം കഴിച്ചത്. ആ ബന്ധം വേർപിരിഞ്ഞതിനു ശേഷം അവ്വാം മഹതിയെ വിവാഹം ചെയ്തു. സ്വർഗം കൊണ്ട് സുവിശേഷമറിയിക്കപ്പെട്ട സുബൈറുബ്നു അവ്വാം(റ)വിന്റെ മാതാവാണ് സ്വഫിയ്യബീവി. രഹസ്യപ്രബോധനത്തിനുശേഷം തിരുനബി(സ) ജബൽ അബീഖുബൈസിൽ കയറി നിന്ന് കുടുംബക്കാരോട് പരസ്യപ്രബോധനം നടത്തിയപ്പോൾ സ്വഫിയ്യ ബിൻത് അബ്ദുൽമുത്തലിബ് എന്നും അഭിസംബോധന ചെയ്തിരുന്നു. ആ ഘട്ടത്തിൽ തന്നെ ബീവിയും മകനും ഇസ് ലാം സ്വീകരിച്ചു. ആദ്യകാലത്ത് ഖുറൈശികളിൽ നിന്ന് വിശ്വാസികൾക്ക് ഏറ്റുവാങ്ങേണ്ടി വന്ന എല്ലാ പീഡനങ്ങളും അവർക്കും ഏൽക്കേണ്ടി വന്നിട്ടുണ്ട്. പിന്നീട് നബി(സ)ക്കും അനുചരർക്കും മദീനയിലേക്ക് പലായനം ചെയ്യാൻ അല്ലാഹു അനുമതി നൽകിയപ്പോൾ എല്ലാം ബാക്കിയാക്കി അവരും ഹിജ്റക്ക് തയ്യാറായി.



കുതിരയോട്ടം, അമ്പെയ്ത്ത്, ആയോധനകലകൾ എന്നിവയെല്ലാം പ്രിയപുത്രനെ ആ ഉമ്മ പരിശീലിപ്പിച്ചിരുന്നു. ഉമ്മനൽകിയ പ്രചോദനം കാരണം പരിശുദ്ധ ദീൻ പ്രതിസന്ധി നേരിട്ട സന്ദർഭങ്ങളിലെല്ലാം സുബൈർ(റ) സമരഭൂമിയിൽ സജീവമായി നിലകൊണ്ടു. അദബുകേട് കാണിച്ച മകനെ സ്വഫിയ്യബീവി ശിക്ഷിക്കുന്നതു കണ്ട് ചിലർ ആക്ഷേപിച്ചപ്പോൾ മഹതി മറുപടി നൽകി: ‘എനിക്ക് എന്റെ പ്രിയപുത്രനോട് പകയാണെന്ന് ആരോപിക്കുന്നവർ അറിയണം. ഞാനവനെ ശിക്ഷിക്കുന്നത് അവൻ വിവേകത്തോടെ കാര്യങ്ങൾ മനസ്സിലാക്കാനാണ്. ഇസ്‌ലാമിന്റെ ശത്രുക്കളെ പരാജയപ്പെടുത്താനും വിജയങ്ങൾ ആവർത്തിക്കാനും അതവനെ പ്രാപ്തനാക്കും.’

യുദ്ധങ്ങളിൽ രോഗികളെയും



**ഉമ്മനൽകിയ പ്രചോദനം കാരണം പരിശുദ്ധദീൻ പ്രതിസന്ധി നേരിട്ട സന്ദർഭങ്ങളിലെല്ലാം സുബൈർ(റ) സമരഭൂമിയിൽ സജീവമായി നിലകൊണ്ടു. അദബുകേട് കാണിച്ച മകനെ സ്വഫിയ്യബീവി ശിക്ഷിക്കുന്നതു കണ്ട് ചിലർ ആക്ഷേപിച്ചപ്പോൾ മഹതി മറുപടി നൽകി: 'എനിക്ക് എന്റെ പ്രിയപുത്രനോട് പകയാണെന്ന് ആരോപിക്കുന്നവർ അറിയണം. ഞാനവനെ ശിക്ഷിക്കുന്നത് അവൻ വിവേകത്തോടെ കാര്യങ്ങൾ മനസ്സിലാക്കാനാണ്. ഇസ്‌ലാമിന്റെ ശത്രുക്കളെ പരാജയപ്പെടുത്താനും വിജയങ്ങൾ ആവർത്തിക്കാനും അതവനെ പ്രാപ്തനാക്കും.'**

പരിക്കേറ്റവരെയും ശുശ്രൂഷിക്കാനും കേടുവന്ന ആയുധങ്ങൾ ശരിപ്പെടുത്താനും മഹതി പോയിരുന്നു. യുദ്ധവേളകളിലെ ചില സന്ദിഗ്ധ ഘട്ടങ്ങളിൽ ശത്രുക്കൾക്കെതിരെ നേർക്കുനേർ പോരാടി അവർ തിരുനബി(സ)ക്ക് രക്ഷാകവചമൊരുക്കിയ സന്ദർഭങ്ങൾ ചരിത്രത്തിലുണ്ട്.

## ഉഹദ് യുദ്ധം

ഉഹ്ദ് യുദ്ധവേളയിൽ ഒരു പറ്റം സ്ത്രീകളോടൊപ്പമാണ് സ്വഫിയ ബീവി(റ) പുറപ്പെട്ടത്. അവർ തോൽപാത്രങ്ങളിൽ വെള്ളം ശേഖരിച്ച് യുദ്ധഭൂമിയിലെ പടയാളികളെ കുടിപ്പിക്കുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും കേടുപറ്റിയ ആയുധങ്ങൾ ശരിയാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ഉഹദ്‌യുദ്ധത്തിൽ ശത്രുസൈന്യത്തിന്റെ അവിചാരിതമായ ആക്രമണമുണ്ടായപ്പോൾ ശത്രുക്കൾ തിരുനബി(സ)യെ ലക്ഷ്യമാക്കി ഓടിയടുക്കുന്നത് സ്വഫിയ്യ ബീവി(റ) കാണാനിടയായി. തിരുനബി(സ)യെ വകവരുത്തുക മാത്രമായിരുന്നു ശത്രുക്കളുടെ ലക്ഷ്യം. അവരെ പ്രതിരോധിക്കാൻ ഏതാനും ചില സ്വഹാബികൾ മാത്രമാണ് തിരുനബി(സ)ക്കരികിൽ ഉണ്ടായിരുന്നത്. ആ രംഗം കണ്ട് സ്വഫിയ്യബീവി(റ) സന്ദർഭത്തിനൊത്തുയർന്നു പ്രവർത്തിച്ചു. പരിക്കേറ്റവർക്ക് വെള്ളം കൊടുക്കുന്നതിൽ വ്യാപൃതയായിരുന്ന അവർ ഉടനെ തോൽപ്പാത്രം താഴെയിട്ട്, ഭയന്നോടുന്ന ഒരു യോദ്ധാവിന്റെ കൈവശമുണ്ടായിരുന്ന കുന്തം പിടിച്ചുവാങ്ങി യുദ്ധമുഖത്തേക്ക് കുതിച്ചു.

സ്വഫിയ്യ ബീവി(റ) കുന്തവുമായി ഓടിവരുന്നതു കണ്ടപ്പോൾ തിരുനബി(സ)ക്ക് ഉത്കണ്ഠയായി. അവരുടെ സഹോദരൻ ഹംസ(റ) രക്തസാക്ഷിയായി യുദ്ധഭൂമിയിൽ കിടക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ശരീരം ശത്രുക്കൾ വികൃതമാക്കിയിട്ടുണ്ട്. ആ രംഗം സ്വഫിയ്യബീവി(റ) കാണുന്നത് ഉചിതമായിരിക്കില്ലെന്നു മനസ്സിലാക്കി അവരുടെ മകനായ സുബൈർ(റ)വിനോട് ഉമ്മയെ ശ്രദ്ധിക്കാൻ തിരുനബി(സ) ആവശ്യപ്പെട്ടു. അതു കേട്ട് സുബൈർ(റ) ഉമ്മയോട് പറഞ്ഞു: 'ഉമ്മാ, മാറി നിൽക്കൂ. നിങ്ങൾ മുന്നോട്ടുപോകരുത്. നിങ്ങളോട് മടങ്ങിപ്പോകാനാണ് തിരുനബി(സ) ആവശ്യപ്പെട്ടിരിക്കുന്നത്.' അപ്പോൾ അവർ

പ്രതികരിച്ചു: 'ഞാൻ എന്തിനു പിന്തിരിയണം? എന്റെ സഹോദരന്റെ വയർ കുത്തിപ്പിളർന്നതു കൊണ്ടാണോ? അത് ഞാനറിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് ശുഹദാഇന്റെ നേതൃപദവി ലഭിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ മാർഗത്തിലാണ് അദ്ദേഹം രക്തസാക്ഷിയായിരിക്കുന്നതെന്ന് എനിക്കറിയാം.' സ്വഫിയ്യബീവി(റ)യുടെ സ്ഥൈര്യത്തോടെയുള്ള പ്രതികരണമറിഞ്ഞ തിരുനബി(സ) സുബൈർ(റ)വിനോട് പറഞ്ഞു: 'സുബൈർ, എങ്കിൽ അവരെ തടയേണ്ടതില്ല.' യുദ്ധം അവസാനിച്ചപ്പോൾ സഹോദരനായ ഹംസ(റ)വിന്റെ മൃതശരീരത്തിനടുത്തു ചെന്ന് സ്വഫിയ്യബീവി(റ) ഇങ്ങനെ പാടി: 'ഇതെല്ലാം അല്ലാഹുവിന്റെ മാർഗത്തിലാണ്. ഞാനവന്റെ വിധിയിൽ തൃപ്തിപ്പെടുന്നു. അടക്കാകാനാകാത്ത ഹൃദയവേദന അനുഭവിക്കുന്നുണ്ടെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ക്ഷമയോടെ നിലകൊള്ളും. ഇൻശാ അല്ലാഹ്.'

വാക്കുകൾ കൊണ്ട് അർത്ഥസമ്പുഷ്ടമായ ആശയങ്ങൾ സൃഷ്ടിക്കുന്ന ഒരു കവയിത്രി കൂടിയായിരുന്നു മഹതി. ഒരുപാട് വിലാപകാവ്യങ്ങൾ രചിച്ചിട്ടുണ്ട്. അബ്ദുൽമുത്തലിബ് മകളുടെ കവിതാനൈപുണ്യം കണ്ട് താൻ മരണപ്പെട്ടാൽ തന്നെക്കുറിച്ച് വിലാപകാവ്യം എഴുതാൻ ആവശ്യപ്പെടുകയും അതനുസരിച്ച് അവർ കവിത രചിക്കുകയും ചെയ്തിരുന്നു. ഇമാം ത്വബ്റാനിയുടെ അഅ്ജമുൽ കബീർ, ഇബ്നുഹൈതമിന്റെ മജ്മഉസ്സവാഇദ് എന്നീ ഗ്രന്ഥങ്ങളിലെല്ലാം സഫിയ്യബീവി(റ)യുടെ മർസിയ്യത്തുകൾ (അനുശോചന കാവ്യങ്ങൾ) രേഖപ്പെടുത്തിയിട്ടുണ്ട്.

## ഖൻദഖ് യുദ്ധം

യുദ്ധത്തിനു പുറപ്പെടുമ്പോൾ സ്ത്രീകളെയും കുട്ടികളെയും സുരക്ഷിതമായൊരിടത്ത് പാർപ്പിക്കൽ തിരുനബി(സ)യുടെ പതിവാണ്. ഖൻദഖ് ദിവസം, ഹസ്സാനിന്റെ കോട്ടയിലാണ് നബി(സ) അവരെ പാർപ്പിച്ചത്. ആ കോട്ടക്കകത്തേക്ക് കയറൽ വളരെ ശ്രമകരമായിരുന്നു. മുസ്‌ലിംസൈന്യം ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ സ്ത്രീകളുടെ ഭാഗത്ത് കാവൽക്കാരായി ആരുമില്ലാതെ വന്നു. കോട്ടയിലായിരുന്ന സ്വഫിയ്യബീവി(റ) ചുറ്റുപാടും നിരീക്ഷിച്ച് കൊണ്ടിരിക്കുകയാണ്. പ്രഭാതസമയത്ത് നേർത്ത ഇരുട്ടിലൊരു ആളനക്കം ബീവിയുടെ ശ്രദ്ധയിൽപ്പെട്ടു. ഒരു ജൂതൻ കോട്ട ലക്ഷ്യമാക്കി വരുന്നു. കോട്ടയിൽ സ്ത്രീകൾ മാത്രമാണോ, കാവലിനായി പുരുഷന്മാർ ആരെങ്കിലുമുണ്ടോ എന്ന് ഒളിഞ്ഞും തെളിഞ്ഞും നിരീക്ഷിച്ചുകൊണ്ടാണ് വരവ്.

സ്വഫിയ്യബീവി(റ) ആത്മഗതം ചെയ്തു: 'ബനൂഖുറൈള നബി(സ)യുമായുണ്ടാക്കിയ കരാറിന്റെ ലംഘനമാണിത്. അവർ ശത്രുക്കളായ ഖുറൈശികളെയും സഖ്യകക്ഷികളെയും സഹായിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഇവിടെയാകട്ടെ മുസ്‌ലിം സൈന്യത്തിന്റെ സാന്നിധ്യം ഒട്ടുമില്ലതാനും. സൈന്യം ഖൻദഖ് ഭാഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. അവിടെ ശത്രുക്കളുടെ ആക്രമണം ഏത് സമയത്തും ആരംഭിച്ചേക്കാം.'

സമയം കളയാതെ മഹതി തന്റെ മുഖപടമെടുത്ത് തലപ്പാവു കെട്ടി ഒരു പുരുഷന്റെ വേഷമണിഞ്ഞു. അരപ്പട്ട കെട്ടി, വടിയെടുത്ത് കോട്ടയുടെ വാതിലിനടുത്ത് ചെന്നു പതുക്കെ തുറന്നു. ശത്രുവിന്റെ വരവും കാത്ത് പതിയിരുന്നു. ശത്രു അടുത്തെത്തിയപ്പോൾ ഒറ്റച്ചാട്ടം. സ്വഫിയ്യ ബീവി(റ)യുടെ ഓർക്കാപ്പുറത്തുള്ള പ്രഹരമേറ്റ് ജൂതൻ തളർന്നുവീണു. വൈകാതെ അന്ത്യശ്വാസം വലിച്ചു. അവർ കയ്യിലെ കത്തി കൊണ്ട് ശത്രുവിന്റെ തലയറുത്തെടുത്ത് കോട്ടയുടെ മുകളിലൂടെ എറിഞ്ഞു. താഴ്ഭാഗത്ത് ചാരന്റെ അറിയിപ്പ് പ്രതീക്ഷിച്ച് കാത്തിരുന്ന മറ്റു ജൂതന്മാരുടെ മുന്നിലേക്കാണ് ആ തല ചെന്നു വീണത്. വിഹ്വലരായി അവർ പറഞ്ഞു: 'കോട്ടയ്ക്ക് പുരുഷന്മാരെ കാവൽ നിർത്താതെ മുഹമ്മദ് പോകില്ലെന്നറിയില്ലേ?' ഈ ധീരകൃത്യത്തിലൂടെ ഇസ്‌ലാമിൽ ആദ്യമായി ശത്രുവിനെ കൊലപ്പെടുത്തിയ വനിത എന്ന പട്ടവും ബീവിക്ക് ലഭിച്ചു.

വാക്കുകൾ കൊണ്ട് അർത്ഥസമ്പുഷ്ടമായ ആശയങ്ങൾ സൃഷ്ടിക്കുന്ന ഒരു കവയിത്രി കൂടിയായിരുന്നു മഹതി. ഒരുപാട് വിലാപകാവ്യങ്ങൾ രചിച്ചിട്ടുണ്ട്. അബ്ദുൽമുത്തലിബ് മകളുടെ കവിതാനൈപുണ്യം കണ്ട് താൻ മരണപ്പെട്ടാൽ തന്നെക്കുറിച്ച് വിലാപകാവ്യം എഴുതാൻ ആവശ്യപ്പെടുകയും അതനുസരിച്ച് അവർ കവിത രചിക്കുകയും ചെയ്തിരുന്നു. ഇമാം ത്വബ്റാനിയുടെ അഅ്ജമുൽ കബീർ, ഇബ്നുഹൈതമിന്റെ മജ്മഉസ്സവാഇദ് എന്നീ ഗ്രന്ഥങ്ങളിലെല്ലാം സഫിയ്യബീവി(റ)യുടെ മർസിയ്യത്തുകൾ (അനുശോചന കാവ്യങ്ങൾ) രേഖപ്പെടുത്തിയിട്ടുണ്ട്. തിരുനബി(സ)യുടെ വഫാത്തിനു ശേഷം 'അലാ യാ റസൂലല്ലാഹി കുൻത റജാഅനാ' എന്ന മഹതിയുടെ അനുസ്മരണ കാവ്യം കണ്ണുകളെ ഈറനണിയിക്കുന്നതാണ്. ഹിജ്റ 20 ൽ ഉമർ(റ)വിന്റെ ഭരണകാലത്താണ് മഹതി വഫാതായത്.

# എസ് ജെ എം മുഅല്ലിം സമ്മേളനം: തുടക്കം പ്രൗഢമായി

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന 40 ജില്ലാ സമ്മേളനങ്ങൾക്ക് തുടക്കം കുറിച്ചു കോഴിക്കോട് ജില്ല സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനം പ്രൗഢവും ആവേശോജ്ജ്വലവുമായി. ശുഭ്രവസ്ത്രധാരികളായ രണ്ടായിരത്തിലധികം മുഅല്ലിംകളാൽ നിറഞ്ഞു കവിഞ്ഞ നോളജ് സിറ്റിയിലെ സമ്മേളനഹാളും നേതാക്കളുടെ സാന്നിധ്യം കൊണ്ട് സമ്പുഷ്ടമായ വേദിയും ശ്രദ്ധേയവും ആകർഷകവുമായി.

പാരമ്പര്യ ഖുർആൻ പാരായണരീതി ഭാവിതലമുറക്ക് പകർന്നു നൽകുന്നതിൽ മുഅല്ലിംകൾ ജാഗ്രത പാലിക്കണമെന്ന് ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പ്രസ്താവിച്ചു. വിശ്വാസസംരക്ഷണം വളരെ പ്രധാനമാണെന്നും ശരീഅത്ത് വിട്ടുള്ള ത്വരീഖതുകൾ പിഴച്ചതാണെന്നും വ്യാജന്മാരുടെ പ്രചാരണങ്ങളിൽ വഞ്ചിതരാവരുതെന്നും കാന്തപുരം ഓർമപ്പെടുത്തി. ആധുനിക സൗകര്യങ്ങളോടെ ഖുർആൻ പാരായണ പരിശീലനത്തിനാവശ്യമായ സംവിധാനങ്ങൾ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ മുഖേന നടന്നുവരുന്നുണ്ടെന്ന് ഉസ്താദ് പറഞ്ഞു.

## വിദ്വേഷ ജല്പനങ്ങൾ തള്ളിക്കളയണം

കോഴിക്കോട്: നാടിന്റെ സമാധാനന്തരീക്ഷം തകർക്കുന്നതും മതവിദ്വേഷവും വർഗീയ ധ്രുവീകരണവും സൃഷ്ടിക്കുന്നതുമായ, ചില വ്യക്തികൾ നടത്തുന്ന ബോധപൂർവ്വമുള്ള പ്രസ്താവനകൾ മതേതര കേരളം അവജ്ഞയോടെ തള്ളിക്കളയണമെന്നും ഇത്തരം പ്രസ്താവനകൾക്കെതിരെ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നിയമനടപടികൾ സ്വീകരിക്കണമെന്നും സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

എസ് ജെ എം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. സുന്നി വിദ്യാഭ്യാസ ബോർഡിന്റെയും ജംഇയ്യത്തുൽ മുഅല്ലിമീന്റെയും ആവിർഭാവം മുതൽ സേവന നേതൃനിരയിലുള്ള കെ.കെ അഹമദ് കുട്ടി മുസ്‌ലിയാർ, അബൂഹനീഫൽ ഫൈസി, വി പി എം വില്യാപ്പള്ളി, പ്രൊഫ. എ കെ അബ്ദുൽഹമീദ് എന്നിവരെയും സ്ഥാപിത കാലം മുതൽ തുടർച്ചയായി അധ്യാപന സേവനത്തിലുള്ള 100 മുഅല്ലിംകളെയും സമ്മേളനത്തിൽ ആദരിച്ചു.

സമസ്ത സെന്റിനറിയുടെ ഭാഗമായി എസ് ജെ എം മുഅല്ലിംകൾക്ക് നിർമ്മിച്ചു നൽകുന്ന 100 വീടുകളിൽ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പത്ത് ഭവനങ്ങൾക്കുള്ള താക്കോൽദാനവും രണ്ടാംഘട്ടത്തിന്റെ ഫോം വിതരോണാദ്ഘാടനവും നിത്യരോഗികളായ മുഅല്ലിംകൾക്കുള്ള ആശ്വാസം പദ്ധതിയുടെ ഉദ്ഘാടനവും സുൽത്താനുൽ ഉലമയും സയ്യിദ് അലി ബാഫഖി തങ്ങളും ചേർന്ന് നിർവഹിച്ചു.

സമസ്തയുടെ ആദർശം സി മുഹമ്മദ് ഫൈസിയും സമസ്ത സാധ്യമാക്കിയ വിദ്യാഭ്യാസ വിപ്ലവം റഹ്മത്തുല്ല സഖാഫിയും അവതരിപ്പിച്ചു. അധ്യാപനം സേവനമാണ് എന്ന ശീർഷകത്തിൽ സുലൈമാൻ സഖാഫി കുഞ്ഞുകുളം പ്രബന്ധാവതരണം നടത്തി. സി പി സൈതലവി ചെങ്ങര, മജീദ് കക്കാട്, ഡോ. അബ്ദുൽഅസീസ് ഫൈസി, ഡോ. അബ്ദുസ്സബൂർ ബാഹസൻ, ഡോ. എ പി അബ്ദുൽഹകീം അസ്ഹരി, ഇ യഅ്ഖൂബ് ഫൈസി, ഹസൈനാർ നദ്‌വി, മുഹമ്മദലി സഖാഫി വള്ളിയാട്, കെ ഉമർ മദനി, മുനീർ സഅദി പൂലോട് പ്രസംഗിച്ചു. സ്വാഗത സംഘം ചെയർമാൻ ലുഖ്മാൻ ഹാജി പതാക ഉയർത്തി.

# എസ് ജെ എം സെൻട്രൽ കൗൺസിൽ ഒക്ടോബർ ഏഴിന്

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റിയുടെ വാർഷിക കൗൺസിൽ ഒക്ടോബർ ഏഴിന് വിളിച്ചു ചേർക്കാൻ സെൻട്രൽ കമ്മിറ്റി തീരുമാനിച്ചു. സമസ്തസെന്ററിൽ നടന്ന യോഗം മേഖല പുനസംഘടനകൾ അവലോകനം ചെയ്തു. സെപ്റ്റംബർ 15 നകം ജില്ലാ പുനസംഘടനകൾ പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. ആഗസ്റ്റ് 27ന് കർണാടക സ്റ്റേറ്റ് കൗൺസിലും പുനസംഘടനയും നടക്കും.

വിവിധ ജില്ലാ സമ്മേളനങ്ങൾ താഴെ പറയുന്ന ക്രമത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. തൃശ്ശൂർ ആഗസ്റ്റ് 5, മലപ്പുറം വെസ്റ്റ് 9, എറണാകുളം 11, മലപ്പുറം ഈസ്റ്റ്, പാലക്കാട് സെപ്റ്റംബർ 16, തെക്കൻ കേരള 24, നീലഗിരി 25, കണ്ണൂർ 30, വയനാട് ഒക്ടോബർ 2, കാസർഗോഡ് 20. കർണാടക സംസ്ഥാന ഉദ്ഘാടനം സെപ്റ്റംബർ 29ന് മംഗലാപുരത്തും തമിഴ്നാട് സംസ്ഥാന ഉദ്ഘാടനം ഒക്ടോബർ 22ന് ഊട്ടിയിലും നടക്കും.

യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ട്രഷറർ വിപിഎം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. സെക്രട്ടറി സുലൈമാൻ സഖാഫി കുഞ്ഞുകുളം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, കെ പി എച്ച് തങ്ങൾ, സി എം യൂസുഫ് സഖാഫി, കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ ചെറൂപ്പ പ്രസംഗിച്ചു.

ഡോ. അബ്ദുൽ നാസർ ഹിശാമി തമിഴ്നാട്, മൗലാന മുഹമ്മദ് വസീം ഗോവ, അബ്ദുറഹ്മാൻ മദനി ജപ്പു കർണാടക, സി കെ എം പാടന്തറ നീലഗിരി, ടി പി എം കുട്ടി മൗലവി പാലക്കാട്, അശ്റഫ് സഖാഫി എറണാകുളം, മുഹമ്മദലി മുസ്‌ലിയാർ മലപ്പുറം വെസ്റ്റ്, കുഞ്ഞീതു മുസ്‌ലിയാർ മലപ്പുറം ഈസ്റ്റ്, സ്വാബിർ സൈനി തിരുവനന്തപുരം, ശാഫി ലത്വീഫി കണ്ണൂർ, നുജൂമുദ്ധീൻ അമാനി കൊല്ലം തുടങ്ങിയവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. വിവിധ ജില്ലാ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

# എസ് ജെ എം സാരഥികളെ ആദരിച്ചു

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് സയ്യിദ് അലി ബാഫഖിയെ ഐസിഎഫ് അവാർഡ് നൽകി ആദരിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിഫലകവുമടങ്ങുന്ന അവാർഡ് കാലിക്കറ്റ്ടവറിൽ നടന്ന ഇന്റർനാഷണൽ മുഅല്ലിം കോൺഫറൻസിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി തങ്ങൾക്ക് സമ്മാനിച്ചു.

മദ്റസാവിദ്യാഭ്യാസ പ്രവർത്തനരംഗത്തെ നിസ്തുല സേവനങ്ങൾക്ക് ട്രഷറർ വി പി എം വില്യാപ്പള്ളി, സെക്രട്ടറി അബൂഹനീഫൽ ഫൈസി, വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ കെ അബ്ദുൽഹമീദ് എന്നിവരയും പ്രശസ്തിഫലകവും ക്യാഷ് അവാർഡും നൽകി ആദരിച്ചു. മുഅല്ലിം കോൺഫറൻസിൽ സയ്യിദ് അബ്ദുറഹ്മാൻ (സഊദി) അധ്യക്ഷത വഹിച്ചു.

**മനുഷ്യനെ മനുഷ്യനായി കാണണം**

മനുഷ്യനെ മനുഷ്യനായി കാണുക എന്നത് ഇസ്‌ലാമിന്റെ വീക്ഷണമാണെന്ന് കോൺഫറൻസിന്റെ സമാപനസംഗമം ഉദ്ഘാടനം ചെയ്തു കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ പ്രസ്താവിച്ചു. ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നവനാണ് നല്ല മനുഷ്യനെന്ന ഖുർആനിക അധ്യാപനം ശ്രദ്ധേയമാണ്. മദ്റസ പ്രസ്ഥാനം രാജ്യത്ത് പടർന്നു പന്തലിക്കുന്നത് ശുഭോദർക്കമാണ്. പഞ്ചാബടക്കമുള്ള സംസ്ഥാനങ്ങളിൽ ധാരാളം മദ്റസകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കാന്തപുരം പറഞ്ഞു. പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സിപി സൈതലവി, റഹ്മത്തുല്ല സഖാഫി, മജീദ് കക്കാട്, പി എസ് കെ മൊയ്തു ബാഖവി, ഡോ. ശരീഫ്, അബ്ദു മാനിപുരം, മമ്പാട് അസീസ് സഖാഫി, നിസാർ സഖാഫി വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

# മർകസ് മീലാദ് കോൺഫറൻസ് സെപ്റ്റംബർ 13ന്

കോഴിക്കോട്: മർകസ് വാർഷിക മീലാദ് കോൺഫറൻസ് സെപ്റ്റംബർ 13ന് കോഴിക്കോട് സംഘടിപ്പിക്കുവാൻ മർകസ് കമ്മിറ്റി തീരുമാനിച്ചു. തദ്സബന്ധമായ പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്നവർ ഭാരവാഹികളായി സ്വാഗതസംഘം രൂപീകരിച്ചു.

സി മുഹമ്മദ് ഫൈസി (ചെയ:), സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി (വർ: ചെയ:), സയ്യിദ് ശിഹാബുദ്ദീൻ മുത്തന്നൂർ (ജന. കൺ:), ആശിഖ് സഖാഫി കുണ്ടൂർ (ട്രഷറർ) സയ്യിദ് സ്വാലിഹ് ജിഫ്രി, കെ വി തങ്ങൾ ഫറൂഖ്, ദേവർശോല അബ്ദുസ്സലാം മുസ്‌ലിയാർ, സി പി ഉബൈദുല്ല സഖാഫി, പറവൂർ കുഞ്ഞുമുഹമ്മദ് സഖാഫി, അലവി സഖാഫി കായലം (വൈ. ചെയ:) മജീദ് കക്കാട്, ലുഖ്മാൻ ഹാജി, സിദ്ദീഖ് ഹാജി കോവൂർ, മുഹമ്മദലി സഖാഫി വള്ളിയാട്, കബീർ മാസ്റ്റർ, ശബീറലി ഇല്ലിക്കൽ, സാബിത് സഖാഫി, നാസ്വിർ സഖാഫി അമ്പലക്കണ്ടി (കൺ:)

14 അംഗ ഉപദേശക സമിതിയും വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചു. ഇതിന്നായി ചേർന്ന കൺവെൻഷനിൽ സുൽത്താനുൽ ഉലമ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, അഡ്വ. തൻവീർ, ഹകീം നഹ, എ പി അബ്ദുൽ ഹകീം പ്രസംഗിച്ചു. സയ്യിദ് ത്വാഹ സഖാഫി, ശറഫുദ്ദീൻ ജമലുല്ലൈലി, പി ഹസൻ മുസ്‌ലിയാർ, പ്രൊഫ. എ കെ അബ്ദുൽഹമീദ്, വി പി എം വില്യാപ്പള്ളി, പേരോട് അബ്ദുറഹ്മാൻ സഖാഫി, പട്ടുവം കെ പി അബൂബക്കർ മുസ്‌ലിയാർ, റഹ്മത്തുല്ല സഖാഫി, എ ത്വാഹ മുസ്‌ലിയാർ തുടങ്ങിയവർ സംബന്ധിച്ചു.

# 10 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസബോർഡ് പുതുതായി 10 മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. കോഴിക്കോട്, തൃശൂർ, പാലക്കാട്, കാസർഗോഡ്, കർണാടക, തമിഴ്നാട്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നുള്ള മദ്റസകളാണ് അംഗീകാരം നേടിയത്. എസ് ജെ എം റെയ്ഞ്ചുകളിൽ നടത്തുന്ന 60 മണിക്കൂർ നീളുന്ന സമ്പൂർണ്ണ ഹിസ്ബ് ട്രൈനിംഗ് കോഴ്സിന് യോഗം അംഗീകാരം നൽകി. സമസ്ത സെന്ററിൽ ചേർന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗം കൊമ്പം മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. കെ കെ അഹ്മദ്കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. സി പി സൈതലവി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. എ കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ എം എ റഹീം നന്ദിയും പറഞ്ഞു.

സയ്യിദ് ത്വാഹ സഖാഫി, സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, വി പി എം വില്യാപ്പള്ളി, പേരോട് അബ്ദുറഹ്മാൻ സഖാഫി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, എൻ അലി അബ്ദുല്ല, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, ബി എസ് കെ മൊയ്തു ബാഖവി, ഡോ. അബ്ദുൽഅസീസ് ഫൈസി, ബി എസ് അബ്ദുല്ല കുഞ്ഞി ഫൈസി, സൈഫുദ്ദീൻ ഹാജി, പി അലവി സഖാഫി, ഡോ. പി എ മുഹമ്മദ് കുഞ്ഞ് സഖാഫി, കെ കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, മുസ്തഫ കോഡൂർ, പി സി ഇബ്റാഹീം, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി. പ്രൊഫ. യു സി അബ്ദുൽമജീദ്, അബ്ദുറഹ്മാൻ മദനി ജപ്പു, വി എച്ച് അലി ദാരിമി, കെ കെ എം കാമിൽ സഖാഫി, ഡോ. ഹാജി അബ്ദുന്നാസ്വിർ മുസ്‌ലിയാർ, അഹ്മദ്കുട്ടി മുസ്‌ലിയാർ, ശാദുലി ഫൈസി, ഉമർ മദനി, മുഹമ്മദലി ഫൈസി സംബന്ധിച്ചു.

# പണ്ഡിതരും വിദ്യാർത്ഥികളും ബദ്ധശ്രദ്ധരാവണം

കോഴിക്കോട്: ബിദഇകളോടുള്ള സമീപനം സംബന്ധമായ മതവിധികളും പൂർവ്വസൂരികളുടെ നിലപാടുകളും യഥാവിധി മനസ്സിലാക്കി ദഅ്‌വാ രംഗത്ത് തദനുസൃതമുള്ള ബോധവൽക്കരണം നടത്തുവാൻ മത പണ്ഡിതരും വിദ്യാർത്ഥികളും ബദ്ധശ്രദ്ധരാവണമെന്ന് സമസ്ത കേന്ദ്ര മുശാവറ അംഗവും ജില്ലാ ജനറൽ സെക്രട്ടറിയുമായ വി പി എം വില്യാപ്പള്ളി. മർകസ് ശരീഅ വിദ്യാർത്ഥി സംഗമത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി പഠന ക്ലാസിന് നേതൃത്വം നൽകി. അബ്ദുൽ ഗഫൂർ അസ്ഹരി, അബ്ദുൽസത്താർ കാമിൽ സഖാഫി, സയ്യിദ് ജസീൽ കാമിൽ സഖാഫി, സൈനുദ്ദീൻ അഹ്സനി, വാവൂർ അബ്ദുൽകരീം ഫൈസി, വാണിയമ്പലം അബ്ദുറഹ്മാൻ സഖാഫി, സുഹൈൽ സഖാഫി സംബന്ധിച്ചു. ഇഹ്യാഉസ്സുന്ന സെക്രട്ടറി ഹാഫിള് മിസ്അബ് സ്വാഗതം പറഞ്ഞു.

# പ്രാർത്ഥനകളുടെ കണ്ണീർകണങ്ങൾ

തീരം
റൈഹാൻ



പ്രതീക്ഷയുടെ ആകാശത്തിപ്പോൾ
നിറയെ നിരാശയുടെ മുകിലുകൾ!
കുഴിഞ്ഞൊട്ടിയ ഉദരങ്ങളിൽ
പട്ടിണിയുടെ നോവ്!

ചിരിക്കുന്ന മുഖങ്ങളെങ്ങും
കാണാനേയില്ലിപ്പോൾ!
തൊണ്ട നനയ്ക്കാൻ
ശുദ്ധജലം പോലുമില്ലാതെ,
ഉദരം നിവരാനൊരുപിടിയന്നമില്ലാതെ,
കരയാൻ കണ്ണീരില്ലാതെ
ശരീരമാകെ വരണ്ടിരിക്കുന്നു.
ബാല്യത്തിന്റെ ചുവപ്പുമാറാത്ത
തിളക്കമുള്ള തൊലികളിപ്പോൾ
ചുളിഞ്ഞു മരവിച്ചിരിക്കുന്നു.
വാരിയല്ലുകളും ഞരമ്പുകളും
വില്ലുകൾ പോൽ വളഞ്ഞ്
തുറിച്ചു നിൽക്കുന്നു.

നാളുകളോരോന്നു കഴിയുമ്പോൾ
വയറ്റിൽ കെട്ടിയ കല്ലുകളുടെ
വലിപ്പവും എണ്ണവും കൂടുന്നു.
ഗസ്സയുടെ ഉള്ളിലെരിയുന്ന തീയിന്
കനൽച്ചൂടേറുന്നു.

ആകാശം തൊട്ടുപറന്ന
വർണ്ണപ്പട്ടങ്ങൾക്കു പിന്നാലെ
നിർത്താതെയോടിയ കാലുകൾ
തളർന്നെല്ലിച്ചുപോയിരിക്കുന്നു!

ഞങ്ങളുടെ പശിയകറ്റാൻ
ഭക്ഷണങ്ങൾ അയച്ചില്ലെങ്കിലും
കുഞ്ഞുദരദാഹം ശമിപ്പിക്കാൻ
ശുദ്ധജലമെത്തിച്ചില്ലെങ്കിലും
നിങ്ങളുടെ പ്രാർത്ഥനകളിലെപ്പോഴും
ഞങ്ങളുണ്ടാകുമല്ലോ...!
അനേക ദൂരമകലങ്ങളുടെ,
നിസ്സഹായതയുടെ ആഴങ്ങളിൽ നിന്ന്
നിങ്ങൾ ഞങ്ങളെ ഓർക്കുന്നുണ്ടല്ലോ.

ആത്മാർത്ഥതയുടെ മധുരമുള്ള
കണ്ണീർ കണങ്ങൾക്ക്
വിസ്മയകരമായ ശക്തിയുണ്ട്,
തിരമാലകൾ ഭേദിക്കുന്ന കരുത്തുണ്ട്,
വൻമലകൾ പിളർത്തുന്ന
മഹാപ്രവാഹങ്ങളുടെ ബലമുണ്ട്.

പരീക്ഷണങ്ങളുടെ തീച്ചൂളയിൽ നിന്ന്
അനശ്വര വിജയത്തിന്റെ
വിശാല വിഹായസ്സിലേക്ക്
വിമോചനത്തിന്റെ ചിറകുകൾ വീശി
ഞങ്ങൾ പറന്നുയരും,
പടച്ചവന്റെ കടാക്ഷമുണ്ടെങ്കിൽ!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally